# യുഗാന്ത്യ സന്ദേശം

KERMAL / 2007 / 21096

PUBLISHED FROM THIRUVALLA ON 05 - 11 - 2016

വാല്യം – 12 ലക്കം: 11 നവംബർ 2016 Price Rs. 10/- Annual Subscription RS. 100/-


# കർണാടക സ്റ്റേറ്റ് കൺവൻഷൻ സമാപിച്ചു




ചർച്ച് ഓഫ് ഗോഡ് കർണ്ണാടകാ സ്റ്റേറ്റ് കൺവൻഷൻ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം.കുഞ്ഞപ്പി ഉദ്ഘാടനം ചെയ്യുന്നു



പാസ്റ്റർ തോമസ് പോൾ



പാസ്റ്റർ ഇ.ജെ. ജോൺസൺ



പാസ്റ്റർ ജയ്മോൻ കെ. ബാബു



പാസ്റ്റർ ജോസഫ് ജോൺ

**ബാംഗ്ലൂർ:** ചർച്ച് ഓഫ് ഗോഡ് കർണാടക സ്റ്റേറ്റ് കൺവൻഷന് അനുഗ്രഹ സമാപ്തി. സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ എം.കുഞ്ഞപ്പി ഉദ്ഘാടനം ചെയ്ത കൺവൻഷനിൽ ഫീൽഡ് ഡയറക്ടർ ആൻഡ്രു ബിൻഡ, കേരളാ സ്റ്റേറ്റ് ഓവർസീയർ സി.സി. തോമസ്, പാസ്റ്റർമാരായ ബാബു ചെറിയാൻ, പി.ആർ. ബേബി, സണ്ണി താഴാംപള്ളം, കുര്യൻ ജോർജ്, സിബി തോമസ്, ഡോ. ഷിബു ശാമുവേൽ, ഡോ. ഷിബു കെ. മാത്യു, ഡോ. ജോളി താഴാംപള്ളം എന്നിവർ വിവിധ സെക്ഷനുകളിൽ ദൈവവചനം ശുശ്രൂഷിച്ചു. ഇവാഞ്ചലിസം ഡയറക്ടർ പാസ്റ്റർ ഇ.ജെ. ജോൺസൺ ഉദ്ഘാടന സമ്മേളനത്തിന് അധ്യക്ഷത വഹിച്ചു. സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ തോമസ് പോൾ സ്വാഗതം ആശംസിച്ചു.

ബ്രദർ സോണി സി.ജോർജിന്റെ നേതൃത്വത്തിൽ ചർച്ച് ഓഫ് ഗോഡ് ക്വയറും, പാസ്റ്റർ വിജീഷ് കുമാറിന്റെ നേതൃത്വത്തിൽ കന്നട ക്വയറും പാസ്റ്റർ ഭക്തവത്സലനും ഗാനശുശ്രൂഷകൾക്ക് നേതൃത്വം കൊടുത്തു. പകൽ പുത്രികാ സംഘടനകളുടെ സമ്മേളനങ്ങൾ നടന്നു. സഹോദരി സമ്മേളനത്തിൽ സിസ്റ്റർ അന്നമ്മ കുഞ്ഞപ്പിയും സിസ്റ്റർ രഞ്ചി ജോൺസനും നേതൃത്വം കൊടുത്തു. വൈ. പി. ഇ., സൺഡേസ്കൂൾ സമ്മേളനങ്ങൾക്ക് പാസ്റ്റർമാരായ ജോസഫ് ജോണും ജയ്മോൻ കെ. ബാബുവും നേതൃത്വം കൊടുത്തു. കൺവൻഷന്റെ പ്രാരംഭ ദിവസം നടന്ന സ്റ്റേറ്റ് കൗൺസിൽ തെരഞ്ഞെടുപ്പിൽ പാസ്റ്റർമാരായ ഇ.ജെ. ജോൺസൺ, ജയ്മോൻ കെ. ബാബു, ജോസഫ് ജോൺ എന്നിവർ കൗൺസിൽ അംഗങ്ങളായി തെരഞ്ഞെടുക്കപ്പെട്ടു. "ഞാൻ എന്റെ സഭയെ പണിയും എന്നതായിരുന്നു കൺവൻഷൻ തീം. കൺവൻഷന്റെ ആദിയോടന്തം ആത്മീയ ചൈതന്യം ദൃശ്യമായിരുന്നു. കർണാടകയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി ധാരാളം ദൈവമക്കൾ കടന്ന് വന്ന് അനുഗ്രഹം പ്രാപിച്ചു. സ്റ്റേറ്റ് ഓവർസിയറായി തെരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ എം.കുഞ്ഞപ്പിക്ക് നിയമനകത്ത് നൽകി ഓവർസിയറായി നിയമിച്ചതായി ഫീൽഡ് ഡയറക്ടർ ആൻഡ്രൂ ബിൻഡാ പരസ്യപ്പെടുത്തി പ്രാർത്ഥിച്ച് ചുമതല ഏൽപ്പിച്ചു. പാസ്റ്റർ തോമസ് പോൾ സ്റ്റേറ്റ് സെക്രട്ടറിയായി പ്രവർത്തിക്കുമെന്ന് ഓവർസീയർ പാസ്റ്റർ എം.കുഞ്ഞപ്പി അറിയിച്ചു.

പാസ്റ്റർമാരായ ശാമുവേൽ ഡേവിഡ്, വിജീഷ് കുമാർ, ഭക്തവത്സലൻ, വിനു ജി. ബിനു ചെറിയാൻ, റോജി ഈശോ, ജയിംസ് ശാമുവേൽ, വിൽസൺ ചാക്കോ, ജാൻസ് പി. തോമസ്, പി.വി. കുര്യാക്കോസ്, വർഗീസ് കെ. തോമസ്, ബ്രദർ ബിനോയ് വർഗീസ് എന്നിവർ ജനറൽ കൗൺസിൽ അംഗങ്ങളായി പ്രവർത്തിക്കും.

ഓഫീസ് സെക്രട്ടറി ജോൺ പി. നൈനാൻ കൃതജ്ഞത അറിയിച്ചു.

## ഐ.പി.സി. കൺവൻഷൻ ഒരുക്കങ്ങളാരംഭിച്ചു



പാസ്റ്റർ ജേക്കബ് ജോൺ



പാസ്റ്റർ കെ.സി. ജോൺ



ബ്രദർ സജി പോൾ

**കുമ്പനാട്:** ഇന്ത്യയിലെ പ്രമുഖ പെന്തെക്കോസ്ത് സമ്മേളനവും ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ അന്തർദേശീയ കൺവൻഷനുമായ കുമ്പനാട് കൺവൻഷന് ഒരുക്കങ്ങളാരംഭിച്ചു. 2017 ജനുവരി 17-22 വരെ സഭാ ആസ്ഥാനത്ത് നടക്കുന്നത് 93-ാമത് കൺവൻഷനാണ്.

ജനുവരി 15-ന് നടക്കുന്ന പ്രഥമ സമ്മേളനത്തിൽ സഭാ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ ഉദ്ഘാടനം നിർവ്വഹിക്കും. സഭാ ജനറൽ സെക്രട്ടറി റവ.കെ.സി. ജോൺ മുഖ്യപ്രഭാഷണം നടത്തും. ലോകമെങ്ങുമായി വ്യാപിച്ചു കിടക്കുന്ന ഐ.പി.സി.പ്രസ്ഥാനത്തിലെ പ്രഗത്ഭ പ്രസംഗകരും ശുശ്രൂഷകരും ഈ ദിവസങ്ങളിൽ ദൈവവചന ശുശ്രൂഷ നിർവ്വഹിക്കും.

കൺവൻഷന് മുന്നോടിയായി കഴിഞ്ഞ മൂന്നു വർഷങ്ങളായി നടന്നു വരുന്നതുപോലെ ഒരാഴ്ച നീണ്ടുനിൽക്കുന്ന ഉപവാസയോഗങ്ങൾ ഈ വർഷവും ഉണ്ടാകുമെന്ന് പ്രസിഡന്റ് അറിയിച്ചു.

1925-ൽ റാന്നിയിൽ ചെറിയനിലയിൽ ആരംഭിച്ച കൺവൻഷൻ പിൽക്കാലത്ത് കുമ്പനാട്ടേക്ക് മാറ്റുകയായിരുന്നു. ലോകമെങ്ങുമുള്ള പെന്തെക്കോസ്ത് വിശ്വാസികൾ സഭാ വിഭാഗ വ്യത്യാസമില്ലാതെ പങ്കെടുക്കുന്ന ആത്മീയ സംഗമ വേദിയായി ഇത് മാറിക്കഴിഞ്ഞു.

കൺവൻഷന്റെ വിപുലമായ ക്രമീകരണങ്ങൾക്ക് നേതൃത്വം വഹിക്കുന്നതിന് വിവിധ കമ്മറ്റികൾ രൂപീകരിക്കപ്പെട്ടു. കുമ്പനാട്ടു നടന്ന ജനറൽ കൗൺസിലാണ് സബ് കമ്മറ്റികളെ തിരഞ്ഞെടുത്തത്. വിവിധ കമ്മറ്റികൾക്ക് നേതൃത്വം വഹിക്കുന്നവർ ചെയർമാൻ കൺവീനർ ക്രമത്തിൽ:

പ്രെയർ: കെ.കെ.ജോർജ്ജ്, വർഗീസ് മാത്യു, റിസപ്ഷൻ: വി.ജി.തോമസുകുട്ടി, സണ്ണി അലക്സാണ്ടർ അക്കോമഡേഷൻ: ജോൺ പി.ചെല്ലപ്പൻ, റെജി ജോസഫ്, വിജിലൻസ്: എബി പെരുംപെട്ടി,

(ശേഷം പേജ് 8)

## ചർച്ച് ഓഫ് ഗോഡ് സ്റ്റേറ്റ് കൺവൻഷൻ ഒരുക്കങ്ങൾ ആരംഭിച്ചു



പാസ്റ്റർ സി.സി. തോമസ്



പാസ്റ്റർ പി.ജി. മാത്യൂസ്



പാസ്റ്റർ ജെ. ജോസഫ്

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് 94-ാമത് ജനറൽ കൺവൻഷൻ 2016 ജനുവരി 23 മുതൽ 29 വരെ തിരുവല്ലയിലുള്ള ചർച്ച് ഓഫ് ഗോഡ് സ്റ്റേഡിയത്തിൽ വച്ച് നടക്കും. കൺവൻഷന്റെ വിജയകരമായ നടത്തിപ്പിനായി സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ സിസി തോമസ് ജനറൽ കൺവീനറായി വിവിധ കമ്മറ്റികൾ പ്രവർത്തനം ആരംഭിച്ചു. അസിസ്റ്റന്റ് ഓവർസിയർ പാസ്റ്റർ പി.ജി.മാത്യൂസും, കൗൺസിൽ സെക്രട്ടറി പാസ്റ്റർ ജെ.ജോസഫും ജോയിന്റ് ജനറൽ കൺവീനർമാരായി പ്രവർത്തിക്കും. ഒക്ടോബർ 25-ാം തീയതി സഭാ ആസ്ഥാനമായ മുളക്കുഴയിൽ കൂടിയ കൺവൻഷൻ ആലോചനാ യോഗത്തിൽ ദൈവസഭയിലെ എല്ലാ ശുശ്രൂഷകന്മാരുടെയും വിശ്വാസികളുടെയും പൂർണ്ണ പിന്തുണ കൺവൻഷന്റെ വിജയകരമായ നടത്തിപ്പിലേക്ക് സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ സി.സി.തോമസ് ആഹ്വാനം ചെയ്തു. 200 ൽ അധികം രാജ്യങ്ങളിൽ പ്രവർത്തന ശൃംഖലയുള്ള ചർച്ച് ഓഫ് ഗോഡ് പ്രസ്ഥാനത്തിന്റെ കേരളാ ഘടകത്തിന്റെ ജനറൽ കൺവൻഷനാണ് തിരുവല്ലയിൽ നടക്കുന്നത്. സ്വദേശത്തു നിന്നും വിദേശരാജ്യങ്ങളിൽ നിന്നും ധാരാളം ദൈവമക്കളും ശുശ്രൂഷകന്മാരും ഈ പ്രാവിശ്യത്തെ കൺവൻഷനിൽ സംബന്ധിക്കുന്നുണ്ട്.

(ശേഷം പേജ് 10)

## ശാരോൻ ജനറൽ കൺവൻഷൻ നവംബർ 28 മുതൽ



ഡോ. റ്റി.ജി. കോശി



റവ. ജോൺ തോമസ്



പാസ്റ്റർ റ്റി.പി. ഏബ്രഹാം

**തിരുവല്ല:** ശാരോൻ ഫെലോഷിപ്പ് സഭകളുടെ ഈ വർഷത്തെ ജനറൽ കൺവൻഷൻ നവംബർ 28 മുതൽ ഡിസംബർ 4 ഞായർ വരെ തിരുവല്ല ശാരോൻ കൺവൻഷൻ ഗ്രൗണ്ടിൽ വെച്ചു നടക്കും. സഭാപ്രസിഡന്റ് റവ. ജോൺ തോമസ് ഉദ്ഘാടനം ചെയ്യും. റവ. ജേക്കബ് തോമസ്, റവ. ഫിന്നി ഏബ്രഹാം എന്നിവരും മറ്റു സുപ്രസിദ്ധ സുവിശേഷ പ്രഭാഷകരും വിവിധ യോഗങ്ങളിൽ ദൈവവചന സന്ദേശം നൽകും.

ബൈബിൾ സ്റ്റഡി, പാസ്റ്റേഴ്സ് കോൺഫറൻസ്, സിങ്ങ്& പ്രെയ്സ്, സി.ഇ.എം. സൺഡേസ്കൂൾ സംയുക്ത സമ്മേളനം, വനിതാ സമ്മേളം, മിഷൻ സമ്മേളനം, ധ്യാനയോഗങ്ങൾ, സംയുക്ത സഭായോഗം തുടങ്ങിയുള്ള മീറ്റിംഗു

(ശേഷം പേജ് 11)

YUGANTHYA SANDHESHAM

**Patron**
Rev. Shaji K. Daniel
**Chief Editor**
Rev. Shibu K. Mathew B.D. M.Th.
**Managing Editor**
Rev. J. Joseph
**Manager**
Pr. Shaiju Thomas
**Editorial Director**
John P. Ninan
**Circulation Manager**
Jacob Itty
**Sub Editor**
Rev. Joby Varghese B.D.
Rev. Biju B. Joseph B.D.
Rev. Shaji Idukki
Rev. Lovegi Mathews Elias B.D.
**Overseas Editors**
Rev. John Thomas, Houston
Rev. Joe Kurian, England
Rev. Nibu Vellavanthanam,
Rev. Joy Abraham U.A.E
**Advisory Board**
Rev. T. V. George
Rev. Sunny Thazhampallam Huston
Dr. Kurian Abraham
Rev. C. C. Thomas
Rev. Thomas Paul, Mysore
Rev. C. V. Andrews, Atlanta
Rev. Rajan Samuel, K.S.A.
K. Abraham Konni
Rev. T. Thomas
Rajan Peter, Kuwait
A. V. Daniel, Tennessee
S. Samkutty, Kuwait
Rev. K. O Mathew UAE
Bro. C. P Varghese

Rev. P. C Cherian
Viju Thomas, Dallas
**Co-ordinators**
**Kuwait**: A.V. Sunny
Mathew Daniel
**Abudhabi**: Rev. P.T Prasad
Thomas Ninan
Rev. Jose Mallissery
**Sharjah**: Rev. Jose George
**Doha**: Lalu Jacob
**Saudi Arabia**: C. C. Chacko
Saji Chacko
Philip Abraham
**England**: Rohit Joseph
**Canada**: Wilson Varghese
**Jamaica**: Mohan
**Florida**: Samjee Varghese
**Dallas**: Rev. Jose V. Ennicadu
Varghese Varghese
Wilson Varghese
N. M. Jacob
**Houston**: James Samuel
**Tennassee**: Thomas Chacko
**Chicago**: Alex Ninan
**Detroit**: Roy Markose
**Philadelphia**: Jacob Varghese
**New Jersy**: Rev. Rajan Skaria
**New York**:
Rev. Benchamin Thomas
Rev. A. M. Varghese
Yohannan Yohannan
Achankunju A. Mathew
**Okalahoma**: Wilson John

**Yuganthya Sandhesham**
P.O. Box - 66, Thiruvalla - 1
Ph : 0469-2602838
Mob : 9446532838
9447313709
ysandhesham@saintly.com

**പത്രാധിപലേഖനം**

# ആത്മീയ സംഗമങ്ങളുടെ ദിനങ്ങൾ സമാഗതമായി



ഡോ. ഷിബു കെ. മാത്യു

സഭകളുടെ ജനറൽ കൺവൻഷനുകളുടെ ദിനങ്ങൾ സമാഗതമായി. ഐപിസി ചർച്ച് ഓഫ് ഗോഡ്, എ.ജി, ശാരോൻ, ന്യൂ ഇൻഡ്യാ ദൈവസഭ തുടങ്ങിയ മുഖ്യധാരാപെന്തക്കോസ്ത് സഭകളുടെയും ധാരാളം സ്വതന്ത്രസഭകളുടെയും ജനറൽ കൺവൻഷനുകളുടെ ദിനങ്ങളാണ് ഇനി വരാൻ പോകുന്നത്. പെന്തക്കോസ്ത് വിശ്വാസികളെയും ശുശ്രൂഷകന്മാരെയും സംബന്ധിച്ച് ആവേശത്തിന്റെ ദിനങ്ങളാണ് കൺവൻഷന്റെ ദിവസങ്ങൾ. വിദേശങ്ങളിൽ നിന്നുപോലും കേരളത്തിൽ നടക്കുന്ന തങ്ങളുടെ സഭകളുടെ ജനറൽകൺവൻഷനുകളിൽ ആവേശത്തോടെ മുടങ്ങാതെ വന്ന് സംബന്ധിക്കുന്ന ദൈവമക്കളുണ്ട്.

സഭാ നേതൃസ്ഥാനങ്ങൾ അലങ്കരിക്കുന്ന ദൈവദാസന്മാരെ സംബന്ധിച്ച് ധാരാളം വെല്ലുവിളികൾ നേരിടുന്ന ദിവസങ്ങളാണ് കൺവൻഷൻ ദിനങ്ങൾ. ചെറിയ പിഴവുകൾ പോലും നേതൃത്വങ്ങൾക്കെതിരെ ആരോപണങ്ങളായും അനാവശ്യവിമർശനങ്ങളായും ഉയർന്നു വരുന്ന ദിവസങ്ങളാണ് കൺവൻഷൻ ദിനങ്ങൾ. ഏതൊരു പ്രസ്ഥാനത്തിലും സഭാ നേതൃത്വങ്ങളെ അനുകൂലിക്കുന്നവരും എതിർക്കുന്നവരും ഉണ്ട്. സഭാ നേതൃത്വങ്ങളെ എതിർക്കുന്നവർ തങ്ങളുടെ വാശി തീർക്കുവാനുള്ള ഇടമായി കൺവൻഷനുകളെ കാണരുത്. സഭകളുടെ ആത്മീക സംഗമങ്ങൾ ദൈവവചനം ശുശ്രൂഷിക്കുന്ന ഇടവും, വിവിധസ്ഥലങ്ങളിൽ നിന്നുള്ള ദൈവമക്കൾ ഒരുമിച്ചു കൂടിയിരുന്ന് ആരാധിക്കുന്ന ഇടവും, പരിശുദ്ധാത്മാവ് ജനത്തിന്റെ മേൽ ഇറങ്ങിവന്ന് പ്രവർത്തിക്കുന്ന സ്ഥലവുമാണ്. അതായത്, കൺവൻഷനുകൾ ദൈവസാനിധ്യം ഇറങ്ങിവരുന്ന ഇടങ്ങളാണ്. അങ്ങനെയുള്ള കൺവൻഷനുകളിൽ 'ഞാൻ സഹകരിക്കുകയില്ല, ഒരു രൂപാപോലും കൊടുക്കുകയില്ല, നടക്കുന്നതൊന്ന് കാണട്ടെ' എന്നുള്ള സ്ഥിരം വെല്ലുവിളികളും നിസഹകരണങ്ങളും ആർക്കും ഭൂഷണമല്ല. കൺവൻഷനുകളുടെ വിജയത്തിനെതിരെ നടത്തുന്ന ചെറുനീക്കങ്ങൾ പോലും ദൈവത്തിനെതിരെ ഉയർത്തുന്ന വെല്ലുവിളികളാണ് എന്ന് നാം തിരിച്ചറിയണം. കൺവൻഷനുകളിൽ സഭകളും വ്യക്തികളും ചെയ്യുന്ന സംഭാവനകൾ വ്യക്തികൾക്കോ നേതൃത്വങ്ങൾക്കോ വേണ്ടി ചെയ്യുന്നതല്ല ദൈവനാമമഹത്വത്തിനായി ചെയ്യുന്നു എന്നുള്ള ചിന്തയാണ് ഏവരെയും ഭരിക്കേണ്ടത്. തങ്ങൾക്ക് ഇഷ്ടമുള്ളവർ നേതൃസ്ഥാനങ്ങൾ ആലങ്കരിക്കുമ്പോൾ പൂർണ്ണപിന്തുണയും സഹകരണവും സഹായവും വാഗ്ദാനം ചെയ്യുകയും തങ്ങൾക്ക് ഇഷ്ടമില്ലാത്തവരാണെങ്കിൽ നിസഹകരണ മനോഭാവവും ആണെങ്കിൽ, അതൊരു ആത്മീകന്റെ ലക്ഷണമല്ല. സഭ ദൈവത്തിന്റേതാണ്. കൺവൻഷനുകൾ ദൈവസാന്നിധ്യം ഇറങ്ങിവരുന്ന ഇടങ്ങളാണ്. ദൈവനാമം മഹത്വപ്പെടുന്ന ഇടങ്ങളാണ്. ഈ ചിന്തയാണ് ഏവരെയും ഭരിക്കേണ്ടത്. എല്ലാ ദൈവസഭകളുടെയും ഈ പ്രാവിശ്യത്തെ ജനറൽകൺവൻഷനുകളും അനുഗ്രഹമായിതീരട്ടെ എന്ന് യുഗാന്ത്യസന്ദേശം ആശംസിക്കുന്നു.

# രണ്ടാം വിമോചന സമരം വിളിച്ച് വരുത്തുമോ



പാസ്റ്റർ ഷൈജു തോമസ് ഞാറയ്ക്കൽ

+1 516 800 1394 +91 944 731 3709

**സ**മകാലീന കേരള സമൂഹത്തെ ഭീകരമാകും വിധം അലട്ടുന്ന ഒരു പ്രധാന പ്രശ്നമാണല്ലൊ രാഷ്ട്രീയ കുലപാതകങ്ങളുടെ ഫലമായി ഉളവാകുന്ന അസമാധാനം നിറഞ്ഞ അന്തരീക്ഷം. മതത്തിന്റെയും രാഷ്ട്രീയത്തിന്റെയും പേരിലും അല്ലാതെയും നമ്മുടെ നാടുകളിൽ നടക്കുന്ന അക്രമങ്ങളും തീവ്രവാദ പ്രവർത്തനങ്ങളും ഭരണകൂടത്തിന്റെയും രാജ്യ നിവാസികളുടെയും സ്വൈര്യജീവിതത്തിന് ഭംഗം വരുത്തുന്നു. നാൾക്കുനാൾ അക്രമസംഹാര പ്രവർത്തനങ്ങൾ അതിഭീകരമാം വിധം വർധിച്ചു കൊണ്ടിരിക്കുന്ന പ്രവണതകൾക്ക് എന്ത് കൊണ്ട് ആക്കം കൂടുന്നുവെന്ന ചർച്ച ലോകാടിസ്ഥാനത്തിൽ തന്നെ ഗൗരവപൂർവം നടക്കുകയും ശാശ്വതമായ പരിഹാരം കാണുകയും ചെയ്യേണ്ടുന്ന ഒരു വിഷയമാണ്. ശാസ്ത്ര സാങ്കേതിക വിദ്യയുടെ അഭൂതപൂർവമായ വികാസം മനുഷ്യനെ ഇന്ന് ഒരർഥത്തിൽ കൂടുതൽ ദുരമൂത്തവനും അസ്വസ്ഥനുമാക്കി മാറ്റിയിരിക്കുന്നു. സാമ്പത്തികമായി മുമ്പത്തേക്കാൾ പുരോഗതിയും സ്വയം പര്യാപ്തതയും മനുഷ്യൻ കൈവരിച്ചിട്ടുണ്ടെങ്കിലും സ്വസ്ഥമായ ജീവിതം ഇന്നു പലർക്കും അന്യമായി കൊണ്ടിരിക്കുന്ന സ്ഥിതിവിശേഷമാണ് സംജാതമായിരിക്കുന്നത്. സൃഷ്ടിജാലങ്ങളിൽ വെച്ചേറ്റവും ഉത്തമനായ മനുഷ്യൻ അവന്റെ കരങ്ങൾകൊണ്ട് മോശമായി പ്രവർത്തിച്ചതിന്റെ അനന്തര ഫലമാണ് ഇന്ന് സമൂഹം അനുഭവിക്കുന്നത്. നന്മയും തിന്മയും വിവേചിച്ചറിയാനുള്ള ബുദ്ധിയും വിവേകവും മനുഷ്യനുണ്ട്. എന്നാൽ വ്യക്തിയെയും സമൂഹത്തെയും നന്നാക്കേണ്ട യുക്തിവൈവിധ്യം പലപ്പോഴും അസ്വസ്ഥതകൾക്കും കലുഷിതമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും വഴി വെക്കുകയാണ് ചെയ്യുന്നത്. അതിനാൽ തന്നെ കേരളത്തിലെ ക്രമസമാധാന നില തകർന്നുവെന്നും പൊതുജനജീവിതം ദുസ്സഹമായെന്നുമുള്ള ചിലരുടെ പ്രചണ്ഡമായ പ്രചാരണത്തിലൂടെ ലക്ഷ്യം വെയ്ക്കുന്നത് എന്താണെന്ന് ഏവരും തിരിച്ചറിയണം. കേരളത്തിൽ സമാധാനം നിലനിൽക്കുന്ന പ്രദേശങ്ങളിൽ പോലും അന്യദേശങ്ങളിൽനിന്ന് കടന്നെത്തുന്ന ചില സ്ഥാപിത താല്പര്യക്കാരുടെ നേതൃത്വത്തിൽ നടത്തുന്ന പൈശാചിക ആക്രമണങ്ങളും കുലപാതകങ്ങളും തുടർക്കഥയാണ്. പിന്നീടുണ്ടാകുന്ന സംഭവങ്ങൾ ചെറുതായാലും വലുതായാലും ഒരുവിഭാഗം മാധ്യമങ്ങളുടെ കൂടി സഹായത്തോടെ രാജ്യംമുഴുവൻ പ്രചരിപ്പിച്ച് വലിയ വാർത്തയാക്കുകയാണ് ഇത്തരക്കാർ ചെയ്യുന്നത്. അസത്യങ്ങളും അർഥസത്യങ്ങളും നിറഞ്ഞ ഈ പ്രചാരണങ്ങൾ ആവർത്തിച്ചാണ് നിന്ദ്യമായ ആക്രമണങ്ങൾക്ക് ചിലർ മറയിടുന്നത്. ഒരു വിഭാഗം ആളുകൾ തങ്ങളുടെ രഹസ്യമായ അജണ്ട നടപ്പിലാക്കാൻ സമാധാന ശ്രമങ്ങളെ കാറ്റിൽ പറത്തി ആക്രമണങ്ങൾ അഴിച്ചു വിടുകയാണ് സംസ്ഥാനത്ത് ചെയ്യുന്നത്. എന്തിനു വേണ്ടിയാണ് ഇങ്ങനെ പ്രവർത്തിക്കുന്നത്. സമാധാനത്തിനു വേണ്ടി നിലകൊള്ളുന്നവരെ സമാധാന ശ്രമങ്ങളോട് കലവറയില്ലാതെ സഹകരിക്കുവാൻ സന്നദ്ധത പ്രകടിപ്പിക്കുന്നവരോട് അക്രമമാണ് പഥ്യം എന്ന നിലയിൽ പെരുമാറുന്നത് എന്തു കൊണ്ട്. ദൈവത്തിന്റെ സ്വന്തംനാട് ഇന്ന് കുറ്റവാളികളുടെ സ്വന്തം നാടായി ലോകത്തിന് മുന്നിൽ വിറങ്ങലിച്ചുനിൽക്കേണ്ട അവസ്ഥയിലായിരിക്കുന്നു. സംസ്ഥാനത്തിന്റെ ആഭ്യന്തര പൊലീസ് സംവിധാനം ഇത്രമാത്രം പരാജയപ്പെട്ട ഒരു കാലഘട്ടം കെ. കരുണാകരൻ ആഭ്യന്തരവകുപ്പ് കൈകാര്യം ചെയ്തിരുന്ന അടിയന്തിരാവസ്ഥ കാലത്തുപോലും ഉണ്ടായിട്ടില്ലായെന്നാണ് കേരളത്തിലെ പൊതുസമൂഹം ചൂണ്ടിക്കാണിക്കുന്നത് എന്തിനു വേണ്ടിയാണ്. ജനങ്ങളുടെ ഭരണഘടനാപരമായ അവകാശങ്ങളെയും സ്വാതന്ത്ര്യത്തെയും സംരക്ഷിച്ചുകൊണ്ട് പൊതുജനസേവനം എന്ന ലക്ഷ്യത്തെ മുൻനിർത്തി ചലനാത്മകമായി പ്രവർത്തിക്കുന്ന നിഷ്പക്ഷവും കാര്യക്ഷമവുമായ ഒരു നിയമപാലന ഏജൻസിയായി ഗവൺമെന്റ് മാറണം എന്നതാണ് സത്യം. ഇതെല്ലാം കൃത്യമായ ആസുത്രണത്തോടെ നടപ്പിലാക്കുന്ന ചിലരുടെ ഹിഡൻ അജണ്ടയാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ചരിത്രം നമുക്ക് നല്കി തരുന്ന പാഠം അതാണ്. കേരളത്തിൽ ആദ്യമായി ജനാധിപത്യ സംവിധാനത്തിലൂടെ അധികാരത്തിലെത്തിയ ആദ്യത്തെ മന്ത്രിസഭക്കെതിരായി 1958-ൽ ആരംഭിച്ച രാഷ്ട്രീയപ്രക്ഷോഭമായിരുന്നു വിമോചന സമരം. ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള കമ്മ്യൂണിസ്റ്റ് മന്ത്രിസഭക്കെതിരെ നടന്ന ഈ പ്രക്ഷോഭണം 1959-ൽ മന്ത്രിസഭയുടെ പുറത്താക്കലിൽ കലാശിച്ചു. പിന്നിട് ഈ സംഭവത്തെക്കുറിച്ച് വളരെ കാലങ്ങൾക്ക് ശേഷം പലരുടെയും ആത്മകഥകളിൽ പറയുന്ന്ത് അവർ വ്യക്തമായ അഭിപ്രായ രൂപികരണത്തിലൂടെ നടപ്പിലാക്കിയതായിരുന്നു ആ പുറത്താക്കൽ എന്നാണ്. തിരഞ്ഞെടുക്കപ്പെട്ട ആദ്യ സർക്കാരിനെ പുറത്താക്കിയ നടപടിയെ വിമോചന സമരം എന്ന പേരിലാണ് അറിയപ്പെടുന്നത്. വിമോചന സമരത്തിന് ആരംഭം കുറിച്ചത് സംസ്ഥാനത്തെ ഭക്ഷ്യക്കമ്മി നികത്താൻ സ്വീകരിച്ച നടപടികളുമായി ബന്ധപ്പെട്ട അഴിമതി ആരോപണങ്ങളും, ഭൂവുടമസ്ഥതാബന്ധങ്ങളിൽ സമഗ്രമായ പരിഷ്കാരങ്ങൾ ലക്ഷ്യമിട്ട കാർഷികബന്ധബില്ലും ഈ സമരത്തിനു വഴിയൊരുക്കിയ ഘടകങ്ങളിൽ പെടുന്നു. വിദ്യാഭ്യാസമന്ത്രി ജോസഫ് മുണ്ടശ്ശേരി അവതരിപ്പിച്ച വിദ്യാഭ്യാസ ബില്ലിനോടുള്ള എതിർപ്പ് അതിന്റെ ഏറ്റവും ശ്രദ്ധിക്കപ്പെട്ട കാരണമായിരുന്നു. കമ്മ്യൂണിസ്റ്റു പ്രത്യയശാസ്ത്രത്തിന്റെ നവീനതകളെക്കുറിച്ച് കേരളത്തിൽ പരമ്പരാഗത സമൂഹത്തിലെ പലവിഭാഗങ്ങൾക്കും ഉണ്ടായിരുന്ന ആശങ്കയും ഈ പ്രക്ഷോഭണത്തെ സഹായിച്ചു. വിമോചനസമരത്തിന്റെ ശരിയേയും നൈതികതയേയും സംബന്ധിച്ച ചർച്ചകൾ കേരളസമൂഹത്തിൽ ഇന്നും തുടരുന്നു. കാർഷിക, വിദ്യാഭ്യാസ മേഖലകളിലെ പരിഷ്കാരങ്ങളെ എതിർത്ത സ്ഥാപിതതാത്പര്യങ്ങളായിരുന്നു ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട സർക്കാരിന്റെ പുറത്താക്കലിൽ കശാശിച്ച ഈ സമരത്തിനു പിന്നിലെന്ന് അതിനെ എതിർക്കുന്നവർ കരുതുന്നു. സമരത്തിൽ പങ്കെടുത്തവരിൽ ചിലർ തന്നെ അത് അധാർമ്മികമായിരുന്നെന്നും പങ്കെടുത്തതിൽ പശ്ചാത്തപിക്കുന്നെന്നും പിന്നീടു സമ്മതിച്ചിട്ടുണ്ട്.

ജനാധിപത്യകേരളത്തിന്റെ രാഷ്ട്രീയചരിത്രത്തിൽ ആദ്യമായി പ്രത്യക്ഷപ്പെടുന്ന ഒരു അഴിമതി ആരോപണമായിരുന്നു ആന്ധ്രാ അരിക്കേസ്. സർക്കാരിനെതിരെ ഒരവസരം വീണുകിട്ടാൻ കാത്തിരിക്കുന്ന പ്രതിപക്ഷങ്ങൾക്കും സമുദായനേതാക്കന്മാർക്കും ഇതൊരു നല്ല അവസരമായി. അതേ സമയം, സമൂഹത്തിലെ അടിസ്ഥാനവർഗ്ഗവുമായി ഇടപെടുന്നതിലൂടെ ദീർഘകാലം കൊണ്ടു നേടിയെടുത്ത രാഷ്ട്രീയപരിചയം സുഗമവും ജനപ്രീതികരവുമായ അധികാരനിർവ്വഹണത്തിനു മതിയാകില്ലെന്ന് കമ്യൂണിസ്റ്റ് പാർട്ടി അതിന്റെ അപക്വമായ പ്രതികരണങ്ങളിലൂടെ തെളിയിക്കുകയും ചെയ്തു. ഈ അഴിമതി ആരോപണം നിലനില്ക്കുമ്പോഴാണ് കമ്മ്യൂണിസ്റ്റ് സർക്കാരിന്റെ വിപ്ലവകരമായ ഒരു നടപടിയായിരുന്നു ജോസഫ് മുണ്ടശ്ശേരി അവതരിപ്പിച്ച വിദ്യാഭ്യാസ ബിൽ. അദ്ധ്യാപകരുടെ നിയമനത്തിൽ പൊതുവായ മാനദണ്ഡങ്ങൾ കൊണ്ടുവരിക, ശമ്പളം ഖജനാവു വഴി വിതരണം ചെയ്യുക എന്നീ മാറ്റങ്ങൾ വിദ്യാഭ്യാസ ബിൽ നിർദ്ദേശിച്ചു. കൂടാതെ, സർക്കാർ വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ വേതനത്തിന്റെ തോതിൽ സ്വകാര്യ വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്കും വേതനം നൽകാനുള്ള നിർദ്ദേശവും ബില്ലിന്റെ ഭാഗമായി. കേരളത്തിലെ ആദ്യത്തെ കമ്മ്യൂണിസ്റ്റ് സർക്കാർ അധികാരത്തിലെത്തി ഒരാഴ്ചക്കുള്ളിൽതന്നെ എല്ലാ ഒഴിപ്പിക്കലുകളും തടഞ്ഞുകൊണ്ടുള്ള ഒരു ഓർഡിനൻസ് കൊണ്ടു വന്നു. 1959 മെയ് 1 ന് ആരംഭിച്ച വിമോചന സമരം, സാമൂഹിക മത സംഘടനകൾക്കു പുറമേ എല്ലാ പ്രധാന പ്രതിപക്ഷ സംഘടനകളും വിമോചന സമരത്തിൽ പങ്കെടുത്തു. ആ കാലഘട്ടത്തിൽ ഉണ്ടായിരുന്ന ഒട്ടുമിക്ക രാഷ്ട്രീയ പാർട്ടികളും ഇ.എം.എസ്. മന്ത്രിസഭയെ പുറത്താക്കണം എന്ന് ആവശ്യപ്പെട്ട് സമരത്തിൽ പങ്കുചേർന്നു. സംസ്ഥാന

**(ശേഷം പേജ് 8)**

യുഗാന്ത്യ സന്ദേശം

KERMAL / 2007 / 21096

PUBLISHED FROM THIRUVALLA ON 05-11-2016

വാല്യം - 12 ലക്കം: 11 നവംബർ 2016 Annual Subscription RS. 100/-

# 35-ാമത് പിസിനാക്ക് ആഗോളവ്യാപകമായ ഉണർവ്വിലേക്ക്

**രാജൻ ആര്യപ്പള്ളിൽ**

**അറ്റ്ലാന്റ:** 2017 ജൂൺ 29 മുതൽ ജൂലൈ 2-ാം തീയതിവരെ കൊളമ്പസ് ഒഹായോവിൽ നടക്കുവാനിരിക്കുന്ന പിസിനാക്ക് ലോകജനതക്ക് ആത്മീയ ഉണർവ്വിനും വിടുതലിനും കാരണമാകും. കഴിഞ്ഞ കാലങ്ങളിൽ നടന്ന കോൺഫറൻസിൽ നിന്നും വളരെ വ്യത്യസ്തമായ രീതിയിലായിരിക്കും വരുന്ന പിസിനാക്ക് നടക്കുക. മുന്നൂറ്റി അറുപത്തഞ്ചു ദിവസങ്ങളിലെ പ്രാർത്ഥനകളും ഈ കോൺഫറൻസിന്റെ വൻ വിജയത്തിന് കാരണമാകും. മൂന്നു നാഷണൽ പ്രയർ കോർഡിനേറ്ററുമാർ, എല്ലാ സ്റ്റേറ്റുകളിൽ നിന്നുമുള്ള ഓരോ പ്രയർ കോർഡിനേറ്ററുമാർ, മറ്റനവധി ദൈവമക്കളേയും കൂടാതെ നാഷണൽ, ലോക്കൽ റ്റീമുകൾ വളരെ ആത്മാർത്ഥതയോട് പ്രാർത്ഥനയിൽ പോരാടുന്നത്. അമേരിക്ക, കാനഡ എന്നീ രാജ്യങ്ങൾ കൂടാതെ ഇൻഡ്യ, യൂറോപ്പ്യൻ രാജ്യങ്ങൾ, ഗൾഫ് നാടുകൾ, മറ്റുലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള ദൈവമക്കൾ പ്രാർത്ഥിക്കുന്നു എന്നത് സന്തോഷകരമായ ഒരു കാര്യമാണ്. അനേക രോഗികൾക്കും കഷ്ടങ്ങളിൽ കൂടി കടന്നുപോകുന്ന ജനത്തിനുവേണ്ടിയും പിസിനാക്ക് റ്റീം അതിവ ജാഗ്രതയോടെ പ്രാർത്ഥിക്കുന്നു. മാനുഷീക ചിന്തകളേയും കണക്കുകൂട്ടലുകളേയും മാറ്റി മറിച്ചുകൊണ്ട് സർവ്വശക്തനായ ദൈവപുത്രൻ യേശുക്രിസ്തു തന്നെ നായകത്വം വഹിച്ച് നേതൃത്വം കൊടുക്കുന്ന ഈ കോൺഫറൻസ് ചരിത്രപ്രദാനമായ വിജയം തരുമെന്ന് ഇതിന്റെ നാഷണൽ കൺവീനർ പാസ്റ്റർ റ്റോമി ജോസഫും, നാഷണൽ സെക്രട്ടറി ബ്രദർ ജെയിംസ് ഏബ്രഹം, നാഷണൽ ട്രഷറാർ ബ്രദർ സാക്ക് ചെറിയാനും ഉറച്ചു വിശ്വസിക്കുന്നു. ഒഹായോവിൽ നടക്കുവാൻ പോകുന്ന പിസിനാക്ക് കോൺഫറൻസ് തികച്ചും ദൈവനാമ മഹത്വത്തി മാത്രമുതകുമെന്ന് അവർ വ്യക്തമാക്കി. പ്രായവത്യാസം ഇല്ലാതെ ജീവിതത്തിൽ മറക്കാനാകാത്ത ഒരു സമ്മേളനമായിരിക്കും മുപ്പത്തഞ്ചാമത് പിസിനാക്ക്. ലോകമെമ്പാടുമുള്ള ദൈവമക്കൾ ഈ കോൺഫറൻസിൽ കടന്നുവന്ന് സംബംന്തിക്കുകയും ഇതിന്റെ അനുഗ്രഹത്തിനുവേി പ്രാർത്ഥിക്കുകയും ചെയ്യണമെന്ന് ഇതിന്റെ ഭാരവാഹികൾ അറിയിച്ചു. ഞായർ മുതൽ വെള്ളിവരെ ഈസ്റ്റേൺ സമയം വൈകിട്ട് 8 മുതൽ 10 വരെയും ശനിയാഴ്ച രാവിലെ 8 മുതൽ 10 വരെയും 720. 820.1335 എന്ന നമ്പറിൽ ഏവർക്കും കടന്നു വന്നു പ്രാർത്ഥിക്കാവുന്നതാണ്. യേശുക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട എല്ലാ ദൈവമക്കളേയും ഈ പിസിനാക്കിലേക്ക് സ്വാഗതം ചെയ്യുന്നു.



പാസ്റ്റർ റ്റോമി ജോസഫ്
*(കൺവീനർ)*



ബ്രദർ ജെയിംസ് ഏബ്രഹാം
*(സെക്രട്ടറി)*



ബ്രദർ സാക്ക് ചെറിയാൻ
*(ട്രഷറർ)*

# ശതാബ്ദി സമ്മേളനവും വാർഷിക കൺവൻഷനും



**ശതാബ്ദി സമ്മേളന കമ്മറ്റി അംഗങ്ങളായ സുനിൽ പി. വർഗീസ്, പാസ്റ്റർ വി.ഐ. ജോസുകുട്ടി, പാസ്റ്റർ റെജിമോൻ സി. ജോയി, പാസ്റ്റർ സതീശൻ കെ.**

മാവേലിക്കര: അസംബ്ലീസ് ഓഫ് ഗോഡ് മാവേലിക്കര സെക്ഷന്റെ ശതാബ്ദി ആഘോഷവും വാർഷിക കൺവൻഷനും 2016 നവംബർ 23 ബുധൻ മുതൽ 27 ഞായർ വരെ മാവേലിക്കര ഫസ്റ്റ് എ. ജി. ഗ്രൗണ്ടിൽ വച്ച് നടക്കുന്നതാണ്. ഏ.ജി.യുടെ ആദ്യ പ്രവർത്തന കേന്ദ്രവും, ബഥേൽ ബൈബിൾ കോളേജിന്റെ തുടക്കവും വളർച്ചയും ആരംഭിച്ച സ്ഥലം, ഏ.ജി.ക്ക് കേരളത്തിൽ ആദ്യമായി സ്ഥലം വാങ്ങി കെട്ടിടം പണിതസഭ ഉൾപ്പെടുന്ന സെക്ഷൻ, ഏ.ജി.യുടെ പ്രഥമ മിഷനറി ആയിരുന്ന മിസ് മേരി ചാപ്മാൻ അന്ത്യവിശ്രമം കൊള്ളുന്ന സെമിത്തേരി, സെക്ഷൻ എന്ന നിലയിൽ ആദ്യമായി ക്രമീകൃതമായ പ്രവർത്തനം നടത്തിയ സെക്ഷൻ എന്നീ നിലകളിൽ ചരിത്രപ്രാധാന്യമുള്ള സെക്ഷനാണ് മാവേലിക്കര. മാവേലിക്കര ഉൾപ്പെടുന്ന പ്രാരംഭകാല സെക്ഷനിൽനിന്നും വിഭജിക്കപ്പെട്ട പത്തിലധികം സെക്ഷനുകൾ തന്നെ ഇന്ന് മലയാളം ഡിസ്ട്രിക്ടിലുണ്ട്. അതിനാൽ തന്നെ സെക്ഷൻ ശതാബ്ദി ആഘോഷം വളരെ വിപുലമായി തന്നെ നടത്താൻ സംഘാടകർ തീരുമാനിച്ചിരിക്കുന്നു. ഈ ദിവസങ്ങളിൽ ധ്യാനയോഗങ്ങൾ, സെമിനാറുകൾ, ചരിത്ര അവലോകനസദസ്സ്, ചിത്രപ്രദർശനനഗരി, പെന്തക്കോസ്തു നേതൃസംഗമം, ആദ്യകാല പെന്തക്കോസ്തു ദൈവമക്കളുടെ സാക്ഷ്യങ്ങൾ, കവിയരങ്ങ്, സാഹിത്യസമ്മേളനം, നേതൃത്വപഠനക്ലാസ്സ്, സഹോദരി കൂട്ടായ്മകൾ, സി.എ., സൺഡേസ്കൂൾ, ഡബ്ല്യൂ.എം.സി. വാർഷിക സമ്മേളനങ്ങൾ തുടങ്ങി പകൽയോഗങ്ങളും രാത്രിയിൽ സുവിശേഷപ്രസംഗ പൊതുയോഗവും നടത്തപ്പെടും. ചരിത്ര സ്ഥല സന്ദർശനം, ചരിത്രസ്മാരക സമ്മേളനം, ആദ്യകാല പെന്തക്കോസ്തുക്കാരുടെ കൂട്ടായ്മ, അൻപത് വർഷം ശുശ്രൂഷ , പഴക്കംചെന്ന മാവേലിക്കര സെക്ഷനിലെ ദൈവദാസന്മാരെ ആദരിക്കൽ തുടങ്ങി പ്രത്യേക പ്രോഗ്രാമുകളും സംഘടിപ്പിച്ചിട്ടുണ്ട്.

റവ. ഡോ. ഐസക്ക് വി. മാത്യു (എസ്.ഐ. ഏ.ജി. ജനറൽ സെക്രട്ടറി), ശതാബ്ദി സമ്മേളനത്തിന്റെ മുഖ്യാതിഥി ആയിരിക്കും. രാത്രിയോഗങ്ങളിൽ പാസ്റ്റർ ടി.ജെ. സാമുവേൽ, പാസ്റ്റർ പി.എസ്. ഫിലിപ്പ്, പാസ്റ്റർ രാജു, ആനിക്കാട്, പാസ്റ്റർ ജോയി പാറയ്ക്കൽ, പാസ്റ്റർ കോശി വൈദ്യൻ എന്നിവർ പ്രസംഗിക്കും. ഞായറാഴ്ച പൊതുസഭായോഗത്തിൽ സെക്ഷൻ പ്രസ്ബിറ്റർ നേതൃത്വം നൽകും. മലയാളം ഡിസ്ട്രിക്ട് എക്സിക്യൂട്ടീവ് കമ്മറ്റി, മേഖലാ ഡയറക്ടർമാർ, സെക്ഷൻ പ്രസ്ബിറ്റർ പ്രതിനിധികൾ വിവിധ സെക്ഷനുകളിൽ ശുശ്രൂഷിക്കുന്നതുമാണ്. അതിവിപുലമായ ഒരു കമ്മറ്റി ഇതിനുവേണ്ടി ഒരുക്കിയിട്ടുണ്ട്.

പാസ്റ്റർ വി.വൈ. ജോസൂട്ടി (ചെയർമാൻ), പാസ്റ്റർ സതീശൻ കെ.കെ. (ജനറൽ കൺവീനർ), പാസ്റ്റർ മാത്യു ലാസർ (ജോയിന്റ് കൺവീനർ), പാസ്റ്റർ ജോയി ഫിലിപ്പ് (ഫുഡ് കൺവീനർ), പാസ്റ്റർ വി.ജി. ഫിലിപ്പ് (പബ്ലിസിറ്റി), പാസ്റ്റർ റെജിമോൻ സി ജോയി (ഫിനാൻസ്), പാസ്റ്റർ റെജിമോൻ പി. ബി (പ്രോഗ്രാം), ബ്രദർ സുനിൽ പി. വർഗീസ് (മീഡിയ), ബ്രദർ അനീഷ് തോമസ് (ട്രാൻസ്പോർട്ടേഷൻ), പാസ്റ്റർ മുകുന്ദൻ (പ്രയർ), പാസ്റ്റർ റെജി തങ്കച്ചൻ (പന്തൽ & സൗണ്ട്), പാസ്റ്റർ തോമസ് ഫിലിപ്പ് (ചരിത്രപ്രദർശനം), ബ്രദർ സുനിൽ പി. വർഗീസ് (സുവനീർ), പാസ്റ്റർ പി.പി. ചെറിയാൻ (തിരുമേശ).

# ഒർലാന്റോ ഐ.പി.സിക്ക് പുതിയ ആരാധനാലയം: ശിലാസ്ഥാപനം നടത്തി





**വാർത്ത: നിബു വെള്ളവന്താനം**

**ഫ്ളോറിഡ:** ഇൻഡ്യാ പെന്തക്കോസ്ത് ദൈവസഭയുടെ നോർത്ത് അമേരിക്കയിലുള്ള സൗത്ത് ഈസ്റ്റ് റീജിയനിലെ പ്രമുഖ സഭകളിലൊന്നായ ഒർലാന്റോ ഐ.പി.സി സഭ പുതിയതായി പണികഴിപ്പിക്കുന്ന ആരാധനാലയത്തിന്റെ നിർമ്മാണോത്ഘാടനം ഒക്ടോബർ 30 ന് ഞായറാഴ്ച 12.30ന് നടന്നു. സീനിയർ ശുശ്രൂഷകൻ പാസ്റ്റർ ജേക്കബ് മാത്യൂ കെട്ടിടത്തിന്റെ ശിലാസ്ഥാപനകർമ്മം പ്രാർത്ഥനയോടുകൂടി നിർവ്വഹിച്ചു. ബിൽഡിംഗ് കമ്മറ്റി ചെയർമാൻ ബ്രദർ അലക്സാണ്ടർ ജോർജ്, വൈസ് പ്രസിഡന്റ് ബ്രദർ സാം ഫിലിപ്പ്, സഭാ സെക്രട്ടറി ബ്രദർ രാജു പൊന്നോലിൽ, ട്രസ്റ്റി ബ്രദർ മനോജ് ഡേവിഡ്, ബോർഡ് അംഗങ്ങൾ എന്നിവർ നേത്രുത്വം നൽകി. ലളിതമായി സംഘടിപ്പിച്ച ശുശ്രുഷകളിൽ സഹ ശുശ്രൂഷകന്മാരും, വിവിധ സഭാ വിശ്വാസി പ്രതിനിധികളും സംബദ്ധിച്ചു.

ലോക പ്രശസ്ത ടൂറിസ്റ്റ് കേന്ദ്രമായ ഒർലാന്റോയിലെ ഡിസ്നി വേൾഡ് തീം പാർക്കി നോട് എറ്റവും അടുത്ത് സ്ഥിതി ചെയ്യുന്ന ഇൻഡ്യാ പെന്തക്കോസ്ത് ദൈവസഭയുടെ ഏക സഭയാണ് ഒർലാന്റോ ഐ.പി.സി. 1987ൽ 4 കുടുംബങ്ങളുടെ നേത്രുത്വത്തിൽ ആരംഭിക്കപ്പെട്ട ദൈവസഭയിൽ ഇന്ന് നൂറുലധികം കുടുംബങ്ങളിൽ നിന്നായി 400 ലധികം വിശ്വാസികൾ ആരാധനയിൽ സംബന്ധിക്കുന്നു.

# അറ്റലാന്റാ ഐ.പി.സി വാർഷിക കൺവൻഷൻ സമാപിച്ചു



റവ. ജെയിംസ് ജോർജ് ഉമ്മൻ



ഇവ. ജെ. വർഗീസ്

**അറ്റ്ലാന്റ:** ഐ.പി.സി നോർത്ത് അമേരിക്കൻ സൗത്ത് ഈസ്റ്റ് റീജിയനിൽ അംഗമായ അറ്റ്ലാന്റാ ഐ.പി.സി ചർച്ചിന്റെ വാർഷിക കൺവൻഷൻ 2016 ഒക്ടോബർ 22 ശനിയാഴ്ച വൈകിട്ട് 6:30-ന് ജോർജിയാ സംസ്ഥാനത്തുള്ള അറ്റലാന്റാ പട്ടണത്തിലുള്ള അറ്റ്ലാന്റാ ഐ.പി.സി ചർച്ച് (545 റോക്ക് സ്പ്രിംഗ്സ് റോഡ്, ലോറൻസ്‌വിൽ, ജോർജിയ 30043) വെച്ച് നടന്നു. അറ്റ്ലാന്റാ ഐ.പി.സി സീനിയർ ശുശ്രൂഷകൻ പാസ്റ്റർ വി.പി. ജോസ് നേതൃത്വം കൊടുത്തു.

ഐ.പി.സി നോർത്ത് അമേരിക്കൻ സൗത്ത് ഈസ്റ്റ് റീജിയൻ പ്രസിഡന്റ് പാസ്റ്റർ ജേയിംസ് ജോർജ്ജ് ഉമ്മൻ, ഡയറക്ടർ ഓഫ് ഐ.സി.പി.എഫ് കൗൺസിലിംഗ് സെന്റർ ഇവ. ജെ. വർഗ്ഗീസ് എന്നിവർ സന്ദേശം നൽകി. മലയാളത്തിലും, ഇംഗ്ലീഷിലും നടന്ന ഗാന ശുശ്രൂഷകൾക്ക് ബ്രദർ ഏബ്രഹാം തോമസ് മാവേലിക്കര, ബ്രദർ റിച്ചാർഡ് ജോർജ്ജ് എന്നിവർ നേതൃത്വം കൊടുത്തു.

സഭാ വ്യത്യാസം കൂടാതെ എല്ലാ വിശ്വാസികളും ഈ യോഗത്തിൽ പങ്കെടുത്ത് അനുഗ്രഹം പ്രാപിച്ചു എന്ന് സെക്രട്ടറി ഏബ്രഹാം തോമസ് അറിയിച്ചു. ശനിയാഴ്ച്ച രാവിലെ 10 മുതൽ 12 വരെ നടന്ന ഐ.പിസി നോർത്ത് അമേരിക്കൻ സൗത്ത് ഈസ്റ്റ റീജിയൻ പ്രത്യേക യോഗത്തിൽ ജോർജ്ജിയ പട്ടണത്തിലുള്ള ശുശ്രൂഷകന്മാരും വിശ്വാസികളേയും കൂടാതെ ടെനസി, സൗത്ത് കരോലിനാ എന്നീ പട്ടണങ്ങളിൽ നിന്നുമുള്ള ശുശ്രൂഷകന്മാരും വിശ്വാസികളും പങ്കെടുത്തു എന്ന് റീജിയൻ പ്രസിഡന്റ് പാസ്റ്റർ ജേയിംസ് ജോർജ്ജ് ഉമ്മൻ അറിയിച്ചു.

അനുഭവ സാക്ഷ്യം

# രോഗത്തിന്റെ ഇരുളടഞ്ഞ വഴിയിൽ സാന്ത്വനത്തിന്റെ കരസ്പർശനം




എന്റെ പേര് വിൻസൺ കെ വർഗീസ്. കേരളത്തിലെ പത്തനംതിട്ട ജില്ലയിൽ കേശമത്ത് ഷേർളി ഭവനിൽ കോശി വർഗീസിന്റെയും തങ്കമ്മ വർഗീസിന്റെയും മൂന്നാമത്തെ മകനായി ജനിച്ച എനിക്ക് ഒരു സഹോദരനും സഹോദരിയും ഉണ്ടായിരുന്നു. ദൈവം എനിക്ക് നല്കി തന്ന സെക്യുലർ വിദ്യഭ്യാസം പൂർത്തികരിച്ച ഉടൻ തന്നെ ബോംബയിലും പിന്നീട് ബാംഗ്ലൂരിലും ജോലിചെയ്തു. ആ സമയത്താണ് എന്റെ വിവാഹം, വയനാട് ജില്ലയിലെ മാനന്തവാടി പുല്ലംപ്ലാവിൽ വീട്ടിൽ ജോർജിന്റെയും സൂസമ്മയുടെയും മൂത്തമകൾ ജീനയെ ആണ് ദൈവം എനിക്ക് ജീവിത പങ്കാളിയായി നല്കി തന്നത്. വളരെ ചെറുപ്പം മുതലെ പെന്തക്കോസ്തനുഭവത്തിലായിരുന്ന ഞങ്ങളുടെ കുടുംബത്തെ ദൈവം അത്ഭുതകരമായി പരിപാലിച്ചു. ഞങ്ങളുടെ പ്രാർത്ഥനയുടെയും ആഗ്രഹത്തിന്റെയും ഫലമായി 2004-ൽ ഞങ്ങൾ അമേരിക്കയിലെ കാലിഫോർണിയായിലേക്ക് കുടിയേറി പാർത്തു. ജീവിതത്തിലുട നീളം ദൈവത്തിന്റെ അത്ഭുതങ്ങൾ അനുഭവിച്ചറിയുവാൻ ദൈവം എനിക്ക് അവസരം ഒരുക്കി. അതിൽ ഒരെണ്ണം ഞാൻ പറയട്ടെ. ഞാൻ ബോംബയിലായിരുന്നപ്പോൾ ഒരിക്കൽ ട്രെയിൻ യാത്രയിൽ എനിക്ക് വലിയൊരു അപകടം നേരിട്ടു. ബോംബയിലെ ട്രെയിൻ യാത്രയെക്കുറിച്ച് അറിയാവുന്നവർക്ക് അറിയാം വളരെ തിരക്കുള്ള സ്റ്റേഷനുകളിൽ ട്രെയിൻ നിർത്തിയിടുന്നത് അല്പ നേരം മാത്രം അതിനിടയിൽ കയറാനുള്ളവർ കയറുകയും ഇറങ്ങാനുള്ളവർ ഇറങ്ങുകയും വേണം. അതുകൊണ്ട് തന്നെ അഭൂതപൂർവ്വമായ തിരക്കാണ് സ്റ്റേഷനുകളിൽ അനുഭപ്പെടുക. അങ്ങനെ ചെറിയ മഴ ഉള്ള ഒരു ദിവസം ഞാനും ജോലി കഴിഞ്ഞ് താമസിക്കുന്ന സ്ഥലത്തേക്ക് പോകുവാൻ ഓടി വന്ന് ട്രെയിനിൽ കയറി, വാതിൽപ്പടിയിൽ മഴവെള്ളം കിടന്നതു കൊണ്ടും വാതിൽക്കൽ നല്ല തിരക്കുമായിരുന്നതിനാൽ ഞാൻ ട്രെയിനിൽ കയറുന്നതിനിടയിൽ എനിക്ക് കമ്പിയേൽ പിടിത്തം കിട്ടിയെങ്കിലും ചവിട്ടു പടിയിൽ നിന്നും എന്റെ കാൽ വഴുതിപ്പോയി. ട്രെയിനിന്റെ അടിയിലേക്ക് വീഴാവുന്ന ആ സാഹചര്യത്തിൽ എന്നെ ആരോ പുറകിൽ നിന്ന് തള്ളുന്നതുപോലെ ഒരു അനുഭവം ഉണ്ടാകുകയും ഞാൻ സുരക്ഷിതമായി ട്രെയിനിനകത്ത് കയറുകയും ചെയ്തു. എന്നെ തള്ളിയത് ആരാണെന്ന് അറിയുവാൻ ഞാൻ തിരിഞ്ഞു നോക്കിയെങ്കിലും ആരേയും കണ്ടില്ല. അപ്പോൾ എനിക്ക് മനസ്സിലായി അത് ഞാൻ സേവിക്കുന്ന എന്റെ ദൈവത്തിന്റെ കരം എന്നെ ആ മരണനിഴലിൻ താഴ്വരയിൽ നിന്നും രക്ഷിച്ചതാണെന്ന്.

2004-ൽ അമേരിക്കയിൽ വന്നതും ദൈവത്തിന്റെ അത്ഭുതമായിരുന്നു അധികം താമസിയാതെ ഞങ്ങൾ ഇരുവർക്കും ജോലി ലഭിച്ചു. 2005-ൽ ഞങ്ങൾക്ക് ദൈവം ഒരു പെൺപൈതലിനെ നല്കി അനുഗ്രഹിച്ചു. അനുഗ്രഹത്തിന്റെ ദിനങ്ങൾ മുമ്പോട്ട് പോയി . ദൈവാനുഗ്രഹം എല്ലാത്തരത്തിലും ഞങ്ങളുടെ കുടുംബത്തിലേക്ക് വന്നുകൊണ്ടേയിരുന്നു. 2007-ൽ രണ്ടാമത്തെ പെൺപൈതലും ജനിച്ചു. എല്ലാവരും ഭാഗ്യവാന്മാർ എന്നും അനുഗ്രഹിക്കപ്പെട്ടവർ എന്നു വിധിയെഴുതി. ഒന്നിനും കുറവില്ലാത്ത അനുഭവം. ഇരുവർക്കും നല്ല ജോലി, ധാരാളം സാമ്പത്തികം അതു കൊണ്ട് അല്പം നിഗളം മനസ്സിൽ കടന്നു കൂടി. എങ്കിലും അത് ഞാൻ മാത്രമെ അറിഞ്ഞിരുന്നുള്ള. പുറത്ത ആർക്കും അറിയില്ല. 2012 വരെ ഞങ്ങൾ കാലിഫോർണിയായിൽ താമസിച്ചു. കുറച്ചു കൂട മെച്ചപ്പെട്ട ജീവിത സാഹചര്യം ലഭിക്കുവാൻ അമേരിക്കയിലെ മറ്റൊരു പട്ടണമായ ഡാളസ്സിലേക്ക് ഞങ്ങൾ മാറി താമസിച്ചു. ഇവിടെയും ദൈവത്തിന്റെ കരം ഞങ്ങൾക്ക് അനുകൂലമായിരുന്നു. സന്തോഷത്തിന്റെ നല്ല നാളുകൾ, ദൈവം വിശ്വസ്തനായപ്പോഴും ഞാൻ പലപ്പോഴും അവിശ്വസ്തനായി മാറി. ദൈവം ചെയ്യുന്ന നന്മകൾക്കനുസൃതമായി ദൈവത്തിന് നന്ദി കരേറ്റുവാൻ കഴിയാതെ, സീനായി മലയുടെ താഴ്‌വരയിൽ ദൈവം തന്ന നന്മ കൊണ്ട് കാളക്കുട്ടിയെ ഉണ്ടാക്കി നൃത്തമാടിയ യിസ്രയേൽ ജനതയെപ്പോലെ ആയിപ്പോയി ഞാനും. ജനം തിന്നുവാനും കുടിപ്പാനും ഇരുന്നു കളിപ്പാൻ എഴുന്നേറ്റുല എന്ന് പറയുന്നതു പോലെ നന്മ തന്ന ദൈവത്തെ മറന്നു നന്മയെ അധികം സ്നേഹിച്ചു. എന്നാൽ എന്നെ ആ നിലയിൽ അധികം കാലം തുടരുവാൻ അനുവദിക്കാതെ ദൈവം ഞങ്ങളെ ബാലശിക്ഷയിലൂടെ കടത്തിവിട്ടു. സന്തോഷത്തിന്റെ നല്ല ദിനങ്ങൾ എന്നിൽ നിന്നും പറന്ന് അകന്നു. ദുഃഖത്തിന്റെ കരിനിഴലുകൾ പതുക്കെ തലയുർത്തി ആടി തുടങ്ങി. ദൈവം മനുഷ്യന്റെ ശരീരത്തിൽ സൃഷ്ടിക്കുന്നതിനെ നശിപ്പിക്കുവാനല്ലാതെ സൃഷ്ടിക്കുവാൻ ആർക്കും കഴിയില്ല എന്ന് എന്നെ മനസ്സിലാക്കുന്ന രോഗത്തിന്റെ കഠിന പാതയിലൂടെ ഞാൻ കടന്നുപോയി. 2013 നവംബർ മാസത്തിൽ തണുപ്പ് ആരംഭിച്ചു. പതിവു ജോലി കഴിഞ്ഞ് ഞാൻ കൂടിവരുന്ന ചർച്ച് പുതുക്കി പണിയുന്നതിനോടനുബന്ധമായ പ്രവർത്തികളിൽ ഞാനും ഉൾപ്പെട്ടിരുന്നു. ആ പണിയോടുള്ള ബന്ധത്തിൽ പൊടിയും അദ്ധ്വാനവും നിമിത്തം എനിക്ക് പനി പിടിച്ചു. പനി കഠിനമായപ്പോൾ ഡോക്ടറുടെ നിർദ്ദേശ പ്രകാരം ആറ് കോഴ്സ് ആന്റി ബയോട്ടിക്ക് ഞാൻ കഴിച്ചു എങ്കിലും പനി കുറയാതെ വന്നു. തുടർന്നും ഞാൻ ഡോക്ടറെ കണ്ടു അപ്പോൾ ഡോക്ടർ എന്നോട് പറഞ്ഞത് എന്റെ കൈവശമുള്ള മരുന്നുകൾ എല്ലാം തീർന്നു ഇനി വേറെ ഏതെങ്കിലും ഒരു ഡോക്ടറെ കാണുക എന്ന് നിർദ്ദേശമാണ്. എന്റെ ജീവിതത്തിൽ നിരാശ ബാധിച്ചു അതോടൊപ്പം പനിയുടെ കാഠിന്യവും കൂടി. അതിന്റെ ഫലമായി മൂക്കിൽ നിന്നും രക്തം വരുന്ന അനുഭവത്തിലേക്ക് അത് മാറി. ചില സമയങ്ങളിൽ 15 മിനിറ്റോളം തുടർച്ചയായി രക്തം വന്നു കൊണ്ടേയിരുന്നു തല്ഫലമായി ശരീര ഭാരം വല്ലാതെ കുറഞ്ഞു. വടിയുടെ സഹായം ഇല്ലാതെ എഴുന്നേറ്റ് നില്ക്കുവാൻ കഴിയാത്ത അവസ്ഥ. ജീവൻ രക്തത്തിലാണ് അടങ്ങിയിരിക്കുന്നത് എന്ന് വൈദ്യശാസ്ത്രവും വിശുദ്ധ ബൈബിളും പറയുന്നു. അത് ശരിയാണെന്ന് ഏവർക്കും അറിയാവുന്ന സത്യവുമാണ്. അങ്ങനെയെങ്കിൽ എന്റെ ശരീരത്തിൽ നിന്നും നഷ്ടപ്പെടുന്നത് എന്റെ ജീവനാണ് എന്ന തിരിച്ചറിവ് എന്നിലും ഉണ്ടായി. എന്നെ കാണുന്നവർക്ക് തിരിച്ചറിയുവാൻ കഴിയാത്ത വിധം ശരീരത്തിന്റെ ഭാരവും, സൗന്ദര്യവും എല്ലാം നഷ്ടപ്പെട്ടു. ആളുകൾ സഹതാപത്തോടെ എന്നെ നോക്കി കാണുന്നത് ഞാൻ മനസ്സിലാക്കി. എന്റെ ഭവനം ഒരു വിലാപ ഭവനത്തിനു തുല്യമായി മാറി, ആരും ഒന്നും മിണ്ടാത്ത അവസ്ഥ. ഭാര്യയുടെയും മമ്മിയുടെയും ചിരി കണ്ണുനീരിന് വഴി മാറി. മുന്നിൽ മരണം മാത്രം എന്ന് ഏവരും വിധിയെഴുതി. ആ സമയത്ത് രണ്ട് രാത്രികളിൽ ഞാൻ ഒരേ സ്വപ്നം കണ്ടു "ഇന്ന് ഞാൻ നാളെ നീ എന്ന്" എഴുതിയിരിക്കുന്ന ഒരു ശവപ്പെട്ടി. അപ്പോൾ ഞാൻ ദൈവത്തോട് മനസ്സിൽ ചോദിച്ചു "എന്നെ ലോകത്തിൽ നിന്നും എടുക്കുകയാണോ, സ്നേഹനിധികളായ എന്റെ ഭാര്യയേയും, മക്കളേയും, അമ്മയേയും ഉപേക്ഷിച്ച് വരണമോ കർത്താവെ. എന്നെ നീ എടുക്കുന്നെങ്കിൽ ആകെ ഒരു അപേക്ഷ മാത്രമെ എനിക്കു ഉള്ളു. യേശുക്രിസ്തുവിനെ മരിച്ചവരുടെ ഇടയിൽ നിന്നും ഉയർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എങ്കിൽ നിങ്ങളുടെ മർത്യ ശരീരത്തേയും ഉയർപ്പിക്കും എന്നാണ് ദൈവവചനം. അതു കണ്ട് അങ്ങയുടെ വരവിങ്കൽ വിശുദ്ധന്മാർ ഉയിർത്തെഴുന്നേല്ക്കുന്ന പൊൻപുലരിയിൽ ഞാനും ഉയിർത്തെഴുന്നേല്ക്കേണ്ടതിന് എന്നെ പരിശുദ്ധാത്മാവിന്റെ അഭിഷേകത്താൽ നിറച്ചു കഴിഞ്ഞതിനു ശേഷം മാത്രമെ എന്റെ ജീവനെ എടുക്കാവു എന്ന് ഞാൻ പ്രാർത്ഥിച്ചു". ദൈവം എന്റെ പ്രാർത്ഥന കേട്ടു, ആ സ്വപ്നം എന്നെ വിട്ടു മാറി അത് പിന്നീട് ഞാൻ കണ്ടില്ല. എന്റെ രോഗ കഠിനമാകുന്നതിനാൽ അമേരിക്കയിലെ പ്രശസ്തരും പ്രഗത്ഭരുമായ അനേകം ഡോക്ടർമാരെ ഞങ്ങൾ കണ്ടു പലർക്കും രോഗം എന്താണെന്ന് മനസ്സിലായില്ല. അവസാനം ഒരു ഡോക്ടർ പറഞ്ഞു എന്റെ രോഗം ലക്ഷത്തിൽ ഒരാൾക്ക് മാത്രം വരുന്ന വിഗനേഴ്സ് ഗ്രാനുലോമാറ്റോസിസ് (wegener's granulomatosis) എന്നതാണ് എന്ന്. ശരീരത്തിന്റെ രോഗപ്രതിരോധ ശേഷി ഇല്ലാതാകുന്ന അവസ്ഥ. രക്തത്തിലെ വെളുത്ത രക്താണുക്കൾ അശേഷം ഇല്ലാതാകുന്നതാണ് ഈ രോഗം. പല തരത്തിലുള്ള അസ്വസ്ഥതകളാണ് ഈ രോഗം വരുന്ന രോഗിക്ക് അനുഭവിക്കേണ്ടി വരിക. അതു തന്നെ എനിക്കും സംഭവിച്ചു ഇടതു ചെവിയുടെ കേൾവി ശക്തി നഷ്ടപ്പെട്ടു, ചെവിയുടെ അടിവശത്തായി നീരുവന്ന് വീർത്തതു പോലെ ഒരു മുഴ പ്രത്യക്ഷപ്പെട്ടു. കാലുകളും കൈകളും നീരു വന്നു വീർത്തു. ചൂടു വെള്ളം കൈകളിലും കാലുകളിലും വീണാൽ എന്ത് അനുഭവം ആണോ ഉണ്ടാകുന്നത് അതേ അനുഭവം ആണ് ഈ അവസരത്തിൽ എനിക്ക് നേരിടേണ്ടി വന്നത്. പരസഹായം കൂടാതെ ഒന്നും ചെയ്യുവാൻ കഴിയാത്ത അവസ്ഥ. ജോലിക്കു പോകുവാൻ എനിക്ക് കഴിയുന്നില്ല, അതിനാൽ സിക്ക് ലീവെടുത്തു. ഭാര്യക്ക് ജോലി ചെയ്യുകയും എന്നെ ശുശ്രൂഷിക്കുകയും വേണം. ഈ രോഗത്തിനുള്ള ഏക പ്രതിരോധം കീമോ തെറാപ്പി മാത്രമാണ് മറ്റ് മരുന്നുകൾ ഒന്നും ഇല്ല. അതിന്റെ ആദ്യ പടിയായി എന്നെ ശുശ്രൂഷിക്കുന്ന ഡോക്ടർ എനിക്ക് മെത്തോട്രെക്‌സൈഡ് എന്ന ഏഴു ചെറിയ ഗുളികൾ അടങ്ങുന്ന കീമോ മരുന്ന് തന്നു. അതിന്റെ പരിണിത ഫലം എന്നത് വെളുത്ത രക്താണുക്കളെ അശേഷം രക്തത്തിൽ നിന്നും ഇല്ലാതാക്കുക എന്നതാണ്. അങ്ങനെ ഇല്ലാതായാൽ പിന്നീട് കൂടുതൽ വെളുത്ത രക്താണുക്കൾ ഉണ്ടായി വരും എന്ന വൈദ്യശാസ്ത്രത്തിന്റെ പ്രതീക്ഷ മാത്രമാണ്. എന്തായാലും ആ മരുന്ന് കഴിച്ച് കഴിഞ്ഞപ്പോൾ എന്റെ കൈകാലുകളിലെ നീര് മാറുകയും, ചെവിക്കല്ല് തുളച്ച് ചെവിയിൽ കെട്ടികിടന്ന വെള്ളം എടുത്ത് കളയുകയും ചെയ്തു. ഇത്രയും കഠിനമായ സ്ഥിതിയിലൂടെ ഞാൻ കടന്നുപോയപ്പോൾ എന്റെ സഭയിലെ പാസ്റ്റർ റവ. ഡോ. ഷിബു ശാമുവേലിനോട് എന്റെ ഭവനത്തിൽ ഒരു ഉപവാസ പ്രാർത്ഥന ക്രമീകരിക്കുവാൻ ഞാൻ ആവശ്യപ്പെട്ടു. അതിൻ പ്രകാരം പാസ്റ്റർ ഞങ്ങൾക്കു വേണ്ടി ഭവനത്തിൽ ഏഴ് ദിവസത്തെ ഒരു ഉപവാസ പ്രാർത്ഥന ക്രമീകരിക്കുകയും, ഡളാസ്സ് പട്ടണത്തിലുള്ള മുഴുവൻ ദൈവമക്കളോടും എന്റെ രോഗസൗഖ്യത്തിനായി പ്രാർത്ഥിക്കുവാൻ അപേക്ഷിക്കുകയും ചെയ്തു. ഭവനത്തിൽ ക്രമീകരിച്ച ഉപവാസ പ്രാർത്ഥനയുടെ പ്രാരംഭ ദിവസം തന്നെ എന്റെ രോഗം കഠിനമായി മൂർച്ഛിച്ചു, എന്നെ ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്തു. അപ്പോൾ ഞങ്ങളുടെ പാസ്റ്റർ പറഞ്ഞു വിൻസൺ ഉപവാസ പ്രാർത്ഥന അവസാനിക്കുന്നതിന് മുന്നമെ സൗഖ്യമായി ഭവനത്തിൽ മടങ്ങി എത്തും എന്ന്. അത് എനിക്ക് മടങ്ങി വരവിനുള്ള സമയം ആയിരുന്നു. വെറുതെ കട്ടിലിൽ കിടക്കുമ്പോൾ ഞാൻ പ്രാർത്ഥിക്കുവാനും, ദൈവവചനം വായിക്കുന്നതിനും, ചാനലുകളിൽ നിന്ന് ദൈവവചനം ശ്രവിക്കുവാനും തുടങ്ങി. യേശു ക്രിസ്തു ഈ ലോകത്തിൽ ആയിരിന്നപ്പോൾ രോഗികളെ സൗഖ്യമാക്കിയ ഭാഗം എന്നെ വളരെയധികം സ്പർശിച്ചു. അതിനാൽ എനിക്കും സൗഖ്യം ലഭിക്കും എന്ന് എന്റെ മനസ്സ് എന്നോട് പറഞ്ഞതിനാൽ ഞാൻ കൂടുതൽ ദൈവത്തോട് അടുത്തു, അത് എനിക്ക് അനുഗ്രഹമായി ഭവിച്ചു. ആറ് പേരടങ്ങുന്ന ഒരു ഗ്രൂപ്പ് സ്പെഷ്യൽ ഡോക്ടർമാർ എന്നെ പരിശോധിക്കുവാൻ തുടങ്ങി. എന്റെ ശരീരത്തിന്റെ ഓരോ ആന്തരിക അവയവത്തിനും ഒരോ ഡോക്ടർമാർ. കാരണം ഈ രോഗം ബാധിക്കുന്ന രോഗിയുടെ ആന്തരിക അവയവങ്ങൾ ഒരോന്നായി നിർജ്ജീവിമാകും, അങ്ങനെ പതുക്കെയാണ് പൂർണമായും മരിക്കുക. കിഡ്നിയുടെ ഡോക്ടർ ഒരു ബയോപ്സിക്കു നിർദ്ദേശിച്ചു, ബയോപ്സി റിസൽട്ട് എന്ന് കിട്ടും എന്ന് ആരാഞ്ഞപ്പോൾ മിക്കവാറും തിങ്കളാഴ്ച എന്ന മറുപടിയാണ് എനിക്ക് ലഭിച്ചത്. അപ്പോൾ ഞാൻ ദൈവത്തോട് പ്രാർത്ഥിച്ചു "കർത്താവെ ഒരു ദിവസം എങ്കിലും എന്റെ ഭവനത്തിൽ നടക്കുന്ന പ്രാർത്ഥനയിൽ സംബന്ധിക്കുവാൻ എനിക്ക് അവസരം തരണമെ" എന്ന്. അത്ഭുതം എന്ന് പറയട്ടെ പിറ്റേ ദിവസം റിസൽട്ടുമായി വന്ന ഡോക്ടർ എന്നോട് പറഞ്ഞു "നീ ഭാഗ്യവാനാ നിന്റെ വൃക്കയുടെ ആദ്യ ഭാഗത്ത് മാത്രമെ ഇപ്പോൾ ഈ രോഗം ബാധിച്ചിട്ടുള്ളു അതിനാൽ ഒരു കീമോ തെറാപ്പി വഴി നമുക്ക് ഈ രോഗം മാറ്റാം" എന്ന് പറഞ്ഞു. ഞാൻ അതിന് സമ്മതിച്ചു അതുകൊണ്ട് ഡോക്ടർമാർ അതിനുള്ള ക്രമീകരണം നടത്തി. മരുന്ന് എടുക്കുന്നതിന് മുന്നമെ ഡോക്ടർ എന്നോട് പറഞ്ഞു കീമോ ചെയ്താൽ ഛർദ്ധിക്കും, മുടിയും നഖവും കൊഴിയും, ശരീരത്തിന് ക്ഷീണം ഉണ്ടാകും എന്ന്. അപ്പോൾ മരുന്ന് എടുക്കുന്നതിന് തൊട്ടു മുന്നമെ ഞാനും ഭാര്യയും ഞങ്ങളുടെ പാസ്റ്റർ ഷിബു ശാമുവേലും കരം കോർത്ത് പ്രാർത്ഥിച്ചു "കർത്താവെ മറ്റ് എന്ത് സംഭവിച്ചാലും ഛർദ്ദിക്കുക മാത്രം ചെയ്യരുതെ എന്ന്". എന്റെ പ്രാർത്ഥന കേട്ട് എന്റെ മുടിയും നഖവും കൊഴിഞ്ഞില്ല, ഞാൻ ശർദ്ധിച്ചില്ല, ക്ഷീണത്തിന് പകരം എനിക്ക് കൂടുതൽ ആരോഗ്യം കൈവന്നു. നാം ഏതു വിഷയത്തിനു വേണ്ടിയും ദൈവത്തോട് ആത്മാർത്ഥമായി കരഞ്ഞ് പ്രാർത്ഥിച്ചാൽ നമ്മുടെ പ്രാർത്ഥന കേൾക്കുന്ന ഒരു ദൈവം ഇന്നും സ്വർഗ്ഗത്തിൽ നമുക്കായി ജീവിക്കുന്നു എന്ന് എന്റെ അനുഭവം തെളിയിക്കുന്നു. വളരെയധികം മുൻ കരുതൽ എടുക്കേണ്ട ഒന്നാണ് കീമോ തെറാപ്പി. റൊട്ടാക്സിൻ എന്ന മരുന്ന ഐവി ഫ്ളൂയ്ഡ് വഴി തന്ന് നമ്മുടെ ശരീരത്തിന്റെ പ്രതിരോധകരായ വെളുത്ത രക്താണുക്കളെ അശേഷം നശിപ്പിച്ച് ശരീരത്തിലെ പ്രതിരോധ ശേഷി ഇല്ലാതാക്കുക. ആ മരുന്ന ശരീരത്തിൽ വീഴുവാൻ പാടില്ല വീണാൽ അത്രയും ഭാഗം ചൊറിഞ്ഞ് പൊട്ടും. കീമോ കഴിഞ്ഞാൽ കുറച്ചു ദിവസത്തേക്ക് എന്നെ ആരും സന്ദർശിക്കുവാനും പാടില്ല, കാരണം രോഗപ്രതിരോധശേഷി ഇല്ലാത്തതിനാൽ ആരിൽ നിന്നെങ്കിലും

⇨

# ഹൃദയം തണുപ്പിക്കുന്നവരാകുക



ജോൺസൺ കണ്ണൂർ
9847518230

"അതേ സഹോദരാ നിന്നെക്കൊണ്ട് എനിക്ക് കർത്താവിൽ ഒരനുഭവം വേണ്ടിയിരിക്കുന്നു; ക്രിസ്തുവിൽ എന്റെ ഹൃദയം തണുപ്പിക്കുക" (ഫിലോമോൻ 20).

ഒരു വ്യക്തിയെ കോപാകുലനാക്കുവാൻ ഒരു വാക്കു മതി. എന്നാൽ ആ വ്യക്തിയെ തണുപ്പിക്കാൻ പിന്നെ പതിനായിരം വാക്ക് പറയണം. ഒരു സെക്കന്റ് കൊണ്ട് ഒരുവനെ ചൂടാക്കാം. എന്നാൽ അതേ വ്യക്തിയെ തണുപ്പിക്കാൻ ഒരു മണിക്കൂർ വേണ്ടിവരും.

വെള്ളം ചൂടാക്കാൻ തീകത്തിച്ചാൽ മതി. ഇലക്ട്രിക് സ്റ്റൗ ആണെങ്കിൽ ഒന്ന് സ്വിച്ച് ഇട്ടാൽ മതി. അതേസമയം അത് തണുപ്പിക്കണമെങ്കിൽ പെട്ടെന്ന് സാധ്യമല്ല.

ഇത് പ്രകൃതി നിയമമാണ്.

ആയതുകൊണ്ട് കഴിവതും ആരെയും കോപിപ്പിക്കാതിരിക്കുക.

ചിലർക്ക് മറ്റുള്ളവരെ പരിഹസിച്ചും ഹൃദയത്തെ വേദനിപ്പിച്ചും സംസാരിക്കാൻ മാത്രമേ അറിയൂ. അത് അവരുടെ രക്തത്തിൽ അലിഞ്ഞു ചേർന്ന കാര്യമാണ്. ഒരിക്കലും അത് മാറുവാൻ പോകുന്നില്ല.

"വാളുകൊണ്ട് കുത്തുംപോലെ മൂർച്ചയായി സംസാരിക്കുന്നവരുണ്ട്" സദൃ. 12:18

വാക്ക് ഒരു അസ്ത്രമല്ല. പക്ഷേ, വളരെ ശ്രദ്ധിച്ചേ അത് ഉപയോഗിക്കാവൂ. കാരണം, അസ്ത്രത്തേക്കാൾ ആഴത്തിൽ അത് ഹൃദയത്തെ കീറിമുറിക്കും എന്ന് ശലോമോൻ പറയുന്നു.

നല്ലതും തണുപ്പിക്കുന്നതും ഈ കൂട്ടരുടെ നാവിൽ വരികയില്ല. മൂർച്ചയേറിയ നാവ് ചാർച്ച അറിയില്ല എന്നൊരു പഴമൊഴി ഉണ്ട്.

എന്നാൽ വേറെ ചിലരോട് സംസാരിച്ചാൽ നമ്മുടെ ഹൃദയം തണുക്കും.

"ദാഹമുള്ളവന്നു തണ്ണീർ കിട്ടുന്നതും ദൂരദേശത്തു നിന്നു നല്ല വർത്തമാനം വരുന്നതും ഒരുപോലെ" (സദൃ. 25:25).

ക്രിസ്തുവിൽ എന്റെ ഹൃദയം തണുപ്പിക്കുവാൻ പൗലോസ് ഫിലോമോനോട് ആവശ്യപ്പെടുന്നു. കേവലം ഒരു വാക്കുകൊണ്ട് എങ്കിലും മറ്റുള്ളവരെ ആശ്വസിപ്പിക്കാനും തണുപ്പിക്കാനും നമുക്ക് കഴിയുന്നില്ലെങ്കിൽ നാം ക്രിസ്തുവിലല്ല.

തണുപ്പിക്കുന്നവന് തണുപ്പു കിട്ടും (സദൃ. 11:25).

നാം എന്താണ് ആഗ്രഹിക്കുന്നത്. അത് മറ്റുള്ളവർക്ക് ചെയ്യുക.

ഒരിക്കൽ ഒരാൾ ചെടികളുടെ നഴ്സറിയിൽ നിന്നും സൈക്കിളിൽ കുറേ ചെടികളും ഒട്ടുമാവിൻ തൈകളും ഒരു തടിപ്പെട്ടിയിൽ വെച്ച് മാഞ്ചുവട്ടിലെത്തി. ഉച്ച വെയിലായതിനാൽ നാട്ടുമാവിൻ ചുവട്ടിലെ തണലിൽ സൈക്കിൾ നിർത്തി അയാൾ അല്പ നേരം വിശ്രമിച്ചു. മാവിൻചുവട്ടിലെ തണുത്ത കാറ്റ് കൊണ്ട് ചെടി വില്പനക്കാരൻ മയങ്ങിപ്പോയി.

പെട്ടിയിലിരുന്ന ഒട്ടുമാവിൻ തൈ പതിയെ നാട്ടുമാവിനെ നോക്കി ഒരു ഇളിഭ്യച്ചിരി.

എന്നിട്ട് പറഞ്ഞു

നിങ്ങളൊക്കെ വളർന്ന് എത്രകാലം കഴിഞ്ഞാണ് ഫലമുണ്ടാവുന്നത്. ദേ‍ണ്ട നോക്കിയേ ഞങ്ങൾ മുളയിലെ മാങ്ങ നൽകുന്ന മന്ത്രിയ ഇനം മരങ്ങളാണ്. കുഞ്ഞൻ പരിഹസിക്കുകയാണ്.

ഉടനേ നാട്ടുമാവ് മറുപടി പറഞ്ഞു:

"കുഞ്ഞേ ഞങ്ങൾ ഋതുഭേദങ്ങളെ നേരിട്ട് വളർന്നുവന്നവരാണ്. പ്രകൃതി നിയമമനുസരിച്ചേ ഞങ്ങൾക്കു ഫലം കൊടുക്കാനാവൂ. അതിന് മുടക്കമുണ്ടാവില്ല. നിങ്ങളെപ്പോലെ അഞ്ചോ പത്തോ വർഷം കായിച്ച് തീരുന്ന അല്പായുസ്സുള്ളവരല്ല ഞങ്ങൾ. ഇപ്പോൾ തന്നെ വയസ്സ് 50 കഴിഞ്ഞു. തമ്പുരാൻ കനിഞ്ഞാൽ ഇനിയും ഏറെക്കാലം ജീവിക്കാനുള്ള ആരോഗ്യമുണ്ട്.

പ്രതിസന്ധികളേയും വെല്ലുവിളികളേയും എല്ലാം തരണം ചെയ്ത് കാലങ്ങൾ കൊണ്ട് വളർന്നുവന്നവർക്കേ തണുപ്പേകാൻ കഴിയൂ. ആത്മീയ ഫലം കൊടുക്കുവാൻ സാധിക്കൂ. പെട്ടെന്ന് പ്രത്യക്ഷപ്പെട്ട് അല്പകാലം നിന്ന് മറഞ്ഞുപോകുന്നവരായി മാറരുത്.

ഒരുവന്റെ ഞെരുക്കത്തിൽ, കഷ്ടതയിൽ, ജീവിതത്തിന്റെ ദുർഘട നിമിഷങ്ങളിൽ ആശ്വാസവും തണുപ്പും നല്കാൻ മനസ്സ് വരണമെങ്കിൽ നമ്മളും അതേ മേഖലയിലൂടെ പോയവരായിരിക്കണം.

"ദൈവം ഞങ്ങളെ ആശ്വസിപ്പിക്കുന്ന ആശ്വാസം കൊണ്ടു ഞങ്ങൾ യാതൊരു കഷ്ടത്തിലുമുള്ളവരെ ആശ്വസിപ്പിച്ചാൽ ശക്തരാകേണ്ടതിന് ഞങ്ങൾക്കുള്ള കഷ്ടത്തിൽ ഒക്കെയും അവൻ ഞങ്ങളെ ആശ്വസിപ്പിക്കുന്നു (2 കൊരി. 1:4).

23-ാം സങ്കീർത്തനത്തിൽ "എന്റെ പ്രാണനെ അവൻ തണുപ്പിക്കുന്നു" ചുറ്റുപാടും ചൂടുപിടിപ്പിക്കുന്ന അന്തരീക്ഷം ഉണ്ടായിട്ടും എന്നാൽ അതിനിടയിൽ സ്വർഗ്ഗത്തിലെ ഇടയൻ പ്രാണനെ തണുപ്പിക്കുന്നു. ശരീരം തണുക്കാൻ തണുത്ത വെള്ളം കുടിക്കുകയും അതേ വെള്ളം കൊണ്ട് മുഖം കഴുകുകയും ചെയ്താൽ മതി. എന്നാൽ ഹൃദയം അല്ലെങ്കിൽ പ്രാണൻ തണുക്കുവാൻ ദൈവവചനം ഉള്ളിൽ വരണം. കർത്താവിൽ നിന്ന് ആലോചന പ്രാപിച്ച് നാം പറയുന്നെങ്കിൽ എത്ര തിളച്ച് മറിയുന്ന മനസ്സും തണുക്കും. ക്രിസ്തുവിൽ തണുപ്പിക്കാനാണ് ശ്ലീഹാ ആവശ്യപ്പെടുന്നതും.

"അവർ എന്റെ മനസ്സും നിങ്ങളുടെ മനസ്സും തണുപ്പിച്ചുവല്ലോ ഇങ്ങനെയുള്ളവരെ മാനിച്ചുകൊൾവീൻ" (1 കൊരി. 16:18).

വിശുദ്ധന്മാരുടെ ശുശ്രൂഷയ്ക്കു തങ്ങളെ തന്നേ ഏല്പിച്ചിരിക്കുന്ന കുടുംബമാണ് സ്തേഫാനൊസിന്റേത്. അദ്ദേഹത്തിനോടൊപ്പം ഫൊർത്തുനാതൊസും അഖായിക്കൊസും വന്നു ഹൃദയം തണുപ്പിച്ച കാര്യമാണ് പറയുന്നത്. ഇപ്രകാരമുള്ളവരെ മാനിക്കണമെന്ന് പൗലോസ് എടുത്തുപറയുന്നു.

സ്വന്തം കാര്യം മാത്രം നോക്കി പോകുന്നവർക്ക് മറ്റുള്ളവരെ തണുപ്പിക്കാൻ കഴിയില്ല: തങ്ങളെ തന്നെ ന്യായം മറന്ന് ദൈവം ഏല്പിച്ചത് വിശ്വസ്തതയോടെ ചെയ്യുന്നവർക്ക് മാത്രമേ ഇതിന് കഴിയൂ.

അദ്രമുത്താ കപ്പലിൽ എല്ലാവരുടേയും ഉള്ളിൽ ആധിയുടെ തീയ് കത്തുമ്പോൾ പൗലോസിന്റെ ഒരു വാക്ക് അവരെ തണുപ്പിച്ചു. ഈ പ്രത്യേക സാഹചര്യത്തിൽ എല്ലാവരേയുംകൊണ്ട് സാധിക്കുന്ന കാര്യമല്ല. ഇവിടെയാണ് ദൈവകൃപയുടെ പ്രത്യേകത (അപ്പോ. 27:34-36).

ഫിലിപ്പ്യർ കാരാഗ്രഹത്തിൽ അവിടുത്തെ ജയിൽ അധികാരവേവലാതിയോടെ രക്ഷപ്രാപിപ്പാൻ എന്ത് ചെയ്യണമെന്ന് ചോദിച്ചപ്പോൾ പൗലോസിന്റെ ഒരു വാക്ക് അവന്റെ ഹൃദയം തണുക്കാൻ കാരണമായി. നമ്മുടെ ചുറ്റുപാടുകളിൽ കുടുംബങ്ങളിൽ ചിലരുടെ ഹൃദയം തണുപ്പിക്കുവാനാണ് നമ്മെ ദൈവം നിർത്തിയിരിക്കുന്നത്.

സങ്കീർത്തനക്കാരൻ പറയുന്നു:

"എന്റെ ഉള്ളിലെ വിചാരങ്ങളുടെ ബഹുത്വത്തിൽ നിന്റെ ആശ്വാസങ്ങൾ എന്റെ പ്രാണനെ തണുപ്പിക്കുന്നു" (94:19).

പി.ഒ.സി പരിഭാഷ "എന്റെ ഹൃദയത്തിന്റെ ആകുലതകൾ വർദ്ധിക്കുമ്പോൾ അങ്ങ് നൽകുന്ന ആശ്വാസം എന്നെ ഉന്മേഷവാനാക്കുന്നു."

ഈ ലോക മനുഷ്യർക്ക് ലഭിക്കാത്ത ഒരു മഹാഭാഗ്യം നമുക്കുണ്ട്. ദൃശ്യമണ്ഡലത്തിലെ വിഷയങ്ങൾ അദൃശ്യമണ്ഡലത്തിലെ മനസ്സിനെ ചൂടുപിടിപ്പിക്കുമ്പോൾ അദൃശ്യനായ ദൈവത്തിന്റെ അദൃശ്യമായ കരം നമ്മെ തണുപ്പിക്കുന്നു. ആ തണുപ്പ് അനുഭവിക്കുന്നതിന്റെ പ്രതിഫലനങ്ങൾ ദൃശ്യമണ്ഡലത്തിൽ വെളിപ്പെട്ടുവരുന്നു.

പാപപങ്കിലമായ ഇവിടുത്തെ വിചാരങ്ങൾ ആകുലത സമ്മാനിക്കും. ഈ ലോകത്തിനു അതേ കഴിയൂ. അല്ലെങ്കിലും കയ്യിലുള്ളതല്ലേ തരാൻ സാധിക്കൂ. അതുകൊണ്ട് പറയുന്നത് "ഉയരത്തിലുള്ളത് തന്നേ ചിന്തിപ്പിൻ." അന്തരീക്ഷം തണുക്കണമെങ്കിൽ തണുത്ത കാറ്റ് അടിക്കണം. ഇല്ലെങ്കിൽ മഴ പെയ്യണം.

ഇതുപോലെ പരിശുദ്ധാത്മാവിന്റെ മന്ദമാരുതൻ വീശണം. വചനത്തിന്റെ മാരി പെയ്യണം. അപ്പോൾ പ്രശ്നങ്ങളുടെ ചൂടുകൊണ്ട് പ്രക്ഷുബ്ദമായ അന്തരീക്ഷം തണുക്കും.

ഭാരപ്പെടേണ്ട നാം ശാന്ത തുറമുഖത്ത് എത്തുവാൻ സമയമായി !

---

രോഗ വരുവാൻ സാധ്യത കൂടുതലാണ്. തൊട്ടടുത്ത ദിവസം എന്നെ ഡിസ്ചാർജ് ചെയ്തു വീട്ടിലേക്ക് വിട്ടു. എന്റെ ആഗ്രഹം പോലെ വീട്ടിലെ പ്രാർത്ഥനയുടെ അവസാന ഭാഗത്ത് എനിക്കും സംബന്ധിക്കുവാൻ സാധിച്ചു. ഡോക്ടർമാർ നിർദ്ദേശിച്ചതിനു വിരുദ്ധമായി ഒരു സമൂഹം പ്രാർത്ഥിക്കുന്ന ആളുകളുടെ നടുവിലേക്കാണ് ഞാൻ വന്നത്. എന്നാൽ അത്ഭുതം എന്ന് പറയട്ടെ ദൈവകരം എനിക്ക് അനുകൂലമായതിനാൽ ആരിൽ നിന്നും രോഗം എന്നിലേക്ക് പകർന്നില്ല. എന്റെ ആഗ്രഹ പ്രകാരം പ്രാർത്ഥനയുടെ നടുവിൽ എനിക്ക് സാക്ഷ്യം പറയുന്നതിന് അവസരം ലഭിച്ചു. അപ്പോൾ ഞാൻ പറഞ്ഞു "എന്റെ ജീവിതത്തിലെ ഏറ്റവും വലിയ ആഗ്രഹമാണ് പരിശുദ്ധാത്മ അഭിഷേകം പ്രാപിക്കണമെന്ന്". അപ്പോൾ എല്ലാവരും എനിക്കായി പ്രാർത്ഥിച്ചു, അത് ആരാധനയായി മാറി, അതി ശക്തമായ ആരാധന എന്റെ ഭവനത്തിൽ വെളിപ്പെട്ടു. ഞാൻ പരിശുദ്ധാത്മാവിനാൽ നിറഞ്ഞു, അന്യഭാഷയിൽ സംസാരിച്ചു. എഴുന്നേല്ക്കുവാൻ കഴിയാതിരുന്ന ഞാൻ ചാടി എഴുന്നേറ്റ് ദൈവത്തെ ആരാധിച്ചു. ദൈവത്തിന്റെ അനേകം അത്ഭുതങ്ങളെ ഞാൻ വിളിച്ചു പറഞ്ഞു, കൂട്ടത്തിൽ ഞാൻ ഇങ്ങനെ പറഞ്ഞു, ദൈവം എന്നെ കൊണ്ടു പറയിച്ചു എന്റെ രോഗം സൗഖ്യമായി. പരിശുദ്ധാത്മാവ് വന്നു കഴിഞ്ഞാൽ പിന്നെ രോഗശക്തികൾക്ക് ശരീരത്തിൽ ഇരിക്കുവാൻ കഴിയില്ല എന്ന്. അത് സത്യമായി എനിക്ക് ഭവിച്ചു ഇന്നും ജീവനോടെ ഞാൻ ഇരിക്കുന്നു. എന്റെ ആയുസ്സിനെ ദൈവം ദീർഘമാക്കി. ഞാൻ ദൈവീക പാതയിലേക്ക് പൂർണ്ണമായും മടങ്ങി വന്നു. സങ്കീർത്തനക്കാരൻ പറഞ്ഞപോലെ നിന്റെ ചട്ടങ്ങളെ അറിവാൻ തക്കവണ്ണം ഞാൻ കഷ്ടത്തിലായത് എനിക്ക് ഗുണമായി. ഞാൻ ഒരു വർഷത്തിനു ശേഷം പ്രമേഹസംബന്ധിയായ ഡോക്ടറെ ചെന്നു കണ്ടപ്പോൾ ഡോക്ടർ എന്നോട് പറഞ്ഞു സ്റ്റിറോയ്ഡ് ഉപയോഗിച്ചതിനാൽ എന്റെ രക്തത്തിലെ ഷുഗറിന്റെ അളവ് 600 എംജിയിൽ എത്തി. എന്റെ പാദത്തിന്റെ മുകൾ വശത്ത് മരവിപ്പും അനുഭവപ്പെട്ടു. അപ്പോൾ ഡോക്ടർ നിർദ്ദേശിച്ചു അവിടെ ചൊറിയുകയോ മുറിയുകയോ ചെയ്യരുത്. അങ്ങനെ സംഭവിച്ചാൽ മുറിവ് സൗഖ്യമാകുവാൻ വലിയ വിഷമമാ എന്ന്. ഞാൻ തിരികെ വീട്ടിലെത്തി ജോലിക്കു പോകുവാൻ തയ്യാറെടുക്കുന്നതിനിടയിൽ ഞാൻ മരവിച്ചിരിക്കുന്നയിടത്ത് കരം തൊട്ട് പ്രാർത്ഥിച്ചു ദൈവമെ ഇത് സൗഖ്യമാക്കണമെ എന്ന്. അല്പ സമയത്തിനും ശേഷം ആ മരവിപ്പ് ഇല്ലാതാകുകയും ഞാൻ പൂർണ്ണമായി സൗഖ്യമാകുകയും ചെയ്തു. പ്രീയ വായനക്കാരെ നമ്മളെ സൃഷ്ടിച്ച കർത്താവിന് നമ്മെ കുറിച്ച് ഒരു ഉദ്ദേശം ഉണ്ട്. അതിനായി നാം സമർപ്പിച്ചാൽ ദൈവം നമ്മെ ഉപയോഗിക്കും. മനുഷ്യരുടെ ദൈനം ദിന ജീവിതത്തിൽ ദൈവം ഇടപെടുന്നത് വ്യക്തമായി തിരുവചനത്തിൽ കാണാം. അത് നന്മയ്ക്കുള്ളതാണ് തിന്മയ്ക്കുള്ളതല്ല. ദൈവത്തിന്റെ വഴിയിലൂടെ സഞ്ചരിക്കുവാൻ ദൈവം ഏവരേയും പ്രാപ്തരാക്കട്ടെ.

---

## ഐ.പി.സി. വെസ്റ്റ് ബംഗാൾ സ്റ്റേററ് ശുശ്രൂഷക സമ്മേളനവും ഓർഡിനേഷനും



ഐ.പി.സി വെസ്റ്റ് ബംഗാൾ സ്റ്റേറ്റിന്റെ ശുശ്രൂഷക സമ്മേളനത്തിൽ പാസ്റ്റർ പി.എ. കുര്യൻ പ്രസംഗിക്കുന്നു. പാസ്റ്റർമാരായ ബിനു ദേവസ്യ, ഫിന്നി പാറയിൽ, ജോസ്മോൻ ജോർജ്, പ്രദീപ് കുമാർ എന്നിവർ സമീപം. പാസ്റ്റർ ജോസഫ് ജോയി പരിഭാഷപ്പെടുത്തുന്നു.

**കൊൽക്കത്ത:** ഐ.പി.സി. വെസ്റ്റ് ബംഗാൾ സ്റ്റേററിന്റെ ആറാമത് വാർഷിക ശുശ്രൂഷക സമ്മേളനവും ഓർഡിനേഷൻ ശുശ്രൂഷയും ഒക്ടോബർ 22 ശനിയാഴ്ച രാവിലെ 10 മുതൽ കൊൽക്കത്തയിൽ നടന്നു. കബർഡങ്ങ ഡിവൈൻ ഫെലോഷിപ്പ് ബ്ലൈൻഡ് സ്കൂളിൽ നടന്ന സമ്മേളനത്തിൽ വെസ്റ്റ് ബംഗാളിന്റെ വിവിധ ജില്ലകളിൽ നിന്നുള്ള കർത്തൃദാസന്മാരും സെന്റർ ശുശ്രൂഷകന്മാരും സംബന്ധിച്ചു. ശുശ്രൂഷക സമ്മേളനത്തിൽ ഐ.പി.സി. വെസ്റ്റ് ബംഗാൾ സ്റ്റേററ് പ്രസിഡന്റ് പാസ്റ്റർ പി. എ. കുര്യൻ, സ്റ്റേററ് സെക്രട്ടറി പാസ്റ്റർ ഫിന്നി പാറയിൽ, പാസ്റ്റർമാരായ ജോസ്മോൻ ജോർജ്ജ്, പ്രദീപ് കുമാർ, ജോസഫ് ജോയി, ബിനുദേവസ്യ എന്നിവർ ശുശ്രൂഷിച്ചു. ദീർഘ വർഷങ്ങളായി കർത്തൃശുശ്രൂഷയിൽ ആയിരിക്കുന്ന സുവിശേഷകന്മാരായ ബാബു സണ്ണി, രാജീവ് ദത്ത, എബി എം. ജോൺ എന്നിവരുടെ ഓർഡിനേഷൻ ശുശ്രൂഷ പാസ്റ്റർ പി. എ. കുര്യന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. ഈ സമ്മേളനത്തിന്റെ വിപുലമായ ക്രമീകരണങ്ങൾ ട്രഷറർ പി.സി. ചാക്കോയുടെ നേതൃത്വത്തിൽ സ്റ്റേററ് കൗൺസിൽ അംഗങ്ങൾ നിർവഹിച്ചു. ബംഗാളിന്റെ വിവിധ ഗ്രാമങ്ങളിൽ നിന്ന് ഈ സമ്മേളനത്തിൽ സംബന്ധിച്ച ദൈവദാസന്മാരുടെ സൗകര്യാർത്ഥം സ്റ്റേട്ട് കൗൺസിലിന്റെ താൽക്കാലിക ഓഫീസ് ബ്രദർ സുനിൽ വർഗ്ഗീസിന്റെ നേതൃത്വത്തിൽ സമ്മേളന സ്ഥലത്ത് തുറന്ന് പ്രവർത്തിച്ചു.

## സുവിശേഷയോഗവും ഗ്രാഡുവേഷൻ സർവ്വീസും

**ഡോംബിവല്ലി:** ഫെയ്ത്ത് തിയോളജിക്കൽ സെമിനാരി എക്സ്റ്റൻഷൻ എഡ്യൂക്കേഷന്റെ ആഭിമുഖ്യത്തിൽ സുവിശേഷയോഗവും ഗ്രാഡുവേഷൻ സർവ്വീസും 2016 നവംബർ 18,19,20 തീയതികളിൽ ഡോംബിവല്ലി ഈസ്റ്റിലുള്ള സർവേശ് ഹാളിൽ (തിലക് റോഡ്) റയിൽവേ സ്റ്റേഷന് സമീപം വച്ച് നടക്കും. സുവിശേഷ യോഗത്തിൽ പാസ്റ്റർ കെ.ജെ.മാത്യു (കുമളി) മുഖ്യ പ്രസംഗകനായിരിക്കും. 19 ശനി 2.30 മുതൽ 5.30 വരെ നടക്കുന്ന ഗ്രാജുവേഷൻ ശുശ്രൂഷ ഫെയ്ത്ത് തിയോളജിക്കൽ സെമിനാരി പ്രസിഡന്റ് ഡോ.റ്റി.ജി.കോശി നിർവഹിക്കുന്നതായിരിക്കും.

സെലസ്റ്റ്യൻ സിംഗേഴ്സ്, മുംബൈ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം കൊടുക്കും.

# ഇടയസമൂഹവും വിശ്വാസി സമൂഹവും ദൈവസഭയ്ക്ക് വിലപ്പെട്ടത്



**പാസ്റ്റർ എം. കുഞ്ഞപ്പി**

**പ്രാ**ദേശിക തലങ്ങളിലും, ഡിസ്ട്രിക്ട് തലങ്ങളിലും നേതൃത്വതലങ്ങളിലും ശുശ്രൂഷകന്മാരോടൊപ്പം വിശ്വാസികൾക്കും പങ്കുണ്ട്. ഇടയന്മാരെ പോഷിപ്പിക്കുന്നത് ആടുകളായ വിശ്വാസി സമൂഹമാണ്. ഇവിടെ ഒരു വിഭാഗത്തിന്റെ മേൽ ഒരു വിഭാഗം ഭരണം നടത്തുകയല്ല. തമ്മിൽ തമ്മിൽ വിധേയപ്പെട്ട് ദൈവസ്നേഹത്തിൽ പരിപാലിക്കുകയാണ് ചെയ്യുന്നത്. "ഭരണം", "കർത്തൃത്വം", "അധികാരം" ഈ പദങ്ങളല്ല ഒരു ഇടയശുശ്രൂഷയ്ക്ക് നൽകുന്നത്. പരിപാലനം എന്ന പദമാണ് ഉത്തമം. ദൈവത്താൽ ആക്കപ്പെട്ട ഇടയൻ എന്ന പരിഗണന വിശ്വാസിസമൂഹം ശുശ്രൂഷകന് നൽകണം. അപ്പോൾ തന്നെ ഈ ആട്ടിൻകൂട്ടത്തെ സംബന്ധിച്ച് ഞാൻ ദൈവസന്നിധിയിൽ കണക്ക് കൊടുക്കേണ്ടവനാണ് എന്ന ഗൗരവമേറിയ ഉത്തരവാദിത്വം ഇടയനുണ്ട്. കൂടെ ഉള്ള തൊണ്ണൂറ്റി ഒമ്പതിനെയും, വീട്ട് കാണാതെ പോയ ഒന്നിനെ തേടി ഇടയൻ പോകുന്ന യേശുവിന്റെ ഉപമ അതാണ് വ്യക്തമാക്കുന്നത്. ആടുകൾ ഉള്ളതു കൊണ്ടാണ് ഇടയന്റെ ആവശ്യം ഉള്ളത്. ഇടയന്റെ പോഷണത്തിന് ആടുകൾ ഉണ്ടാകണം. അത് ആർക്കും നിഷേധിക്കുവാൻ കഴിയുകയില്ല. ആടുകൾ കൊടുക്കുന്നവരും ഇടയൻ ഭരിക്കുന്നവനും എന്ന ചിന്തയെക്കാൾ തമ്മിൽ തമ്മിൽ ഉള്ള ദൈവസ്നേഹത്തിൽ രണ്ടു കൂട്ടരും വിധേയപ്പെട്ടു നിൽക്കുന്ന രീതിയാണ് അഭികാമ്യം. ആടുകൾ ഒരിക്കലും ഇടയനെ ഭരിക്കുവാനോ കർത്തൃത്വം നടത്തുവാനോ ദൈവവചനം അനുവദിക്കുന്നില്ല. അങ്ങനെയുള്ള സാഹചര്യം ആടുകൾ ആഗ്രഹിക്കുകയും ചെയ്യരുത്. ആടിനേക്കാൾ ഇടയൻ എന്തു കൊണ്ട് ശ്രേഷ്ഠനാകുന്നു എന്നു ചോദിച്ചാൽ ആടിന്റെ നിത്യത സംബന്ധിച്ചും, ആത്മീയ പോഷണം സംബന്ധിച്ചും ഏറിയ ഉത്തരവാദിത്വം ഇടയനാണ് എന്നതിനാലാണ്. ആട് ഇടയന് ശാരീരിക പോഷണം നൽകുമ്പോൾ ഇടയൻ ആടിന് ആത്മീക പോഷണം നൽകുന്നു. ഇവിടെ പ്രാധാന്യം നിത്യതയ്ക്ക് വേണ്ടി ആടിനെ ഒരുക്കി പോഷിപ്പിക്കുന്ന ഇടയനാണ് എന്നതിന് തർക്കം വേണ്ട. ആടുകൾ ഇടഞ്ഞാൽ ഇടയന് പോഷണത്തിന് മങ്ങൽ ഉണ്ടാകും എന്നതിന് തർക്കം ഇല്ല. എങ്കിലും ഇടയനെ ശുശ്രൂഷയ്ക്ക് ആക്കി വച്ചത് ആടുകൾ അല്ല. ശ്രേഷ്ഠ ഇടയനായ കർത്താവാണ്. ആടുകൾ എത്ര ഇടഞ്ഞാലും ഇടയൻ തോൽപിക്കപ്പെടുകയില്ല. വിളിച്ച് ശുശ്രൂഷ ഏല്പിച്ചത് കർത്താവാണ് എന്നതിനാൽ ആ മുഖത്തേക്ക് നോക്കി നിലവിളിച്ചാൽ മതി. ഇടയനെ കരുതുന്ന ഒരു ദൈവം ഉണ്ട്. യഥാർത്ഥ ദൈവവിളിയിൽ കർത്തൃവേലയ്ക്ക് സമർപ്പിച്ച് ഇറങ്ങിയ ഒരു കർത്തൃവേലക്കാരനെ തോല്പിക്കുവാൻ ആർക്കും കഴിയുകയില്ല എന്നത് സത്യമാണ്. തെരഞ്ഞെടുപ്പ്, വോട്ടെടുപ്പ് ഇതൊക്കെ ആത്മീയ വീക്ഷണത്തിൽ തിരുവചനപ്രകാരം യോജിക്കുവാൻ സാധിക്കാത്തതാണ്. ആർക്കും ഇതൊന്നും നീതീകരിക്കുവാൻ കഴികയില്ല. "ദൈവസഭ" എന്ന വീക്ഷണത്തിൽ റ്റി.പി.എം. പ്രസ്ഥാനത്തിന്റെ നേതൃത്വനിയമനമാണ് ഉത്തമം. പ്രസ്ഥാനം ഏതായാലും അംഗീകരിക്കുവാൻ കഴിയുന്നത് അംഗീകരിച്ചേ മതിയാകയുള്ളൂ. "സൊസൈറ്റി" വീക്ഷണത്തിൽ തെരഞ്ഞെടുപ്പ് വരുമ്പോൾ പലപ്പോഴും ദൈവഹിതം വെളിപ്പെടുന്നില്ല. ആൾസ്വാധീനം, പണസ്വാധീനം, പ്രലോഭനം, ഭയപ്പെടുത്തൽ, ബന്ധുസ്വാധീനം ഇതെല്ലാം തെരഞ്ഞെടുപ്പിൽ സ്വാധീനം ചെലുത്തും. അതുകൊണ്ട് പലപ്പോഴും തിരുഹിതം വെളിപ്പെടാതെ പോകും എന്ന വാദത്തെ ശരി വയ്ക്കുന്നു. "സൊസൈറ്റി" വീക്ഷണത്തിൽ അതിന്റെ സംവിധാനത്തിൽ നടക്കുന്ന തെരഞ്ഞെടുപ്പിൽ വിശ്വാസി സമൂഹത്തിന് വോട്ടു ചെയ്യുവാൻ അവസരം കൊടുക്കേണം എന്ന വാദത്തെ നിഷേധിക്കുവാൻ കഴികയുകില്ല. വിശ്വാസിസമൂഹത്തേയും ഇടയസമൂഹത്തേയും ഒരുപോലെ "ഭരിക്കുവാൻ" ഒരു നേതൃത്വത്തെ തെരഞ്ഞെടുക്കുമ്പോൾ രണ്ടു ഭാഗത്തിനും വോട്ടവകാശം ഉണ്ടാകണം. ഇടയസമൂഹം തെരഞ്ഞെടുക്കുന്ന ഒരു നേതാവ് വിശ്വാസിസമൂഹത്തെ ഭരിക്കുന്നു. ഇവിടെയാണ് വിരോധാഭാസം. രണ്ടു വിഭാഗവും ഒരു അദ്ധ്യക്ഷനാൽ ഭരിക്കപ്പെടുമ്പോൾ രണ്ടു വിഭാഗത്തിനും തെരഞ്ഞെടുപ്പിൽ പങ്കുണ്ട്. ഇവിടെയാണ് റ്റി.പി.എം. പ്രസ്ഥാനത്തിന്റെ നിയമനത്തിന് പ്രാധാന്യം വരുന്നത്. അവരുടെ നിയമനം തീർത്തും ദൈവാധിപത്യമാണ്. ജനാധിപത്യമാണ് തെരഞ്ഞെടുപ്പിൽ സ്വീകരിക്കുന്നതെങ്കിൽ വിശ്വാസിസമൂഹവും, ഇടയസമൂഹവും ഒന്നിച്ച് പങ്കാളികളാകണം. ദൈവാധിപത്യമാണ് നേതൃനിയമനത്തിന് സ്വീകരിക്കുന്നതെങ്കിൽ ഇവിടെ വോട്ടെടുപ്പ് എന്ന പ്രക്രിയ വേണ്ട. വാസ്തവത്തിൽ വിശുദ്ധ ബൈബിൾ അനുശാസിക്കുന്നതും ദൈവാധിപത്യമാണ്. ജനാധിപത്യം ദൈവാധിപത്യത്തെ കീഴ്പ്പെടുത്തുന്ന രീതിയാണ് ഇന്ന് നിലവിലുള്ളത്. ദൈവഹിതപ്രകാരം ഒരു നേതൃത്വം ഭരണതലത്തിൽ വരുവാൻ ദൈവത്തിന് മാത്രം തെരഞ്ഞെടുപ്പ് വിട്ടു കൊടുക്കണം. അപ്പൊസ്തലന്മാർ മൂപ്പന്മാരെ ആക്കി വെച്ചതും, പരിശുദ്ധാത്മാവുള്ള പുരുഷന്മാരെ ശുശ്രൂഷയ്ക്ക് വേർതിരിച്ച അപ്പൊ. 6-ാം അദ്ധ്യായം പരിശോധിക്കപ്പെടുമ്പോഴും അവിടെ വോട്ടെടുപ്പ് അല്ല നടക്കുന്നത്. ബർന്നബാസിനെയും, ശൗലിനെയും വിളിച്ചിരിക്കുന്ന വേലയ്ക്കായി വേർതിരിച്ചതും, വോട്ടെടുപ്പിൽ കൂടിയല്ല പരിശുദ്ധാത്മാവ് വിളിച്ചു പറയുകയായിരുകയായിരുന്നു (അപ്പൊ. 13:2,3). പട്ടണം തോറും മൂപ്പന്മാരെ ആക്കി വച്ചു എന്ന് കാണുന്നതും വോട്ടെടുപ്പിൽ കൂടിയല്ലായിരുന്നു. ഓരോ തെരഞ്ഞെടുപ്പ് കഴിയുന്തോറും അനേകരുടെ ദൈവകൃപ ചോരുന്നു. ശത്രുക്കൾ പെരുകുന്നു. ഗ്രൂപ്പിസങ്ങൾ വർദ്ധിക്കുന്നു. ഇത് ദൈവസഭയുടെ ആത്മീയ നിലവാരങ്ങൾക്ക് ശോഷണം വരുത്തുന്നു. ധനസമൃദ്ധിയുള്ളവർ നേതൃനിരകളിൽ പ്രതിഷ്ഠിക്കപ്പെടുന്നത് ഇന്ന് പെന്തെക്കോസ്തു ഗോളത്തിൽ വ്യാപകമായിരിക്കുന്നു. മത്തായി 6:18 ൽ കർത്താവ് പ്രഖ്യാപിച്ച "സഭ" ഒരു ജനാധിപത്യസംവിധാനമല്ല. അത് തികച്ചും ദൈവാധിപത്യസംവിധാനമാണ്. ഒരു അപ്പോസ്തലനേയും വോട്ടെടുപ്പിൽ തെരഞ്ഞെടുത്തില്ല. ആ തെരഞ്ഞെടുപ്പ് തികച്ചും ദൈവാധിപത്യത്തിന്റെ നിയമനമായിരുന്നു. നറുക്കെടുപ്പിൽ കൂടി മത്ഥിയാസിനെ തെരഞ്ഞെടുത്തു എങ്കിലും പിന്നെ ഒരിടത്തും ഒരു ദൈവികശുശ്രൂഷയിലോ, സുവിശേഷഘോഷണത്തിലോ, ആത്മീയ കാര്യങ്ങളിലോ ഒരിടത്തും മത്ഥിയാസിനെ കാണുന്നില്ല. അതിൽ നിന്നും മനസ്സിലാകുന്നത് "നറുക്കെടുപ്പും" ദൈവീകപദ്ധതിയല്ല. അഭിഷിക്തന്മാർ പ്രാർത്ഥിച്ചും, ആരാധിച്ചും ഇരിക്കുമ്പോൾ പരിശുദ്ധാത്മാവ് വിളിച്ചു പറയുന്ന പേരാണ് ദൈവാധിപത്യനിയമനമായി അംഗീകരിക്കുന്നത്. ഈ രീതി ഇന്ന് റ്റി.പി.എം പ്രസ്ഥാനത്തിലാണ് കാണുന്നത്. റ്റി.പി.എം പ്രസ്ഥാനത്തിലെ മിക്ക കാര്യങ്ങളും നമുക്ക് യോജിക്കുവാൻ കഴിയാത്തതാണ്. അത് ഓരോന്നായി ഇവിടെ ഇപ്പോൾ വിവരിക്കുന്നില്ല. എന്നാൽ അംഗീകരിക്കാവുന്ന ചില കാര്യങ്ങളുണ്ട്. അതിൽ ഒന്നാണ് അവരുടെ അദ്ധ്യക്ഷ തെരഞ്ഞെടുപ്പ്. അദ്ധ്യക്ഷന്മാരെ ദൈവം ആക്കി വെയ്ക്കുന്നു എന്ന പാവനമായ വീക്ഷണം ഏവർക്കും ഉണ്ടാകണമെങ്കിൽ ഒന്നാം നൂറ്റാണ്ടിലെ നിയമനരീതിയിലേക്ക് പെന്തെക്കോസ്തു സമൂഹം വരണം. ജനാധിപത്യത്തിന്റെ വോട്ടെടുപ്പ് രീതിയെങ്കിൽ വിശ്വാസിസമൂഹത്തിനും ഇടയസമൂഹത്തിനും വോട്ടു ചെയ്യുവാൻ അവസരം ഉണ്ടാകണം. വോട്ടെടുപ്പ് സമ്പ്രദായം ദൈവസഭയിൽ നിന്ന് തുടച്ചു മാറ്റപ്പെടേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. നിയമനങ്ങൾ ഉപവാസത്തിലും പ്രാർത്ഥനയിലും ഇരിക്കുമ്പോൾ പരിശുദ്ധാത്മാവ് നടത്തട്ടെ. ഏവരും അത് അംഗീകരിക്കുവാൻ തയ്യാറായാൽ കാര്യങ്ങൾ എത്ര മനോഹരമാണ്.

## പാസ്റ്റേഴ്സ് സെമിനാർ 2016



**അസംബ്ലിസ് ഓഫ് ഗോഡ് പാസ്റ്റേഴ്സ് സെമിനാറിൽ പാസ്റ്റർ എം. കുഞ്ഞപ്പി പ്രസംഗിക്കുന്നു.**

**മുംബൈ:** അസംബ്ലീസ് ഓഫ് ഗോഡ് മഹാരാഷ്ട്രാ വെസ്റ്റേൺ ഡിസ്ട്രിക്റ്റ് (ഡബ്ല്യു. ഡി. സി. എം) പാസ്റ്റേഴ്സ് സെമിനാർ ഒക്ടോബർ 25,26,27 തീയതികളിൽ ലോണാവാല വാല്വൺ വില്ലേജ് റിസോർട്ടിൽ വെച്ച് നടന്നു. സൂപ്രണ്ടന്റ് റവ. വി.ഐ. യോഹന്നാൻ സെമിനാർ ഉദ്ഘാടനം ചെയ്തു. ചർച്ച് ഓഫ് ഗോഡ് കർണാടക സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ എം. കുഞ്ഞപ്പി മുഖ്യ പ്രസംഗകൻ ആയിരുന്നു. അസി. സൂപ്രണ്ടന്റ് റവ. ഫിലിപ്പ് ജോൺ നേതൃത്വം കൊടുത്തു.

## ഡിസ്ട്രിക്ട് കൺവൻഷൻ

**പന്തളം :** ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് പന്തളം ഡിസ്ട്രിക്ട് കൺവൻഷൻ 2016 ഡിസംബർ 7 മുതൽ 11 വരെ കുളനട ദൈവസഭാ ഗ്രൗണ്ടിൽ (മന്തുക) വച്ച് നടക്കും. ഡിസ്ട്രിക്ട് പാസ്റ്റർ അനിയൻകുഞ്ഞ് ശാമുവേൽ കൺവൻഷൻ ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ സി.സി. തോമസ് (സ്റ്റേറ്റ് ഓവർസീയർ) പ്രതാപ്സിംഗ് (ചെന്നൈ), ഡോ. മുരളീധരൻ (കോയമ്പത്തൂർ) എന്നിവർ പ്രസംഗിക്കും. ക്രൈസ്റ്റ് സിംഗേഴ്സ് (ചെങ്ങന്നൂർ) ഗാനശുശ്രൂഷ നിർവ്വഹിക്കും.

## ആരാധനാലയം ഉദ്ഘാടനം ചെയ്തു



**ബാംഗ്ലൂർ:** ചർച്ച് ഓഫ് ഗോഡ് കർണ്ണാടക സ്റ്റേറ്റ് അനഗാൽപുര ആരാധനാലയത്തിന്റെ ഉദ്ഘാടനം സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം.കുഞ്ഞപ്പി നിർവഹിക്കുന്നു. പാസ്റ്റർമാരായ തോമസ് പോൾ, ഈ.ജെ. ജോൺസൺ എന്നിവർ സമീപം.

## ശുദ്ധഹൃദയത്തിലുള്ള ശുശ്രൂഷ മൂലം അതിരുകളെ ദൈവം വിശാലമാക്കും: പാസ്റ്റർ സി. സി. തോമസ്




**മുളക്കുഴ:** ശുദ്ധഹൃദയത്തോടും നിർമ്മല മനസാക്ഷിയോടും ദൈവീകശുശ്രൂഷ ചെയ്യുന്നവരുടെ ശുശ്രൂഷയുടെ അതിരുകളെ ദൈവം വിശാലമാക്കുമെന്ന് ചർച്ച് ഓഫ് കേരള സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ സി. സി. തോമസ് പ്രസ്താവിച്ചു. മുളക്കുഴ സിയോൻകുന്നിൽ ഒക്ടോബർ 16 ബുധനാഴ്ച നടന്ന ഡിസ്ട്രിക്ട് പാസ്റ്റർമാരുടെ യോഗത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ശുശ്രൂഷയേക്കാൾ പ്രധാനമാണ് ശുശ്രൂഷ ഏൽപിച്ച ദൈവവുമായുള്ള ബന്ധമെന്നും ശുശ്രൂഷാബാഹുല്യം മൂലം അത് ശിഥിലമാകരുതെന്നും, നിരന്തരമായ പ്രാർത്ഥനയുണ്ടെങ്കിൽ മാത്രമേ ശുശ്രൂഷയിൽ വിജയിക്കുകയുള്ളുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ദൈവസന്നിധിയിൽ മുട്ടുമടക്കുന്ന ആരേയും മറ്റ് ആരുടെയും മുന്നിൽ മുട്ട് മടക്കുവാൻ ദൈവം അനുവദിക്കുകയില്ല. ശുശ്രൂഷയ്ക്ക് കളങ്കം വരുത്തുന്ന യാതൊന്നിലേക്കും കർത്തൃദാസന്മാരുടെ ശ്രദ്ധ തിരിയരുതെന്നും പാസ്റ്റർ സി.സി. തോമസ് പറഞ്ഞു.

അസിസ്റ്റന്റ് ഓവർസീയർ പാസ്റ്റർ പി.ജി. മാത്യൂസ് അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ സ്റ്റേറ്റ് കൗൺസിൽ അംഗങ്ങൾ, ഡിസ്ട്രിക്ട് പാസ്റ്റർമാർ, കോർഡിനേറ്റർമാർ, റിട്ടയേർഡ് ഡിസ്ട്രിക്ട് പാസ്റ്റർമാർ തുടങ്ങിയവർ പങ്കെടുത്തു. സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ ജെ. ജോസഫ് സ്വാഗതവും പാസ്റ്റർ വൈ. റജി കൃതജ്ഞതയും പറഞ്ഞു. പാസ്റ്റർ തോമസ്കുട്ടി ഏബ്രഹാം (ജോയിന്റ് സെക്രട്ടറി) സങ്കീർത്തനം വായിക്കുകയും പാസ്റ്റർമാരായ ജോൺസൺ ദാനിയേൽ, വിനോദ് ജേക്കബ്, റ്റി. എം. മാമ്മച്ചൻ, ബാബു ചെറിയാൻ, കെ. എ. ഉമ്മൻ തുടങ്ങിയവർ പ്രാർത്ഥിച്ചു.

# ചർച്ച് ഓഫ് ഗോഡ് കർണ്ണാടകാ സ്റ്റേറ്റ് കൺവൻഷൻ ദൃശ്യങ്ങൾ



ഫീൽഡ് ഡയറക്ടർ
റവ. ആൻഡ്രൂബിൻഡാ



കേരളാ സ്റ്റേറ്റ് ഓവർസിയർ
പാസ്റ്റർ സി സി തോമസ്



റവ.സണ്ണി താഴാം പള്ളം



പാസ്റ്റർ പി.ആർ ബേബി



പാസ്റ്റർ റ്റി ഡി തോമസ്
(ഐപിസി സ്റ്റേറ്റ് പ്രസിഡന്റ്)



പാസ്റ്റർ ബാബു ചെറിയാൻ



ഡോ. ഷിബു സാമുവേൽ



റവ. കുര്യൻ ജോർജ്



റവ. എബനേസർ ജോർജ്



ഡോ. ഷിബു കെ. മാത്യു



പാസ്റ്റർ സിബി തോമസ്



ഡോ. ജോളി
താഴാംപള്ളം



ജനറൽ കൗൺസിലിനു വേണ്ടി ഫീൽഡ് ഡയറക്ടർ
പ്രാർത്ഥിക്കുന്നു




ഫീൽഡ് ഡയറക്ടറുടെ നേതൃത്വത്തിൽ പ്രാർത്ഥിച്ച് പാസ്റ്റർ എം.കുഞ്ഞപ്പിയെ
സ്റ്റേറ്റ് ഓവർസിയറായി നിയമിക്കുന്നു



സിസ്റ്റർ അന്നമ്മ കുഞ്ഞപ്പി




വൈപി ഇ സുവനീർ പാസ്റ്റർ സി സി തോമസ് റവ.സണ്ണി താഴാംപള്ളത്തിന്
കൊടുത്ത് പ്രകാശനം ചെയ്യുന്നു.:



ആരാധനാ ഒരു ദൃശ്യം



തിരുമേശ ശുശ്രൂഷ



കന്നട ക്വയർ ഗാന ശുശ്രൂഷ നിർവഹിക്കുന്നു



ചർച്ച് ഓഫ് ഗോഡ് ക്വയർ ശുശ്രൂഷക്ക്
നേതൃത്വം കൊടുക്കുന്നു

## രണ്ടാം വിമോചന സമരം വിളിച്ച് വരുത്തുമോ

(2-ാം പേജ് തുടർച്ച)

ത്ത് സർക്കാരിനെതിരായി വമ്പിച്ച റാലികൾ സംഘടിപ്പിക്കപ്പെട്ടു. വ്യാപകമായ പ്രക്ഷോഭങ്ങൾ സംസ്ഥാനത്തെ ക്രമസമാധാന നിലതകരാറിലാക്കി. ഈ സാഹചര്യത്തിൽ പോലീസ് സംയമനം അധികനാൾ തുടർന്നില്ല. അങ്കമാലി, പുല്ലുവിള, വെട്ടുകാട്, ചെറിയതുറ എന്നിവിടങ്ങളിൽ സമരക്കാർക്കെതിരായി പോലീസ് വെടിവെയ്പ്പ് നടന്നു. ഇതിൽ 15 പേർ കൊല്ലപ്പെട്ടു. ഈ സമരത്തിനിടയിലുണ്ടായ വെടിവെപ്പിൽ ഗർഭിണിയായിരുന്ന ഫ്ളോറിയെന്ന മുക്കുവ യുവതിയും കൊല്ലപ്പെട്ടിരുന്നു. മത്തായി മാഞ്ഞൂരാൻ, ആർ. ശങ്കർ, ഫാ. ജോസഫ് വടക്കൻ, സി.എച്ച്. മുഹമ്മദ് കോയ, ബാഫക്കി തങ്ങൾ,ബി. വെല്ലിംഗ്ടൺ തുടങ്ങിയവരുടെ സജീവ സാന്നിദ്ധ്യം സമരത്തെ സഹായിച്ചു. അതിന്റെ ഫലമായി അന്ന് കേരളത്തിലുണ്ടായിരുന്ന 895 പഞ്ചായത്തുകളിൽ 700 ഉം, 29 നഗരസഭകളിൽ 26 ഉം, 30ഓളം വരുന്ന ബാർ അസ്സോസിയേഷനുകളും കേരള സർക്കാരിനെ പുറത്താക്കണമെന്ന് ഗവർണറോട് ആവശ്യപ്പെട്ടു. വിമോചന സമരത്തിന്റെ പ്രത്യക്ഷ പ്രത്യാഘാതം ഇ.എം.എസ്. മന്ത്രിസഭയെ 1959 ജൂലൈ 31നു പിരിച്ചുവിട്ടതായിരുന്നു. സംസ്ഥാനത്ത് ഭരണഘടനാനുസൃതമായ ഭരണം അസാദ്ധ്യമാണെന്ന ഗവർണ്ണർ കൃഷ്ണറാവുവിന്റെ റിപ്പോർട്ടിനെ തുടർന്ന്, ഭരണഘടനയുടെ 356-ാം വകുപ്പ് അനുസരിച്ച് ഒരു സംസ്ഥാനത്തിലെ ഭരണം ഇന്ത്യയുടെ ഭരണഘടന അനുശാസിക്കുന്ന വിധത്തില്ല നടക്കുന്നതെന്ന് സംസ്ഥാന ഗവർണറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഭരണനിർവ്വഹണം രാഷ്ട്രപതിക്കോ അതല്ലെങ്കിൽ അദ്ദേഹം അധികാരം നൽകുന്ന സംസ്ഥാന സർക്കാർ അല്ലാത്തെ മറ്റേതൊരു സംവിധാനത്തിനോ ഏറ്റെടുക്കാൻ അധികാരം നൽകുന്നതാണ് എന്നാണ്. അത് അനുസരിച്ച് കേരളത്തിൽ രാഷ്ട്രപതി ഭരണം പ്രഖ്യാപിച്ചു. ഇതിന്റെ മറ്റൊരു രീതി ഇന്ന് ഇൻഡ്യയിൽ കാണാം. കേരലത്തിൽ രണ്ടാം വിമോചന സമരം ആരംഭിക്കേണ്ട സമയമായി എന്ന് പ്രഖ്യാപിച്ച് നടക്കുന്ന ആസൂത്രിത അക്രമങ്ങൾ അതിനു വേണ്ടിയാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

തങ്ങൾക്ക് ഇഷ്ടമില്ലാത്ത സംസ്ഥാന സർക്കാരുകളെ മറിച്ചിടാൻ എംഎൽഎമാരെ കുതിരകച്ചവടത്തിലൂടെ സ്വന്തമാക്കി കുത്സിത മാർഗ്ഗത്തിലൂടെ പിരിച്ചു വിട്ട് തങ്ങളുടെ അധികാര സ്ഥാപിച്ചെടുക്കുവാൻ ശ്രമിക്കുന്ന അജണ്ടകളെ ഭരണകൂടങ്ങൾ തിരിച്ചറിയണം. ഇവിടെ അങ്ങനെ അധികാരം പിടിച്ചെടുക്കുവാൻ സാധിക്കാത്തതു കൊണ്ടാണ് രാഷ്ട്രീയ കുലപാതകമെന്നും ക്രമസമാധാനം തകർന്നുവെന്നും ആക്രോശിക്കുന്നത് 1959 ആവർത്തിക്കുന്നതിനോ എന്ന് ഭരിക്കുന്നവർ വിചിന്തനം ചെയ്യട്ടെ.

# AN IDEAL DAY FOR THE CHILD OF GOD



Dr. Shibu Samuel

It is not the years we live that count; it is each day we live that truly count in our life! Failures, disappointments, dissatisfaction etc are the agents, which make a man's day miserable. But you can make an ideal day in your life, if our Lord guides you each day. Your day should, first of all, begin with the Lord.

Each day has its own set of burdens, blessings and challenges. How we begin and end a day determines what kind of day you will have. Begin your day with loving-kindness. Praise God and thank Him during the day. In the evening, remember His faithfulness during the day. What a great recipe for living a day at a time!

As we begin each day, we trust we'll still be around at the end of the day. What happens in between depends on how we start in the morning and how we end in the evening. Psalms 92: 1, 2; describes an ideal day. "It is good to give thanks to the Lord, and to sing praises to your name, O Most High; to declare Your loving kindness in the morning and Your faithfulness every night".

That's how we ought to live each day. When you wake up in the morning, remember His loving kindness. Don't wake up grouchy, saying, "Oh my another day". Wake up saying, Today the Lord loves me, and His loving kindness endures forever. God has my life in His hands. There's nothing to be afraid of".

During the day offer praise and thanks giving. "It is good to give thanks to the Lord, and to sing praises to Your name. Most high," Find every reason you can to praise Him-even for little things like parking places, phone calls that bring a blessing to you or perhaps news of a friend.

At the close of the day, remember God's faithfulness. In the morning we look forward to loving-kindness. During the day we experience that loving kindness. And at the end of the day, we can look back and say, "God has been faithful". No matter how difficult this day may be for you, when you get to the end, you're going to be able to look back and say, "Great is thy faithfulness".

When we relax at the end of the day we have to thank our loving Lord for His loving kindness, His faithfulness and the great love He has shown on Calvary for us. A thankful heart to the Lord is the basic factor for a Happy Living!!

## കേരളക്കരയാകെ പ്രാർത്ഥനയുടെ 50 ദിനങ്ങൾ, നവംബർ 15-ന് ആരംഭിക്കുന്നു

കോഴഞ്ചേരി: നാഷണൽ പ്രയർമൂവ്മെന്റിന്റെ 50 ദിനപ്രാർത്ഥന നവംബർ 15 മുതൽ ജനുവരി 3 വരെ നടക്കും. പ്രഥമ പ്രാർത്ഥനാ സമ്മേളനം നവംബർ 15-ന് കോഴഞ്ചേരി പെനിയേൽ ഹാളിൽ നടക്കും. സംസ്ഥാന ചെയർമാൻ പാസ്റ്റർ പി.ജി. മാത്യൂസ് അദ്ധ്യക്ഷത വഹിക്കും. നാഷണൽ ചെയർമാൻ ഡോ.കെ. വി.പോൾ മുഖ്യ സന്ദേശം നൽകും. മേജർ വി.ഐ.ലൂക്ക്, പാസ്റ്റർ ഷാജി കുര്യൻ, പാസ്റ്റർ ബെന്നി ജോസഫ്, പാസ്റ്റർ ജോം ജോസഫ്, പാസ്റ്റർ ജി.ജോയിക്കുട്ടി, അഡ്വ.ജോൺ മത്തായി തുടങ്ങിയവർ വിവിധ പ്രാർത്ഥനാ സെഷനുകൾക്ക് നേതൃത്വം നൽകും. ഡബ്ള്യൂ.റ്റി.ജേക്കബ് ഗാനശുശ്രൂഷ നടത്തും. കേരളത്തിലെ വിവിധ സഭാ നേതാക്കളെ കൂടാതെ, 14 ജില്ലകളിൽ നിന്നുമുള്ള പ്രതിനിധികൾ ഈ മിറ്റിംഗിൽ പങ്കെടുക്കും.

ഒരു ജില്ലയിൽ 7 മീറ്റിംഗുകൾ വീതം 14 ജില്ലകളിലുമായി 100 ഓളം പ്രാർത്ഥനാ യോഗങ്ങൾ സംഘടിപ്പിക്കും.

ഈ മിറ്റിംങ്ങുകളുടെ നടത്തിപ്പിനായി പാസ്റ്റർ എം.കെ.കരുണാകരൻ ജനറൽ കൺവീനറായും പാസ്റ്റർ ഫിന്നി, പാസ്റ്റർ ജോജി ഏബ്രഹാം, പാസ്റ്റർ പി.സി മാത്യു, പാസ്റ്റർ തോമസ് വർഗ്ഗീസ്, സുവി.എം.ഐ വർഗ്ഗീസ് തുടങ്ങിയവർ കോ-ഓർഡിനേറ്റർമാരായും പ്രവർത്തിക്കുന്നു.

## യു.പി.ഇ കൺവൻഷൻ

എഴുമറ്റൂർ: യു. പി. ഇ 11-ാമത് സുവിശേഷമഹായോഗം 2016 ഡിസംബർ 7 മുതൽ 11 വരെ എഴുമറ്റൂർ ജംഗ്ഷന് സമീപം നടക്കും. പാസ്റ്റർ ബേബിമോൻ കൺവൻഷൻ ഉദ്ഘാടനം ചെയ്യും. പാസ്റ്റർ ജോയി പാറയ്ക്കൽ, തോമസ് മാമ്മൻ, കെ.ജെ. തോമസ്, അജി ആന്റണി, സാജു സി. ജോസഫ്, ജോബി റ്റി. അലക്സ്, സിസ്റ്റർ ഷീലാ ദാസ് കീഴൂർ എന്നിവർ ദൈവവചനം പ്രസംഗിക്കും.

## ഐ.പി.സി.കൺവൻഷൻ

(1-ാം പേജ് തുടർച്ച)

പി.എ.ജോർജ്ജ് പബ്ലിസിറ്റി: എം.വി.ഫിലിപ്പ്, കുര്യൻ ജോസഫ്, സംഗീതം: സാം കുഴിക്കാല, റോയി പൂവക്കാല രജിസ്ട്രേഷൻ: വർഗീസ് മാത്യു, ജോൺ സാമുവേൽ പന്തൽ: സജി പോൾ, വർഗീസ് ചാക്കോ ട്രാൻസ്പോർട്ട്: അഡ്വ.ജോൺസൺ സാമുവേൽ, വിത്സൺ ജോയ്സ് ഫുഡ്: ബാബു കുമ്പനാട്, ഏബ്രഹാം ജോർജ് ഫിനാൻസ്: കെ.പി.തോമസ്, അലക്സ് വെട്ടിക്കൽ യുവജനസമ്മേളനം: ജയിംസ് ചാക്കോ, ജോർജ് ദാനിയേൽ തിരുവത്താഴം : ഗർസിം പി.ജോൺ, ജേക്കബ് ജോർജ്

**മാങ്കുളങ്ങര ഹോം സ്റ്റേ**

രാമൻചിറ, തിരുവല്ല

**ഡ്രൈവറെ ആവശ്യമുണ്ട്**

തിരുവല്ലായിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് അംഗീകാരമുള്ള ഹോംസ്റ്റേയിൽ ടൂറിസ്റ്റ് പെർമിറ്റ് കാറുകൾ ഓടിക്കുന്നതിന് ഡ്രൈവറെ ആവശ്യമുണ്ട്.

പ്രായപരിധി - 60 വയസ്സ് വരെ

ഫോൺ: 9447766394

## ബൈബിൾ ക്വിസ്




1) ഗലാത്യ ലേഖനം എഴുതിയത് ആര് ?
2) ദാവീദ് യരുശലേമിൽ രാജാവായി വാണ കാലം?
3) സുവിശേഷത്തിന്റെ സത്യം അനുസരിച്ച് ചൊവ്വായി നടക്കുന്നില്ല എന്ന കുറ്റം കേഫാവിൽ കണ്ടത് ആര് ?
4) നമ്മെ സ്നേഹിച്ച സ്നേഹം നിമിത്തം അതിക്രമങ്ങളാൽ മരിച്ചവരായിരുന്ന നമ്മെ ക്രിസ്തുവിനോട് കൂടെ ജീവിപ്പിച്ചത് ആര് ?
5) ക്രിസ്തുവിന്റെ ക്രൂശിന് ശത്രുക്കളായി നടക്കുന്നവരുടെ ദൈവം ?
6) ആരു പറഞ്ഞു "നാം മരിക്കേണ്ടവരല്ലോ, നിലത്ത് ഒഴിച്ച് കളഞ്ഞതും വീണ്ടും ചേർത്ത് കൂടാത്തതുമായ വെള്ളം പോലെ ഇരിക്കുന്നു?
7) ഫിലിപ്പിയ ലേഖനത്തിൽ കൂടുതൽ ഉപയോഗിച്ചിരിക്കുന്ന പദം?
8) മലയുടമസ്ഥനായിരുന്ന ശേമെരിന്റെ പേരിൻ പ്രകാരം ശമര്യ എന്നു താൻ പണിത പട്ടണത്തിന് പേരിട്ടതാര്?
9) അത് മനുഷ്യരുടെ സമ്പ്രദായത്തിന് ഒത്തവണ്ണം ലോകത്തിന്റെ ആദ്യ പാഠങ്ങൾക്ക് ഒത്തവണ്ണം അല്ലാതെ ക്രിസ്തുവിന് ഒത്തവണ്ണമുള്ളതല്ല ഏത്?
10) പൗലോസ് റോമയിൽ എത്തിയ ഉടനെ താൽപര്യത്തോടെ തന്നെ തിരഞ്ഞു കണ്ടെത്തിയത് ആര് ?

**കഴിഞ്ഞ ലക്കത്തിലെ ശരിയുത്തരം അയച്ചവർ**

ലീനാ സണ്ണി കോവളം, ആലീസ് ജോയി ഐരാണിക്കുടി, ലീലാമ്മ ജോസഫ് കവിയൂർ, ഷീബ സത്യപാൽ കോവളം, അന്നമ്മ കെ.വി. കുരിയിച്ചിറ. അന്നമ്മ ജേക്കബ് ചാലുകുന്ന്, എലിസബേത്ത് ജെസ്വിൻ തിരുവല്ല, പിങ്കി സ്റ്റാൻലി പനംതോപ്പ്, ദീനാ സിജു, മാമലശ്ശേരി.



**കഴിഞ്ഞ ലക്കത്തിലെ ഉത്തരം അയച്ചവർ**

സാറാമ്മ പാട്രിക്ക്, കുടപ്പനക്കുന്ന്.

സൂസൻ ആൻഡ്രൂസ്
ഫോൺ: 66159209

**കഴിഞ്ഞ ലക്കത്തിലെ ഉത്തരം**

1. ലേവ്യർ (2ദിന.29:34), 2. വിവേകം (ഇയ്യോബ് 32:8), 3. രാജാവായ യഹോവ (സങ്കീ.98:6), 4. നാണം കെട്ടവൻ (സദൃ.14:35), 5. യഹൂദർ (1 തെസ്സ.2:15), 6. ജീവനുള്ള ദൈവം (1തിമൊ.4:10), 7. പരിഹാസത്തോടെ (2 പത്രോസ് 3:4), 8. ഭക്തിയോടും ഭയത്തോടും (എബ്രാ.12:28), 9. സത്പ്രവർത്തികൾ (1തിമൊ.2:10), 10. രക്ഷിതാവ് (എഫെ.5:23)

**ഉത്തരങ്ങൾ എല്ലാമാസവും 25ന് മുമ്പ് അയക്കുക. വിജയികളുടെ പേര് അടുത്ത ലക്കം പ്രസിദ്ധീകരിക്കും. അയക്കേണ്ട വിലാസം**

**YUGANTHYA SANDHESHAM, P.O. BOX - 66, THIRUVALLA - 1**

**വിടുതൽ ശുശ്രൂഷ തിരുവല്ലയിൽ**



**പാസ്റ്റർ ടി.എം. മാമ്മച്ചൻ**

നേതൃത്വം നൽകുന്നു

**എല്ലാ വെള്ളിയാഴ്ചയും രാവിലെ 10 മണി മുതൽ 1 മണി വരെ**

**ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ ടൗൺ സഭാ ഹാൾ**

**(ടി.കെ.റോഡ്, റെയിൽവേ ഓവർബ്രിഡ്ജിന് സമീപം, തിരുവല്ല)**

**Mob: 9747994276**

● പരാജയപ്പെടുന്നു എന്ന തോന്നലുകൾ ● തകർന്ന ജീവിത സാഹചര്യങ്ങൾ ● എല്ലാം നഷ്ടപ്പെട്ടു എന്ന ചിന്ത ● **നിങ്ങളുടെ വിടുതൽ വേഗത്തിൽ സംഭവിക്കും**



# എളിമയുടെ പ്രതീകമായിരുന്ന പാസ്റ്റർ കെ. എ. വർഗീസ്

ഈക്കഴിഞ്ഞ ദിവസങ്ങളിലെ ഭൂരിപക്ഷം രാത്രികളിലും പാസ്റ്റർ കെ. എ. വർഗീസ് സുവിശേഷകൻ സാമിനെയും കൂട്ടി രാത്രി വൈകിയും യാത്ര ചെയ്തിരുന്നത് എ.റ്റി.എം., ബാങ്കുകൾ, സ്ഥാപനങ്ങൾ എന്നിവയിലേക്കായിരുന്നു. അതൊരു അന്വേഷണ യാത്രയായിരുന്നു. രാത്രിയുടെ മറവിൽ ബാങ്കുകളുടെയും സ്ഥാപനങ്ങളുടെയും സംരക്ഷകരായി ഉറക്കവും ജീവനും പണയം വെച്ച് പ്രവർത്തിക്കുന്ന സെക്യൂരിറ്റി ജീവനക്കാരുടെ അടുത്തേക്ക്. ഇരുട്ടിന്റെ മറവിൽ അന്നം തേടുന്നവരെ തിരഞ്ഞുരക്ഷിപ്പാനുള്ള യാത്ര. സുവിശേഷപ്രതികളും ലഘുലേഖകളും തന്റെ മാസികയും നൽകി ഒപ്പം ദൈവവചനവും പകർന്നുള്ള യാത്രകൾ.

എന്നാൽ ഒക്ടോബർ 12-ാം തീയതി കട്ടപ്പനയിലെ പഴയകാല സെമിനാരി സുഹൃത്തുക്കളുടെ ആത്മീയസംഗമം കഴിഞ്ഞ് യാത്ര ചെയ്യുമ്പോൾ കുട്ടിക്കാനത്തിനും മുണ്ടക്കയത്തിനുമിടയിൽ മുറിഞ്ഞപുഴയിൽ നടന്ന വാഹനാപകടത്തിൽ പാസ്റ്റർ വർഗീസും ഭാര്യാമാതാവു ഗീതമ്മയും കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.

1972-ൽ ജനിച്ച വർഗീസ് 17-ാം വയസ്സിലാണ് സുവിശേഷവേലയ്ക്ക് സമർപ്പിച്ച് 1991-ൽ ഗോസ്പൽ ഫോർ ഏഷ്യയുടെ ഐ. സി. റ്റി. സി. ബൈബിൾ പഠനത്തിന് ചേർന്നത്. തുടർന്ന് 1995-ൽ ജി. എഫ്. എ. സെമിനാരിൽ നിന്നും പഠനം പൂർത്തിയാക്കി ബിലീവേഴ്സ് ചർച്ചിന്റെ സഭാ പ്രവർത്തനങ്ങളിൽ വ്യാപൃതനായി.

റവ. ജേക്കബ് റ്റി. ആന്റണിയുടെ നിജപുത്രൻ എന്നപോലെ പ്രവർത്തിച്ചിരുന്ന പാസ്റ്റർ വർഗീസ് ആ ആത്മബന്ധം ഇപ്പോഴും തുടർന്നിരുന്നു. തന്റെ പ്രവർത്തനം മൂലം അനേകം യൗവനക്കാർ സുവിശേഷവേലയ്ക്കായി ഇറങ്ങുകയും യേശുവിനെ വ്യക്തിപരമായി അറിയുകയും ചെയ്തിട്ടുണ്ട്. അവരിൽ ചിലർ ഇപ്പോൾ സഭാപ്രവർത്തനങ്ങളിലും സുവിശേഷവേലയിലും വ്യാപൃതരാണ്.

ഏകദേശം 15വർഷങ്ങൾക്കു മുമ്പ് ഞാൻ ആദ്യമായി ഇദ്ദേഹത്തെ പരിചയപ്പെട്ടത് കണ്ണൂരിലെ ഇരിട്ടിയിൽ വെച്ചാണ്. സണ്ടേസ്കൂൾ അധ്യാപകപരിശീലനത്തിന്റെ ഉദ്ഘാടനകനായിരുന്നു അന്ന് പാസ്റ്റർ വർഗീസ്. അടുത്ത ദിവസത്തെ പരിശീലനം ഹർത്താൽ മൂലം തടയപ്പെട്ടപ്പോൾ പത്തിലധികം വരുന്ന ഞങ്ങളുടെ ടീമിന് വേണ്ട ആഹാരക്രമീകരണങ്ങൾ ചെയ്യുവാൻ രാത്രിയിൽ കട തുറപ്പിച്ച് ആഹാരസാധനങ്ങൾ വാങ്ങി ഞങ്ങളെ സൽകരിച്ചത് ഇന്നും ഓർക്കുന്നു.

ഒക്ടോബർ 11, 12 തീയതികൾ 15-ഓളം പഴയകാല സെമിനാരി സുഹൃത്തുക്കൾ കട്ടപ്പനയിൽ ഒരുമിച്ചുകൂടിവന്ന 'ഒലിവ് മീറ്റ്' സന്തോഷത്തിന്റെയും ആഹ്ലാദത്തിന്റെയും നിമിഷങ്ങളാണ് സമ്മാനിച്ചത്. പ്രാർത്ഥനയോടും കണ്ണുനീരോടും വിടവാങ്ങുമ്പോൾ വീണ്ടും അടുത്ത വർഷം കാണാമെന്ന പ്രത്യാശ എല്ലാരിലും മുഴങ്ങി. ഏലപ്പാറയിൽ നിന്നും ഭാര്യാമാതാവിനെയും കൂട്ടിയുള്ള യാത്ര അപ്രതീക്ഷിതമായും മരണത്തിലേക്കായിരുന്നു.

തന്റെ പുതിയ വാഹനം നിയന്ത്രിച്ചിരുന്നതും പാസ്റ്റർ വർഗീസായിരുന്നു. ഭാര്യ ഷൈനിയും മാതാവും മക്കളായ ജോമറ്റും ജെസ്വിനും ജോബിനും ഒപ്പം ഉണ്ടായിരുന്നു. ഏകദേശം വൈകുന്നേരം ആറരമണിയോടെയാണ് താൻ ഓടിച്ച വാഹനം 60-70 അടി കൊക്കയിലേക്ക് വീഴുന്നത്. യാത്രതിരിച്ച പല സ്നേഹിതരും മടങ്ങി അപകട സ്ഥലത്ത് എത്തിയപ്പോഴേക്കും പാസ്റ്റർ വർഗീസിന്റെ ആത്മാവ് താൻ പ്രീയം വെച്ച കർത്താവിന്റെ സന്നിധിയിലേക്ക് ചേർക്കപ്പെട്ടു. ഭാര്യാമാതാവ് ആശുപത്രിയിലേക്കുള്ള യാത്രയിലും. സാരമായ പരുക്കുകളോടെ മൂത്ത രണ്ട് മക്കളെയും ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തു. സഹോദരി ഷൈനിക്കും സാരമായ പരുക്കുകളേറ്റു. എന്നാൽ മാതാവിന്റെയും ഭർത്താവിന്റെയും വിയോഗം ഷൈനിയെ അല്പം വൈകിയാണ് അറിയിച്ചത്.

വിശ്വാസം മാത്രം കൈമുതലാക്കിയ ഒരു ഭക്തനായിരുന്നു പാസ്റ്റർ വർഗീസ്. ചില വർഷങ്ങൾക്കുമുമ്പ് ബിലീവേഴ്സ് ചർച്ച് പ്രവർത്തനങ്ങളോട് വിടപറയുമ്പോൾ അനേക ചോദ്യങ്ങളാണ് മനസ്സിൽ ഉയർന്നത്. ഡിസ്ട്രിക്ട് പാസ്റ്റർ, സോണൽ പ്രസ്ബിറ്റർ, ബൈബിൾ കോളജ് പ്രിൻസിപ്പാൾ തുടങ്ങിയ നിലയിലുള്ള പ്രവർത്തനങ്ങളോട് വിട പറഞ്ഞാണ് തിരുവല്ല കേന്ദ്രമാക്കി ഗ്രേസ് ഹാർവെസ്റ്റ് സഭാ പ്രവർത്തനവും ഗ്രേസ് മെസഞ്ചർ എന്ന മാഗസിനും ആരംഭിക്കുന്നത്. സാമ്പത്തികമായി പ്രതിസന്ധികളിൽ കൂടി കടന്നുപോകേണ്ടി വന്നെങ്കിലും ദൈവത്തിൽ അടിയുറച്ച് വിശ്വസിച്ചിരുന്നതിനാൽ ദൈവം തക്കസമയത്ത് വഴികളെ തുറന്നു.



നിഷ്കളങ്കതയുടെ പ്രതീകമായിരുന്നു, ദേഷ്യപ്പെടുക അസാധാരണമായിരുന്നു. ശുശ്രൂഷിക്കാനുള്ള മനസ്സ്, സ്നേഹസമ്പന്നൻ, താഴ്മ മുഖമുദ്രയാക്കിയ വ്യക്തിത്വം, നല്ലൊരു നേതാവ് ഇങ്ങനെ പല അഭിപ്രായങ്ങളാണ് തന്റെ സ്നേഹിതർക്ക് പറയാനുള്ളത്.

ഒക്ടോബർ 17ന് ശാരോൻ ഹാളിലാണ് പാസ്റ്റർ വർഗീസിന്റെയും ഭാര്യാമാതാവ് ഗീതമ്മയുടെയും മൃതദേഹങ്ങൾ പൊതുദർശനത്തിന് വെച്ചത്. തന്റെ സഹപാഠികളായ സ്നേഹിതർ ശുശ്രൂഷ മുഴുവനായി ഏറ്റെടുത്തു. റവ. ജേക്കബ് ടി. ആന്റണിയുടെ സെമിത്തേരികളും ഇവർക്കായി തുറക്കപ്പെട്ടു.

ശുശ്രൂഷകളുടെ ആരംഭം മുതൽ തന്നെ പാസ്റ്റർ വർഗീസിന്റെ ഭാര്യ ഷൈനി, ശാരീരിക ബുദ്ധിമുട്ടുകളെ അവഗണിച്ച് അവിടെ ഉണ്ടായിരുന്നു. അതേ സമയം മൂത്ത രണ്ട് മക്കൾ ആശുപത്രിയിൽ ഓപ്പറേഷൻ കഴിഞ്ഞ വിശ്രമിക്കുകയായിരുന്നു. തങ്ങളുടെ പിതാവിന്റെയും അമ്മച്ചിയുടെയും ഭൗതികശരീരം ഒരു നോക്കുകാണാൻ അവർ വീൽചെയറിൽ എത്തിയത് കണ്ടുനിന്നവരെ ദുഃഖത്തിലാഴ്ത്തി. ഇളയമകൻ മാതാവിനോടൊപ്പം കരഞ്ഞുകലങ്ങിയ കണ്ണുകളുമായി ഇരുന്നു.

ശുശ്രൂഷകളുടെ സമാപനത്തിൽ സഹോദരി ഷൈനി പങ്കിട്ട അനുഭവസാക്ഷ്യം കേട്ട് ഈറനണിയാത്തവർ ആരുമില്ലായിരുന്നു. "21 വർഷമായി വിവാഹം കഴിഞ്ഞിട്ട് മുതൽ സുവിശേഷ വേലയിൽ ആയിരുന്നു. സാമ്പത്തിക പ്രതിസന്ധികൾ വരുമ്പോൾ ദൈവത്തിലാശ്രയിച്ചു. ഒരു ഭർത്താവിനെക്കാളുപരി ഒരു നല്ല സുഹൃത്തും കൂടെ ആയിരുന്നു. പ്രതിസന്ധിക ളിൽ ദൈവത്തിൽ ആശ്രയിക്കുവാൻ പഠിപ്പിച്ചു".

മരണ ത്തോടെ മക്കൾ എങ്ങനെയാകുമെന്ന് നിരാശപ്പെട്ടെങ്കിലും മൂത്തമകൻ, പപ്പായുടെ പാത തന്നെ തിരഞ്ഞെടുക്കാൻ തീരുമാനിച്ചു എന്ന് മാതാവ് സാക്ഷ്യം പറഞ്ഞപ്പോൾ എല്ലാവരും ദൈവത്തിന് നന്ദി പറഞ്ഞു. പിതാവ് സേവിച്ച ദൈവത്തെ സേവിക്കുവാനുള്ള മനസ്.

വർഗീസിന്റെ സഹപാഠിയും ഏ. ജി. ബാംഗ്ലൂർ പ്രസ്ബിറ്ററുമായ പാസ്റ്റർ ജോൺസൺ; സ്നേഹിതരും ദൈവമക്കളും ഞങ്ങൾ എല്ലാവരും കുടുംബത്തോടും കൂടെയുണ്ടെന്ന വാക്കുകൾ കേട്ട് ഷൈനി വിതുമ്പി.

സ്വന്തമായി ഒരു ഭവനം പോലും ഇല്ലാതെ വാടകവീട്ടിൽ കിടക്കുമ്പോളും ഗ്രേയ്സ് മെസഞ്ചർ എന്ന മാസിക പുറത്തിറക്കുവാൻ താൻ ബദ്ധശ്രദ്ധനായിരുന്നു. മക്കളുടെ പഠനം, തുടർന്നുള്ള ജീവിതം എല്ലാം ഒരു ചോദ്യചിഹ്നമായി നിൽക്കുമ്പോൾതന്നെ സഹോദരി ഷൈനി യുടെ ദൈവത്തിലുള്ള ആശ്രയവും വിശ്വാസവും എല്ലാവരെയും അത്ഭുതപ്പെടുത്തി.

പാസ്റ്റർ വർഗീസിന്റെ സഹപ്രവർത്തകരും സ്നേഹിതരും ഒരുമിച്ച് ഈ കുടുംബത്തോടൊപ്പം കൈകോർക്കുവാൻ തീരുമാനിച്ച് തിരുവല്ല SBI ആക ബ്രാഞ്ചിൽ ഒരു ജോയിന്റ് അക്കൗണ്ട് ആരംഭിച്ചുകഴിഞ്ഞു. ആശുപത്രിയിൽ ചികിത്സതുടരുന്ന മക്കളുടെ സൗഖ്യത്തിനായും സഹോദരി ഷൈനിയെ ദൈവം തുടർന്നും ബലപ്പെടുത്തുവാനുമായി നിങ്ങൾ പ്രാർത്ഥിച്ചാലും. സുവിശേഷ സ്നേഹികളായ ദൈവമക്കളുടെ അകമഴിഞ്ഞ സഹായവും പ്രാർത്ഥനയും ഇവർക്കുണ്ടാകണം.

Shinymol V. Sam
C/o. Thomas Varghese
Thoppil Kalathil house
Kulakkad P.O., Thiruvalla - 689 101

**Account Details**

Shabu Thomas & M. S. Joseph
A/C: 20360954231, SBI,
Branch: Thiruvalla,
IFSC Code: SBIN0003299,
Branch Code: 3299

Secretary Jiji Philip: 9495212310

## പാസ്റ്ററുടെ മകൻ ബൈക്ക് അപകടത്തിൽ നിത്യതയിൽ ചേർക്കപ്പെട്ടു



**അഞ്ചൽ:** ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭ ആയൂർ സെന്ററിലെ ശുശ്രൂഷകൻ പാസ്റ്റർ ടി. കെ. അലക്സാണ്ടറിന്റെ മകൻ റോബർട്ട് അലക്സാണ്ടർ (റോബിൻ-29) ബൈക്ക് അപകടത്തിൽ നിത്യതയിൽ ചേർക്കപ്പെട്ടു. ഒക്ടോബർ 17 തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് രണ്ടരയോടെ അഞ്ചൽ-ആയൂർ റോഡിൽ സിവിൽ സ്റ്റേഷന് സമീപമായിരുന്നു അപകടം. പെട്രോൾ പമ്പിൽ നിന്നും ബൈക്കിൽ റോഡിലേക്ക് ഇറങ്ങുമ്പോൾ വേഗത്തിൽ വന്ന കാർ ഇടിച്ച് ലോറിക്ക് ഇടയിലേക്ക് വീണാണ് അപകടം സംഭവിച്ചത്. ഗുരുതരമായി പരുക്കേറ്റ റോബിനെ ആശുപത്രിയിലെത്തിച്ചെങ്കിലും മരണം സംഭവിച്ചു.

കൊട്ടാരക്കര, പുനലൂർ, അഞ്ചൽ, ആയൂർ സെന്ററുകളിൽ 35 വർഷമായി ശുശ്രൂഷയിലായിരുന്ന പിതാവിനൊപ്പം സഭാപ്രവർത്തനങ്ങളിലും യുവജനപ്രവർത്തനങ്ങളിലും സജീവമായിരുന്നു റോബിൻ. ആയൂർ സെന്ററിലെ കാട്ടുവാമുക്ക് സഭയിലാണ് ഇപ്പോൾ പിതാവ് ശുശ്രൂഷിക്കുന്നത്. അഞ്ചലിൽ ഇലക്ട്രിക്കൽ സ്ഥാപനത്തിൽ ജോലി ചെയ്യുകയായിരുന്നു. ഐ.പി.സി മുൻ സ്റ്റേറ്റ് ട്രഷറർ പി.എം. ഫിലിപ്പിന്റെ (പത്തിപുരം) മരുമകന്റെ സഹോദരനാണ്.

മാതാവ്: തങ്കമണി അലക്സാണ്ടർ (ഐ.പി.സി സോദരീ സമാജം, കൊട്ടാരക്കര മേഖല മുൻ സെക്രട്ടറി.) സഹോദരങ്ങൾ: ടൈറ്റസ്, ടോം.

അനേകം വിശ്വാസികളുടെയും പാസ്റ്റർമാരുടെയും സാന്നിധ്യത്തിൽ ഐ.പി.സി ചണ്ണപ്പേട്ട കർമ്മേൽ സഭയുടെ സെമിത്തേരിയിൽ ഒക്ടോബർ 19 ന് സംസ്കരിച്ചു.

ആയൂർ സെന്റർ ശുശ്രൂഷകൻ പാസ്റ്റർ വർഗീസ് മത്തായി സംസ്കാരശുശ്രൂഷ നടത്തി. ഐ.പി.സി ജനറൽ സെക്രട്ടറി പാസ്റ്റർ ഡോ. കെ.സി. ജോൺ, പാസ്റ്റർമാരായ ഷിജു പി.എസ്., ഏബ്രഹാം ജോർജ്, റ്റി.ഇ. വർഗീസ്, സി.വി. തോമസ്, ജോസ് കെ. ഏബ്രഹാം, ജി. തോമസ്കുട്ടി, തോമസ് മാത്യു, എഫ്. രാജൻ, ബെൻസ് ഏബ്രഹാം, ജോസഫ് മാത്യു, വൈ. റെജി, ജോർജ് രാജൻ, ഐ.പി.സി. സൺഡേസ്കൂൾ ഡെപ്യൂട്ടി ഡയറക്ടർ പാസ്റ്റർ സാം വർഗീസ്, പി. എം. ഫിലിപ്പ്, ജോജി ഐപ്പ് മാത്യൂസ്, സണ്ണി മുളമൂട്ടിൽ, കെ.പി. തോമസ്, സാം സി. ദാനിയേൽ, ജെയിംസ് ജോർജ്, ജോൺസൺ കെ. സാമുവൽ, രാജൻ ഏബ്രഹാം, സോദരീ സമാജം വൈസ് പ്രസിഡന്റ് മേഴ്സി ദാനിയേൽ, ജോയമ്മ വർഗീസ്, സോഫി വർഗീസ് തുടങ്ങിയവർ പ്രത്യാശാവാക്കുകൾ പറഞ്ഞു. രാഷ്ട്രീയ സാമൂഹ്യപ്രവർത്തകരും പങ്കെടുത്തു. ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങൾക്കായി പ്രാർത്ഥിക്കണം.

# നിത്യതയിൽ

## ഏലിയാമ്മ ജോർജ്



**വെച്ചൂച്ചിറ:** കാവുംമുഖത്ത് പരേതനായ ജോർജിന്റെ ഭാര്യ ഏലിയാമ്മ ജോർജ് (86) നിത്യതയിൽ ചേർക്കപ്പെട്ടു. സംസ്കാര ശുശ്രൂഷ മണ്ണടിശാല ശാരോൻ സഭാ സെമിത്തേരിയിൽ പാസ്റ്റർ പി.എം.ജോണിക്കുട്ടി നടത്തി. ശുശ്രൂഷകൾക്ക് പാസ്റ്റർ വർഗീസ് ജോഷ്വ നേതൃത്വം കൊടുത്തു. മക്കൾ ശാമുവേൽ, അനിയൻകുഞ്ഞ്, ബാബു, പാസ്റ്റർ കെ.ജി.ജോൺ (ചർച്ച് ഓഫ് ഗോഡ്, കരിക്കം) രാജു, ബഞ്ചി, പാസ്റ്റർമാരായ പി.ജി.മാത്യൂസ്, ജെ.ജോസഫ്, ജോൺസൺ ഡാനിയേൽ, പി.സി.ചെറിയാൻ, ഷിബു കെ.മാത്യു, തോമസുകുട്ടി ഏബ്രഹാം, വൈ.ജോസ്,ബെൻസ് ഏബ്രഹാം, ഏബ്രഹാം മാത്യു, ബാബു ഇടിക്കുള, സാംകുട്ടി മാത്യു തുടങ്ങി അനേക കർത്തൃദാസന്മാർ ശുശ്രൂഷയിൽ സംബന്ധിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു.

## ജി. തങ്കച്ചൻ



**കരിക്കം:** ബഥേലിൽ ജി.തങ്കച്ചൻ (72) നിത്യതയിൽ ചേർക്കപ്പെട്ടു. സംസ്കാരശുശ്രൂഷ ചർച്ച് ഓഫ് ഗോഡ് കരിക്കം സഭാ സെമിത്തേരിയിൽ കർണ്ണാടകാ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം.കുഞ്ഞപ്പി നിർവഹിച്ചു. ശുശ്രൂഷകൾ സഭാ ശുശ്രൂഷകൻ പാസ്റ്റർ കെ.ജി.ജോണും ഡിസ്ട്രിക് പാസ്റ്റർ ഏബ്രഹാം മാത്യുവും നേതൃത്വം കൊടുത്തു. ഭാര്യ: സാറാമ്മ. മക്കൾ: വിനോദ് (കുവൈറ്റ്), വിനീത. മരുമക്കൾ: ബ്ലസി വിനോദ്, പാസ്റ്റർ ബെൻസ് ഏബ്രഹാം (ചർച്ച് ഓഫ് ഗോഡ്, ഷാർജ). പാസ്റ്റർമാരായ ജോൺസൺ ഡാനിയേൽ, പി.സി. ചെറിയാൻ, ഷിബു കെ.മാത്യു, വൈ ജോസ്, വൈ റെജി, സാംകുട്ടി മാത്യു, സജി ജോർജ്, തോമസ് എം.പുളിവേലിൽ തുടങ്ങി അനേക കർത്തൃദാസന്മാർ ദൈവവചനം ശുശ്രൂഷിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു.

## സി. വി. ജോണി



**മുളക്കുഴ:** ചിറമേൽ സി.വി. ജോണി (76) നിത്യതയിൽ ചേർക്കപ്പെട്ടു. സംസ്കാരശുശ്രൂഷ ചർച്ച് ഓഫ് ഗോഡ് മുളക്കുഴ സഭാ സെമിത്തേരിയിൽ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ സി.സി തോമസ് നടത്തി. ശുശ്രൂഷകൾക്ക് പാസ്റ്റർ കുര്യാക്കോസ് ജേക്കബും, ഡിസ്ട്രിക്ട് പാസ്റ്റർ ബാബുചെറിയാനും നേതൃത്വം കൊടുത്തു. ഭാര്യ അന്നമ്മ ജോണി മക്കൾ എലിസബേത്ത്, സാം ജോൺസൺ, ജോബി ജോൺ. പാസ്റ്റർമാരായ കെ.സി. ജോൺ, പി.ജി.മാത്യൂസ്, ജോൺസൺ ഡാനിയേൽ, ഷിബു കെ.മാത്യു തുടങ്ങി അനേക കർത്തൃദാസന്മാർ ദൈവവചനം ശുശ്രൂഷിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു.

## മറിയാമ്മ വർഗീസ്



**ഡാളസ്സ്:** റാന്നി കണ്ണംപള്ളി മൂശാരിയേത്ത് മറിയാമ്മ വർഗീസ് (കുഞ്ഞുമോൾ 67) നിര്യാതയായി. ഏകമകൾ രേഖയോടൊപ്പം 2006 മുതൽ ടെക്സസ് അലൈനിൽ താമസിച്ചു വരികയായിരുന്നു. നാട്ടിലേക്കുള്ള സന്ദർശന യാത്രയിൽ എറണാകുളത്തുള്ള സഹോദരി ഭവനത്തിൽ വെച്ചായിരുന്നു അന്ത്യം. ഡാളസ്സ് ശാരോൺ ഫെലോഷിപ്പ് സഭാംഗമായിരുന്നു പരേത. മകൾ: രേഖ, മരുമകൻ: റെജി, കൊച്ചുമക്കൾ: റിയ, റിജിൻ. സംസ്ക്കാര ശുശ്രൂഷ റാന്നി കണ്ണംപള്ളി ശാരോൻ ഫെലോ ഷിപ്പ് ചർച്ചിൽ ഒക്ടോബർ 15 ന് സംസ്കാര ശുശ്രൂഷ നടന്നു.

Call us :
9446532838,
9447313709
Mail Us :
ysandhesham@
saintly.com

# പ്രവർത്തനോത്ഘാടനം




പാസ്റ്റർ എം. പി. ജോർജ്ജുകുട്ടി പ്രസംഗിക്കുന്നു

**പെരിന്തൽമണ്ണ്:** ഹോസ്പിറ്റൽ മിനിസ്ട്രിസ് ഇന്ത്യ പെരിന്തൽമണ്ണ് ചാപ്റ്ററിന്റെ പ്രവർത്തനോത്ഘാടനം പെരിന്തൽമണ്ണ് ഐ.പി.സി.വർഷിപ്പ് സെന്ററിൽ 2016 ഒക്ടോബർ 2 ന് HMI ഡയറക്ടർ പാസ്റ്റർ M.P ജോർജ്ജ്കുട്ടി നിർവഹിച്ചു. പാസ്റ്റർ ബിജോയ് കുര്യാക്കോസ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പാസ്റ്റർ ജോയ് പെരുമ്പാവൂർ ദൈവവചനം സംസാരിച്ചു. HMI മലബാർ മേഖല കോഡിനേറ്റർ ബ്രദർ ലോനപ്പൻ തൃശ്ശൂർ ചാരിറ്റി ഉൽഘാടനം ചെയ്ത് 10 പേർക്ക് മെഡിക്കൽ സഹായ വിതരണം നടത്തി മലപ്പുറം ജില്ല പ്രമേഷണൽ സെക്രട്ടറി ഇവാ.സജി റ്റി. വി രക്തധാന യൂണിറ്റിന്റെ ഉത്ഘാടനം നിർവ്വഹിച്ചു. കഴിഞ്ഞ 20-ൽ പരം വർഷം HMI യുടെ പ്രവർത്തനത്തിന് നേതൃത്വം കൊടുത്ത പാസ്റ്റർ പി.പി. ഐസക്ക്, പാസ്റ്റർ രാജൻ, പാസ്റ്റർ ബിജു പി ജോർജ്ജ്, പാസ്റ്റർ പി.സി മാത്യു, പാസ്റ്റർ ഐസക്ക്, പാസ്റ്റർ രാജൻ, പാസ്റ്റർ ബിജു പി ജോർജ്ജ്, പാസ്റ്റർ പി സി മാത്യു, പാസ്റ്റർ എൻ എം മാത്യു, പാസ്റ്റർ ബിജോയ് കുര്യാക്കോസ് എന്നിവർക്ക് പാസ്റ്റർ എം പി ജോർജ്ജ് കുട്ടി memento നല്കി ആദരിച്ചു. പാസ്റ്റർമാരായ ഷൈജൻ, ഷാജി പി തോമസ്, ബിനീഷ് റ്റി. എ, സജി ചാക്കോ, ബ്രദർ തമ്പി മുളയത്ത്, ബ്രദർ ഹാരിസ് എഡ് വേഡ് എന്നിവർ ആശംസകൾ അറിയിച്ചു. കരിസ്മ ബ്ലസ്സിംഗ് ട്യൂണഴ്സ് ഗാന ശുശ്രൂഷയ്ക്ക് നേതൃത്വം വഹിച്ചു, 2016-17 പ്രവർത്തന വർഷത്തിൽ ഒങ്കക പെരിന്തൽമണ്ണ് താലൂക്കിൽ നടത്താൻ പോകുന്ന വിപുലമായ പ്രവർത്തനങ്ങളുടെ പ്രോഗ്രാം ഡയറി പ്രകാശനം ചെയ്തു.

# ചർച്ച് ഓഫ് ഗോഡ് സ്റ്റേറ്റ് കൺവൻഷൻ

(1-ാം പേജ് തുടർച്ച)

വിവിധ കമ്മറ്റികളുടെ കൺവീനേഴ്സായി പാസ്റ്റർ വൈ. ജോസ് (ഫിനാൻസ്), പാസ്റ്റർ ഈപ്പൻ ചെറിയാൻ (കർത്തൃമേശ), പാസ്റ്റർ പി. സി. ചെറിയാൻ (പബ്ലിസിറ്റി), പാസ്റ്റർ റ്റി. എം. മാമ്മച്ചൻ (അക്കോമഡേഷൻ), പാസ്റ്റർ തോമസുകുട്ടി ഏബ്രഹാം (സ്തോത്രകാഴ്ച), പാസ്റ്റർ തോമസ് എം. പുളിവേലിൽ (വോളന്റിയേഴ്സ്), പാസ്റ്റർ ഷിബു കെ. മാത്യു (ലൈറ്റ് & സൗണ്ട്), പാസ്റ്റർ സജി ജോർജ്ജ് (പന്തൽ & സ്റ്റേജ്), പാസ്റ്റർ ജോൺസൻ ദാനിയേൽ (ഗ്രൗണ്ട് അറേഞ്ച്മെന്റ് & സാനിട്ടേഷൻ), പാസ്റ്റർ ബാബു ചെറിയാൻ (ഫുഡ്), പാസ്റ്റർ ഏ.റ്റി. ജോസഫ് (കൗൺസിലിംഗ്), പാസ്റ്റർ വിനോദ് ജേക്കബ് (ട്രാൻസ്ലേഷൻ), പാസ്റ്റർ സജി ഏബ്രഹാം (സ്റ്റാൾ അലോട്ട്മെന്റ്), പാസ്റ്റർ ക്രിസ്റ്റഫർ റ്റി. രാജു (റിസപ്ഷൻ), പാസ്റ്റേഴ്സ് ജി. അലക്സ്, വി. പി. തോമസ് (പ്രെയർ), പാസ്റ്റർ വൈ. റെജി (മ്യൂസിക്), ബ്രദേഴ്സ് ജോസഫ് മറ്റത്തുകാല, അജി കുളങ്ങര (വിജിലൻസ്), ബ്രദർ റ്റി. യോഹന്നാൻ (പബ്ലിക്കേഷൻ), പാസ്റ്റർ റ്റി. എ. ജോർജ്ജ് (ഇൻഫർമേഷൻ), പാസ്റ്റർ പി. പി. കുര്യൻ (പബ്ലിക് റിലേഷൻ), പാസ്റ്റർ ജോസ് ബേബി (നിർദ്ദേശങ്ങൾ & പരാതികൾ), പാസ്റ്റർ കെ. വി. ജേക്കബ് (പാർക്കിംഗ്), പാസ്റ്റർ കെ. റ്റി. വർഗീസ് (സെക്യൂരിറ്റി), പാസ്റ്റർ സാംകുട്ടി മാത്യു (മീഡിയ), പാസ്റ്റർ കെ. എ. ഉമ്മൻ (സ്നാനം), ഡോ.ഐസക്ക് സൈമൺ (മെഡിക്കൽ), പാസ്റ്റർ പി. എ. ജെറാൾഡ് (സീറ്റിംഗ്), പാസ്റ്റർ ജോൺ ജോസഫ്, ബ്രദർ വി. എ. സാബു (ജലവിതരണം), പാസ്റ്റർ കെ. കെ. കോരുത് (ട്രാൻസ്പോർട്ടേഷൻ), സിസ്റ്റർ സുനു തോമസ് (വോളന്റിയേഴ്സ് -(സഹോദരിമാർ), ബ്രദേഴ്സ് ബിനോയി പി. അലക്സ്, അരുൺ കെ. മാത്യു (ഓഫീസ്).

# 21 ദിന ഉപവാസ പ്രാർത്ഥന നടന്നു

**ഗാർലൻഡ്:** മൗണ്ട് സിനായ് ചർച്ച് ഓഫ് ഗോഡ് (റോബിൻ റോഡ്, ഗാർലൻഡ്, ടെക്സ്സ്) ചർച്ചിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 10 മുതൽ 30 വരെ 21 ദിനങ്ങൾ പ്രാർത്ഥനയും, ഉപവാസവും എല്ലാ ദിവസവും രാവിലെ 10 മുതൽ ഉച്ചയ്ക്ക് 1.00 മണി വരെയും വൈകിട്ട് 7.00 മുതൽ 9.00 വരെയും നടന്നു. പാസ്റ്റർ ബി.ഐ. സാമുവേൽ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. സുപ്രസിദ്ധ പ്രസംഗകൻ ഈ മീറ്റിംഗുകളിൽ ദൈവവചന പ്രഘോഷണം നടത്തി.

Every good gift and every perfect gift is from above, coming down from the Father of lights
Since : 1988
GRACE Visual media
Wedding Photography & Video Graphy
www.gracevisualmedia.com

Direction: HEBORN DAVID (sabu)
Grace Visual Media, Shoranur
E-mail: gracevisual@gmail.com
09447255475
09447370979
Wedding Photography & Videography, Outdoor Shooting, Live Convension & Cruside Music Night Etc...., Advertising, Fashion Photography, Cinimatography, Video Album, Direction & Event plus...Tension free events...

നേഴ്സുമാരുടെ ശ്രദ്ധയ്ക്ക്
10 DAYS INTENSIVE CRASH
DHA, HAAD, MOH
DHCA,NCLEX-RN
4 DAYS PROMETRIC
SAUDI, OMAN, QATAR
BLS / ACLS / PALS
BY AMERICAN HEART ASSOCIATION
IELTS / SPOKEN ENGLISH
REGULAR & CRASH COURSES
EXAM COACHING & REGISTRATION
| Hostel Facility | A/c Smart Classes
Career Academy
ENLIGHTEN YOUR FUTURE ™
THIRUVALLA | KOTTAYAM
9947341000
9847341000
100% RESULTS LIMITED SEATS


Visit / Tourist Visas to:
OMAN, UAE, SAUDI
QATAR, BAHRAIN
Tour Packages, Hotel Bookings, Air Tickets...
crystal
Travel & Tourism
Kumbanad, Thiruvalla
Tel : 9447168080, 0469 2668485
Email : crystaltrips@gmail.com

## ഡബ്ലിൻ ഐ ജി എം ചർച്ചിന്റെ യൂത്ത് കോൺഫറൻസ് 'ഫ്ലയർ' നവംബർ 4 നും 5 നും

ഡബ്ലിൻ (അയർലന്റ്): അയർലന്റിലെ പ്രമുഖ പെന്തെക്കോസ്തു സഭയായ ഐജി എം ന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന യൂത്ത് കോൺഫറൻ 'ഫ്ലയർ', നവംബർ 4 നും 5 നും ഡബ്ലിൻ സോളിഡ് റോക്ക് ചർച്ച് ഓഫ് ഗോഡിൽ നടന്നു.

വെള്ളിയാഴ്ച രാവിലെ 9:30 മുതൽ ശനിയാഴ്ച രാത്രി 7:30 വരെ നടന്നു. കോൺഫറൻസിന്റെ തീം 'റീവൈർ യുവർ മൈൻഡ്' എന്നതായിരുന്നു. പ്രമുഖ യുവ ജന പ്രഭാഷകരായ റവ.സാം നായർ, റവ. ക്രിസ്റ്റി ജോൺ എന്നിവർ ക്ലാസുകൾ നയിച്ചു. പാസ്റ്റർ ബിനിൽ,ബൈജു, ഷാരൺ എന്നിവർ ക്രമീകരണങ്ങൾക്കു നേതൃത്വം നൽകി.

അയർലന്റിലും നോർത്തേൺ അയർലന്റിലുമുള്ള വിവിധ സഭകൾ കോൺഫറൻസിൽ പങ്കെടുത്തു.

## ഐ.പി.സി തിരുവല്ല സെന്റർ ഭാരവാഹികൾ


**റവ.ഡോ. കെ.സി. ജോൺ**
*(പ്രസിഡന്റ്)*


**ഇവ. അജു അലക്സ്**
*(സെക്രട്ടറി)*


**ബ്രദർ റോയി ആന്റണി**
*(ട്രഷറർ)*

**തിരുവല്ല:** ഐ.പി.സി തിരുവല്ല സെന്ററിന് പുതിയ ഭരണസമതിയെ തിരഞ്ഞെടുത്തു. 16/10/2016 പാസ്റ്റർ കെ.പി.ജോണിന്റെ അദ്ധ്യക്ഷതയിൽ കൂടിയ ജനറൽ ബോഡിയിൽ പ്രസിഡന്റായി പാ. കെ. സി. ജോണും, പാസ്റ്റർ പി.വി.ഐസക്ക്, പാസ്റ്റർ രാജു പൂവക്കാല (സീനിയർ മിനിസ്റ്റേഴ്സ്) വൈസ് പ്രസിഡന്റായി പാ. ബാബു തലവടിയും സെക്രട്ടറിയായി സുവി. അജു അലക്സും ജോ.സെക്രട്ടറിയായി ജോസഫ് പി. സൈമണും ട്രഷററായി റോയി ആന്റണി എന്നിവരെ എതിരില്ലാതെ തിരഞ്ഞെടുത്തു.

## ശാരോൻ ജനറൽ കൺവൻഷൻ

**(1-ാം പേജ് തുടർച്ച)**

കൾ കൺവൻഷനോടനുബന്ധിച്ചു നടക്കും. ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും വിദേശരാജ്യങ്ങളിൽനിന്നും ശുശ്രൂഷകന്മാരും വിശ്വാസികളും പങ്കെടുക്കും.

കൺവൻഷന്റെ സുഗമമായ നടത്തിപ്പിനായി പാസ്റ്റർമാരായ വർഗീസ് ജോഷ്വാ, കെ. ജോണിക്കുട്ടി (പ്രെയർ), ഏബ്രഹാം മന്ദമരുതി, ജോർജ് മുണ്ടകൻ, സാബു പോൾ, ഷിനു കെ. ജോൺസൺ (പബ്ലിസിറ്റി), ബ്രദേഴ്സ് കെ.ഇ. ജോർജുകുട്ടി, കെ. കെ. തോമസ്, ജയിംസ് ജോൺ, ഡ്യൂ. സി. ജോൺസൻ, റ്റി.സി. മാത്യു (ഫിനാൻസ്), പാസ്റ്റേഴ്സ് ജോൺസൻ കെ. ശമുവേൽ, എം. ജെ. ജോൺ, സാം ഫിലിപ്പ് (ഫുഡ്), ബോസ് എം. കുരുവിള, ബ്രദർ ഏബ്രഹാം ഉമ്മൻ, ബ്രദർ റ്റി.ഒ. പൊടിക്കുഞ്ഞ്, പാസ്റ്റർ ലാലു ഈപ്പൻ (അറേഞ്ച്മെന്റ്സ്), പാസ്റ്റേഴ്സ് ജേക്കബ് ജോർജ് കെ., റ്റി.എം. വർഗീസ് (അക്കൊമഡേഷൻ), കുര്യൻ മാത്യു, മാത്യൂസ് ജോർജ് (വോളന്റിയേഴ്സ്), സോവി മാത്യു, ബിജു ജോസഫ് (മ്യൂസിക്) എന്നിവരടങ്ങുന്ന കമ്മറ്റികൾ പ്രവർത്തിച്ചുവരുന്നു.

യുഗവീക്ഷണം

## ദൈവം പിതാവായിട്ടുള്ളവർ


**സാം. ടി. മൈക്കിൾ ഇളമ്പൽ**

അധികാര ഭരണ, സിരാ കേന്ദ്രങ്ങളിലുള്ളവർ അഴിമതി സ്വജനപക്ഷപാതം തുടങ്ങിയവയ്ക്കടിപ്പെടുന്നത് ഭൂഷണമല്ല. പലപ്പോഴും ഇത്തരം ചെറിയ വാർത്തകൾ പോലും പൊതു സമൂഹത്തെ ലഘുവായൊന്നുമല്ല അലോസരപ്പെടുത്തുന്നത്. കഴിഞ്ഞ ദിനങ്ങളിൽ കേരളക്കരയാകെ ചർച്ച ചെയ്യപ്പെടുകയും, തന്മൂലം ഒരു മന്ത്രി രാജിവച്ചൊഴിയേണ്ട സാഹചര്യം പോലുമുണ്ടായത് മേൽപ്പറഞ്ഞ രീതിയിലെ ഒരു സ്വജന പക്ഷപാതത്തിന്റെ പേരിലായിരുന്നു.

സ്വന്തം കുടുംബത്തിലെ വേണ്ടിപ്പെട്ടവരെ താക്കോൽ സ്ഥാനങ്ങളിൽ നിയമിച്ച "ചിറ്റപ്പൻ എന്ന്" സമൂഹമാദ്ധ്യമങ്ങളിൽ വിമർശനമുയർന്നു. തങ്ങളുടെ "ചിറ്റപ്പന്മാർ" മന്ത്രിയുണ്ടെങ്കിൽ ആർക്കും ഉന്നത സ്ഥാനങ്ങളിലെത്തിപ്പറ്റാം എന്ന ധ്വനി മുഴങ്ങുന്ന വിമർശനങ്ങൾ മാധ്യമങ്ങളിൽ പേമാരിയായി പെയ്തിറങ്ങി. ഏതായാലും ധാർമ്മികത ഉയർത്തിപ്പിടിച്ച് രാജി വച്ചൊഴിഞ്ഞതിനാൽ തൽക്കാലം വിവാദങ്ങൾക്ക് വിരാമവുമായി.

എന്നാൽ ചിറ്റപ്പൻ നയമാണ് ഒരാൾക്ക് മന്ത്രിസ്ഥാനം നഷ്ടപ്പെട്ടതെങ്കിൽ മറ്റൊരു നിയമസഭാംഗം പുലിവാൽ പിടിച്ചത് തനിക്ക് മന്ത്രിസ്ഥാനം ലഭിയ്ക്കാനിടയാകത്തതിനെ തുടർന്ന് നടത്തിയ ''ഗോഡ് ഫാദർ" പ്രയോഗമായിരുന്നു. തനിയ്ക്ക് തന്റെ രാഷ്ട്രീയത്തിൽ "ഗോഡ് ഫാദർ"മാരില്ലാതെ പോയതിനാലാണ് മന്ത്രിസ്ഥാനത്തേയേക്ക് പരിഗണന ലഭിയ്ക്കാതിരുന്നതെന്ന പ്രസ്താവന ഏറെ വിവാദങ്ങൾക്കാണ് വഴിവച്ചത്. ആ നിയമസഭാംഗത്തെ പാർട്ടി തരം താഴ്ത്തിയതിൽ വരെയെത്തി കാര്യങ്ങൾ.

മേൽപ്പറഞ്ഞ രണ്ട് കാര്യങ്ങൾ ചില വസ്തുതകൾ ചൂണ്ടിക്കാണിയ്ക്കനാണ് കുറിച്ചത്. യോഗ്യരാവയർ പുറത്ത് നിൽക്കുമ്പോൾ, സ്വാധീനവും, ബന്ധങ്ങളും ഉപയോഗിച്ച് പലരും താക്കോൽ സ്ഥാനങ്ങളിലെത്തുന്നത് എവിടെയും ഭൂഷണമല്ല. ആത്മീയലോകത്തും സ്ഥിതി വിഭിന്നമല്ല, അധികാരസ്ഥാനത്തിരിക്കുന്നവർ, തങ്ങൾക്ക് വേണ്ടപ്പെട്ടവരെ വിവിധ ബോർഡുകളിലും, സമിതികളിലും തിരികി കയറ്റിയിരുത്തുന്നത് ഒരിയ്ക്കലും ന്യായികരിയ്ക്കാവുന്ന കാര്യമല്ല. അനുഭവ സമ്പത്തും, യോഗ്യതകളും, സമർപ്പണവുമുള്ളവരെ മുഖപക്ഷം നോക്കാതെ ഉയർത്തികൊണ്ടുവരാൻ നേതൃത്വത്തിന് കഴിയേണ്ടതാണ്.

ഇനി ചില ആത്മീയ യാഥാർത്ഥ്യങ്ങൾ കൂടി കുറിയ്ക്കട്ടെ. ദൈവം പിതാവായിട്ടുള്ളവർക്ക് (GOD Father) ജീവിതത്തിൽ ഒരിടത്തും തലകുനിയ്ക്കേണ്ടിവരില്ല. ഒരു വ്യക്തിയെ ദൈവം തിരഞ്ഞെടുത്താൽ ആരൊക്കെ എതിർത്താലും തന്റെ സമയത്ത് എത്തിക്കേണ്ടയിടത്ത് എത്തിക്കുക തന്നെ ചെയ്യും. ദാവീദിനെ ദൈവം രാജാവായി ഉയർത്തിയത് എത്ര "അത്ഭുതകരമായ" സംഭവമായിരുന്നു. ദാവീദിന്റെ "ചിറ്റപ്പന്മാരാണോ" ആരും തന്നെ, തന്നെ പരിഗണിക്കാൻ ഒരിടത്തും ഉണ്ടായിരുന്നില്ല. പിതാവായ ദൈവം തന്നെ, വനത്തിന് നടുവിൽ നിന്ന് ജനത്തിന്റെ മദ്ധ്യത്തിലെത്തിച്ച് രാജാവായി അഭിഷേകം ചെയ്തത് ആരേയും അത്ഭുതപ്പെടുത്തും.

ജീവിത യാത്രയിൽ ഒരു ദൈവപൈതൽ മറക്കേണ്ടതില്ലാത്ത ഒരു കാര്യമുണ്ട് ലോകത്തിൽ ആരും ഒന്നും പരിഗണിയ്ക്കാനില്ലെങ്കിലും, ദൈവം കൂടെയുണ്ടെങ്കിൽ എത്തേണ്ടിടത്ത് എത്തിച്ച് മാനിയ്ക്കുമെന്നതിന് രണ്ട് പക്ഷമില്ല.


ലക്ഷങ്ങൾ ചിലവഴിക്കുന്നതിനുമുമ്പ് ഒരു നിമിഷം!

സർജറി ഒഴിവാക്കാം പാർശ്വഫലങ്ങളില്ലാത്ത ആയുർവേദ ചികിത്സയ്ക്ക്

നവജ്യോതി

ആയുർവേദ ഹോസ്പിറ്റൽ

വിശ്വാസികളാൽ നടത്തപ്പെടുന്ന സ്ഥാപനം

ഹാർട്ട് അറ്റാക്കിന് ഒറ്റമൂലിയുമായി ബിനോയ് വൈദ്യർ തിരുവല്ലയിൽ





**എന്റെ പേര് അശോകൻ**

കണ്ണൂർ ജില്ലയിൽ കൂത്ത്പറമ്പ് എന്ന പ്രദേശത്താണ് ഞാൻ താമസിക്കുന്നത്

എനിക്ക് 2015 മാർച്ച് 20-ാം തീയതി എന്റെ ജീവിതത്തിൽ മറക്കാൻ പറ്റാത്ത ഒരു സംഭവമുണ്ടായി. അന്നാദ്യമായി എനിക്ക് ശ്വാസംമുട്ടൽ അനുഭവപ്പെട്ടു. ഞാൻ ഒരു ഡോക്ടറെ സമീപിച്ചു. അദ്ദേഹം ഇ.സി.ജി. എടുത്തു. പക്ഷെ എനിക്ക് കാര്യമായി തകരാറൊന്നും ഇല്ലെന്ന് പറഞ്ഞു. 3 ദിവസത്തെ മരുന്ന് തന്നു. പക്ഷെ മൂന്ന് ദിവസം കഴിഞ്ഞിട്ടും എനിക്ക് യാതൊരു വ്യത്യാസവും തോന്നിയില്ല. പിന്നീട് എന്റെ ഒരു സ്നേഹിതന്റെ അഭിപ്രായപ്രകാരം ഞാൻ ഒരു വിദഗ്ദ്ധ കാർഡിയോളജിസ്റ്റിനെ സമീപിച്ചു. അദ്ദേഹം വീണ്ടും എന്റെ ഇ.സി.ജി. എടുത്തു. അദ്ദേഹം എന്റെ ഇ.സി.ജി പരിശോധിച്ച ശേഷം ഉടനെ എന്നെ ഐ.സി.യു വിലേക്ക് മാറ്റുകയാണ് ചെയ്തത്. എനിക്ക് ഹാർട്ട് അറ്റാക്ക് ആണ് വന്നത് എന്ന് അദ്ദേഹമാണ് എന്നോട് പറഞ്ഞത്. ശരിക്കും അപ്പോഴാണ് എനിക്ക് അസുഖത്തിന്റെ ഗൗരവം മനസ്സിലായത്.

ഒരു ദിവസം മുഴുവൻ ഐ.സി.യു വിൽ കഴിഞ്ഞതിന് ശേഷം എന്നെ പരിയാരം മെഡിക്കൽ കോളേജിലേക്ക് മാറ്റുകയും അവിടെ വച്ച് ആൻജിയോഗ്രാം ചെയ്യുകയും അതിൽ എനിക്ക് രണ്ട് ബ്ലോക്കുകൾ കണ്ടെത്തുകയും ചെയ്തു. എനിക്ക് ആൻജിയോപ്ലാസ്റ്റി ചെയ്യണമെന്ന് നിർദ്ദേശിക്കുകയും എന്നെ അതിന് തയ്യാറാക്കുകയും ചെയ്തു.

ഇതിനിടയിൽ വിദേശത്തുള്ള എന്റെ അനുജൻ എന്നെ വിളിക്കുകയും ഓപ്പറേഷൻ ചെയ്യേണ്ട എന്ന് നിർദ്ദേശിക്കുകയും ചെയ്ത് അവനാണ് എന്നോട് പയ്യന്നൂരിലെ ബിനോയ് വൈദ്യരെ കാണാൻ ഉപദേശിച്ചത്. അതിനായി ഞാൻ പരിയാരത്തു നിന്നും ഡിസ്ചാർജ് വാങ്ങി. പിറ്റേ ദിവസം തന്നെ വൈദ്യരെ കാണാൻ പോയി. പലരും എന്നെ പിൻതിരിപ്പിച്ചു. പക്ഷെ വൈദ്യരെ കണ്ടപ്പോൾ അദ്ദേഹവുമായി സംസാരിച്ചപ്പോൾ എനിക്ക് നല്ല ആത്മവിശ്വാസമുണ്ടായി. മാത്രമല്ല, എനിക്ക് ആയുർവേദത്തിൽ നല്ല വിശ്വാസവുമുണ്ടായിരുന്നു.

രണ്ട് ദിവസം കഴിഞ്ഞു. ഞാൻ വൈദ്യരുടെ ചികിത്സ തുടങ്ങി. രണ്ട് ദിവസം അവിടെ താമസിച്ചു. അതിന് ശേഷം അദ്ദേഹം മരുന്ന് തരുകയും ചെയ്തു. അങ്ങനെ ആറ് മാസത്തെ ചികിത്സ കൊണ്ട് എനിക്ക് പൂർണ്ണസുഖം കിട്ടുകയും ചെയ്തു. അദ്ദേഹത്തിന്റെ ഉപദേശപ്രകാരം ആഹാരത്തിലും മറ്റു കാര്യങ്ങളിലും കടുത്ത നിഷ്കർഷത പാലിച്ചാണ് ജീവിച്ചത്. ഇന്നും ഞാനത് തുടരുന്നു.

ആറ് മാസത്തിനു ശേഷം ഞാൻ മംഗലാപുരം ഹെഡ്ഗേ ഹോസ്പിറ്റലിൽ പോയി പരിശോധിച്ചു. അവിടെ വച്ചാണ് ഡോക്ടർ എന്നോട് എനിക്ക് ഇപ്പോൾ യാതൊരു കുഴപ്പവുമില്ലെന്ന് പറഞ്ഞത്. പിന്നീട് ആറ് മാസം കഴിഞ്ഞു. വീണ്ടും അവിടെ പോയി പരിശോധിച്ചു. ഒരു കുഴപ്പവുമില്ലെന്ന് ഉറപ്പു വരുത്തി.

ഇപ്പോൾ ഞാൻ പൂർണ്ണ ആരോഗ്യവാനാണ്. പൂർണ്ണതൃപ്തനുമാണ്. മാത്രമല്ല, ഇപ്പോൾ ഞാൻ മരുന്നും കഴിക്കുന്നില്ല, തീർത്തും സാധാരണ ജീവിതമാണ് ഞാൻ തുടരുന്നത്. അന്ന് ആൻജിയോപ്ലാസ്റ്റി ചെയ്യാത്തതിൽ ഞാനിന്ന് സന്തോഷിക്കുന്നു.

എന്നെ ഇന്ന് പരിപൂർണ്ണആരോഗ്യവാനാക്കിയതിനും സാധാരണ നിലയിലാക്കിത്തന്നതിനും ബിനോയ് വൈദ്യരോടാണ് ഞാൻ കടപ്പെട്ടിരിക്കുന്നത്. അതിന് അദ്ദേഹത്തിന് ഒരായിരം നന്ദി.

എന്ന്
സി.വി.അശോകൻ, കൂത്തുപറമ്പ്, കണ്ണൂർ, Mob: 9744543067

**ഹോസ്പിറ്റലിലേക്ക് വിളിക്കേണ്ട നമ്പറുകൾ:**
**09496214000, 09048712570**
**H.O. Payyannoor- Kannur, Br. Thiruvalla**
അമേരിക്കയിൽ ബന്ധപ്പെടേണ്ടുന്ന നമ്പർ :
5168001394

അവകാശവാദങ്ങളില്ല. അനുഭവങ്ങൾ മാത്രം. ഇതിനോടകം അനേകം ദൈവദാസൻമാരും ദൈവമക്കളും നവജ്യോതി സന്ദർശിച്ച് സൗഖ്യം നേടികഴിഞ്ഞു.

**നവജ്യോതി ആയുർവേദ ആശുപത്രി, തിരുവല്ല**

Yuganthyasandhesham
Near Railway Station, Thiruvalla - 1
Ph : 0469-2602838, 9446532838
E-mail : ysandhesham@saintly.com
Published from Thiruvalla on 05-11-2016

2016 NOVEMBER
YUGANTHYA SANDHESHAM

REGISTERD
RNI Reg. No.KERMAL / 2007 / 21096
POSTAL Reg. No. KL / TLA / 215 / 2016-18
POSTED AT RMS THIRUVALLA ON 05-11-2016
LICENCED TO POST WITHOUT PREPAYMENT
LICENCE NO. KL / TLA / WPP/205/2016-18

*"........... Let us exalt his name together."*

# REVIVAL GOSPEL MEETINGS

**From 25th, 26th, 27th November 2016 (Friday to Sunday)**

**Venue : St. Francis Church (CNI), Anand Gram, Tahirpur, (Near Dilshad Garden) Delhi**
**Time: 6.00 pm to 9.30 pm**

## BIBLE STUDY

26th November (Saturday)
10.00 am to 1.00 pm
at St. Francis Church


Pastor C.M. Joy


Pastor P. Daniel

Sick person will be prayed for

ADMISSION FREE

Preacher :
**REV. M. KUNJAPPY**
Oversear, Karnataka State
(Church of God Full Gospel in India)



***All are cordially invited***

*Gospel Melodies*
*Lead by : Pr. Abin Jacob & Team, Delhi*

For further information, please contact :
Logos Evangelical Team, Shahdara Bible Church , 274,
Double Storey Flats, Kabul Nagar, Shahdara, Delhi-32
Pastor C.M. Joy : 9910994576, 011-22329413, Pastor P. Daniel : 9818410713, 011-22327217



KERALA GOVT. APPROVED "GOLD HOUSE" HOME STAY

- Fully Furnished house with fullfiledged kitchen.
- Bath Attached A/C rooms & Roof top garden.
- Suitable for any purpose.
- Laundry / Cleaning / Helpers on demand.

**MANKULANGARA HOMESTAY**
Thiruvalla. Tel: 0469 2604394 Mob: 9447766394, 9446312292



**MANKULANGARA Homestay**

Tel: 0469 2604394
Mob: 9447766394
9446312292

Mankulangara Bldgs., (Behind ICICI Bank),
Ramanchira, Thiruvalla.
www.mankulangarahomestay.com

We invite you to come worship with us!






Spirit-Filled Worship
Healing for the Sick | Prayer & Counseling | Powerful Teaching
Convenient Location

**Service Times**

Sunday Morning: 10:15AM
Wednesday Bible Study: 7PM
Saturday Evening: 7PM

Agape Church
Passion for People

2635 North Belt Line Road
Sunnyvale, TX 75182
972-325-8633
www.agapepeople.org
pastor@agapepeople.org

Printed, published and owned by Smitha Shibu, Kurayil Plavila Ebenezer Cottage, Near Railway Station, Thiruvalla, Pathanamthitta (Dist.), Kerala - 689 101. Printed at Carmel Offset Press, Kaviyoor P.O., Thiruvalla, Pathanamthitta (Dist.), Kerala. Published at Kurayil Plavila Ebnezer Cottage, Near Railway Station, Thiruvalla, Pathanamthitta (Dist.), Kerala. Editor : Shibu K. Mathew.